REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം ചിത്രവാരിക

12th Meenam 1110. 25th March 1935.



മെഴുകുപ്രതിമകൾ — ലോകപ്രസിദ്ധങ്ങളായ ശിരസ്സുകൾ.

U. P. S.

VOL. VII. NO. 29

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | ക. | ണ. | സ. |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആറുകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുക്രുടിയതു ) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയൻറ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദൻെറ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരീക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുക്രുടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയൻറു്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയൻറു് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജുഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൭ | ൧൧൧൦ മീനം ൧൨-ാംനു- തിങ്കളാഴ്ച. | ലക്കം ൨൯.

## ചില ശബരിമല ചിത്രങ്ങൾ.



മുകളിൽ 1. എരുമേലിയാത്രതുടങ്ങുന്ന സ്ഥലം.

2. പമ്പാനദി.

അടിയിൽ 1. ഒരു "പാലം" കടക്കുന്നതു്.

2. ശബരിമലക്ഷേത്രവും പതിനെട്ടാംപടിയും.

Photos by A. Devraj.

# തിരുവിതാംകൂറും പൂഞ്ഞാർരാജവംശവും.

പി. കെ. കേശവപിള്ള.

വഞ്ചിരാജകുടുംബത്തിലെ അംഗങ്ങളായ പെൺതമ്പുരാക്കന്മാരെ കോയിത്തമ്പുരാക്കന്മാർ വിവാഹംചെയ്യുക എന്ന പതിവിൽനിന്നുണ്ടായ ആദ്യത്തെ വ്യതിചലനം ശ്രീ കാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടി തിരുമനസ്സിലെ പള്ളിക്കെട്ടാണല്ലോ. പൂഞ്ഞാർരാജകുടുംബം ഒരു വിവാഹത്താൽ വഞ്ചിരാജകുടുംബത്തോടു ബന്ധപ്പെടുന്നതിനു ഇടയായതു് ഇങ്ങനെ ഇദംപ്രഥമമായിട്ടാണെങ്കിലും,പുരാതനകാലംമുതല്ക്കുതന്നെ ഈ രാജവംശങ്ങൾതമ്മിൽ രാഷ്ട്രീയമായ പല ബന്ധങ്ങളും ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽനിന്നു കാണ്മാൻ കഴിയും.

മധുര തലസ്ഥാനമാക്കിയും ദക്ഷിണഇൻഡ്യയുടെ ഒരു വലിയഭാഗം കീഴടക്കിയും സുദീർഘകാലം ഭരണംനടത്തിക്കൊണ്ടിരുന്ന വിശ്വവിശ്രുതമായ പാണ്ഡ്യരാജകുടുംബത്തിന്റെ ഒരു ശാഖയാണു് പൂഞ്ഞാർ രാജകുടുംബമെന്നുപറയുമ്പോൾതന്നെ തിരുവിതാംകൂറും പൂഞ്ഞാർരാജകുടുംബവുമായുള്ള ബന്ധം എന്താണെന്നു ചരിത്രപഠിതാക്കൾക്കു സുവ്യക്തമാകുന്നതാണു്. ദക്ഷിണതിരുവിതാംകൂർ വളരെ വർഷങ്ങളോളം പാണ്ഡ്യരാജാക്കന്മാർക്കു അധീനപ്പെട്ടിരുന്നു. തിരുവിതാംകൂർരാജാക്കന്മാർ പാണ്ഡ്യരാജാക്കന്മാർക്കു ചില കാലഘട്ടങ്ങളിൽ കീഴ്പ്പെട്ടു കപ്പം നൾകിയിരുന്നതായും, ഒരു വേണാട്ടുരാജാവിനെ മധുര, തിരുനൽവേലി, എന്നീ പാണ്ഡ്യരാജ്യവിഭാഗങ്ങളിലെ സൈനികവൃത്തലകൾ ഏൾപ്പിച്ചിരുന്നതായും കാണുന്നുണ്ടു്. എന്നാൽ തരംകിട്ടുമ്പോഴെല്ലാം, പാണ്ഡ്യരാജാക്കന്മാരുടെ മേൽക്കോയ്മയെ വലിച്ചെറിഞ്ഞു സ്വതന്ത്രരാകുവാൻ അഭിമാനശാലികളായ തിരുവിതാംകൂർ രാജാക്കന്മാർ ഉദ്യമിക്കാതിരുന്നിട്ടില്ല. ദക്ഷിണതിരുവിതാംകൂറും, സഹ്യപർവതപംക്തികൾക്കപ്പുറമുള്ള പല പ്രദേശങ്ങളും തിരിച്ചെടുക്കുന്നതിനായി തിരുവിതാംകൂർ രാജാക്കന്മാർ പലപ്പോഴും പാണ്ഡ്യസേനയുമായി യുദ്ധം നടത്തുകയും ചിലപ്പോൾ പരാജയവും മററു ചിലപ്പോൾ ജയവും ലഭിക്കുകയും ചെയ്തിരുന്നതായി കാണ്മാൻകഴിയും.

ചോളരാജാക്കന്മാർ ദക്ഷിണഇൻഡ്യയിൽ പ്രബലന്മാരായി തീർന്നതോടുകൂടി (എ. ഡി 11-ാം നൂററാണ്ടോടുകൂടി) പാണ്ഡ്യരാജാക്കന്മാരുടെശക്തി ക്ഷയോന്മുഖമായിത്തീർന്നു എ. ഡി. 1064-മുതൽ 1113 വരെ രാജ്യംഭരിച്ച കുലോത്തുംഗചോളന്റെ കാലത്താണു് ചോളവംശശക്തിദക്ഷിണഇൻഡ്യയിൽ അജയ്യവും നിസ്തുലവുമായിത്തീർന്നതു്. അതിനു സമീപിച്ചുതന്നെ (എ. ഡി. 1170-ൽ) പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനനഗരമായ മധുര, ചോളരാജാവിനു അധീനമാകുകയും, അന്നുമുതൽ ആ നഗരം ചോളരാജാക്കന്മാരുടെ രാജ്യസീമയ്ക്കുള്ളിൽ ലയിക്കുകയും ചെയ്തു.

പാണ്ഡ്യരാജകുടുംബത്തിലെ ഒരു ശാഖക്കാർ അക്കാലത്താണു് തിരുവിതാംകൂറിൽ കുടിയേറിപ്പാർത്തതു്. അന്നു ഈ രാജ്യം വാണിരുന്നതു് ശ്രീവീര ഉദയമാർത്താണ്ഡനായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തു് പാണ്ഡ്യരാജാവായിരുന്ന ശ്രീവല്ലഭൻ തിരുവിതാംകൂറിന്റെ ഉത്തരഭാഗംമുഴുവൻ അടക്കിഭരിച്ചുകൊണ്ടിരുന്നതായി കാണുന്നുണ്ടു്. ആ സ്ഥിതിക്കു മി. ശംകുണ്ണിമേനവൻ, തന്റെ തിരുവിതാംകൂർ ചരിത്രത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ "പന്തളം, പൂഞ്ഞാർ എന്നീ രാജകുടുംബക്കാർക്കു വിസ്തീർണ്ണമേറിയ പ്രദേശങ്ങൾ സൗജന്യമായി നൾകുവാൻതക്ക ശക്തി തിരുവിതാംകൂർ രാജാവിനുണ്ടായിരുന്നില്ല" എന്നു പ്രസ്താവിക്കുന്നതിൽ അബദ്ധമില്ലെന്നു വിചാരിക്കുന്നു.

പന്തളം രാജകുടുംബം, എ. ഡി-904 ൽ തിരുവിതാംകൂറിൽ കുടിയേറിപ്പാർത്തു എങ്കിലും, അവർക്കു സ്വാതന്ത്ര്യമായി അനുഭവിച്ചുകൊള്ളുന്നതിനു ഏതാനുംപ്രദേശം തിരുവിതാംകൂർരാജാവു അനുവദിച്ചുകൊടുത്തതു് 1170-ൽ ആയിരുന്നു ആ കാലത്തോടടുത്തുതന്നെയാണു് പൂഞ്ഞാർരാജകുടുംബത്തിനും ഏതാനും ദേശവഴികൾ സൗജന്യമായി വിട്ടുകൊടുത്തതു്.

മലയിടുക്കുവഴിയായി തിരുവിതാംകൂറിൽ പ്രവേശിച്ച പാണ്ഡ്യരാജവംശക്കാർ (പൂഞ്ഞാർ രാജകുടുംബക്കാർ) ഏറെക്കാലം ഹൈറേഞ്ചിൽപെട്ട അഞ്ചുനാട്ടിൽ താമസിച്ചിരുന്നതായി കാണുന്നുണ്ടു്. അന്നുപണിയിച്ച കൊട്ടാരങ്ങളുടെ അവശിഷ്ടങ്ങളും സ്നാനതടാകങ്ങളും ഇന്നും അഞ്ചുനാട്ടിൽകാണപ്പെടുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവനീയമത്രെ. അഞ്ചുനാട്ടിൽ ഈ കുടുംബക്കാർ എത്രകാലം താമസിച്ചുഎന്നോ, അവിടംവിടുവാൻ കാരണമെന്തെന്നോ, ഏതുകാലത്താണു് മീനച്ചിലാററിൻകരെയുള്ള പൂഞ്ഞാർ എന്ന മലംപ്രദേശത്തേക്കു അവർ താമസം മാററിയതു എന്നോ ചരിത്രരേഖകളാൽ നിർണ്ണയിക്കുവാൻ തരമില്ലാതെയാണിരിക്കുന്നതു്.

പൂഞ്ഞാർ രാജകുടുംബക്കാർ അഞ്ചുനാട്ടിൽ പാർത്തിരുന്ന കാലം ആ പ്രദേശവും, അതിനു തൊട്ടുള്ള പ്രദേശങ്ങളും, ശ്രീവല്ലഭപാണ്ഡ്യനു് കീഴ്പ്പെട്ടിരുന്നതായിട്ടത്രെ ചരിത്രം ഘോഷിക്കുന്നതു്. ആ സ്ഥിതിക്കു് ശ്രീവല്ലഭന്റെ ഉപദ്രവം നിമിത്തമൊ, ആ പ്രദേശം സംബന്ധിച്ചു് പിന്നീടു് തിരുവിതാംകൂർരാജാവും, ശ്രീവല്ലഭനുശേഷം രാജ്യഭാരമേററ ഏതോ പാണ്ഡ്യരാജാവും തമ്മിലുണ്ടായ മത്സരംനിമിത്തമൊ ആയിരിക്കണം, അഞ്ചുനാടുവിട്ടു പൂഞ്ഞാർരാജകുടുംബക്കാർ പൂഞ്ഞാർ എന്ന സ്ഥലത്തേക്കു താമസംമാററിയതു്. ശ്രീവീരഉദയമാർത്താണ്ഡൻ പൂഞ്ഞാർകുടുംബക്കാർക്കു വിട്ടുകൊടുത്ത രാജ്യത്തിന്റെ അതിർത്തി നിശ്ചയിക്കുന്നതിനു ഉതകത്തക്ക രേഖകൾ ഒന്നും ഇപ്പോഴില്ല. എങ്കിലും അടുത്തകാലംവരെയും ഹൈറേഞ്ചിന്റെ ഒരു വലിയ വിഭാഗം പൂഞ്ഞാർകുടുംബത്തിനു അധീനമായിരുന്നു എന്നും ആ സ്ഥലങ്ങളിൽനിന്നു രാജഭോഗം ഈടാക്കിവന്നിരുന്നു എന്നും ഉള്ളതിനു നിരാക്ഷേപമായ തെളിവുകൾ ഉണ്ടു്. ഇപ്പോൾ കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനിയുടെ അധീനത്തിലിരിക്കുന്ന സ്ഥലങ്ങൾ (കണ്ണൻദേവൻമലകൾ) പ്രസ്തുത കമ്പനിക്കു ലഭിച്ചതു് പൂഞ്ഞാർരാജാവിൽനിന്നാണെന്ന വസ്തുത സുവിദിതമാണല്ലൊ. ഈ ഭൂമിദാനം തിരുവിതാംകൂറിനു ആപൽക്കരമാണെന്നു മനസ്സിലാക്കി വി. പി. മാധവറാവു ദിവാനായിരുന്ന കാലത്തു് അദ്ദേഹം കണ്ണൻദേവൻ കമ്പനിക്കാരുമായി ഇടപെടുകയും, നയോപായങ്ങളാൽ കണ്ണൻദേവൻമലകളെ സംബന്ധിച്ചുള്ള രാജഭോഗാവകാശം തിരുവിതാംകൂറിനാണെന്നു വരുത്തിവയ്ക്കുകയും ചെയ്തു. ഇത്രയും ലഭിക്കുന്നതിനു് 999 വർഷത്തേക്കു പ്രസ്തുത മലംപ്രദേശങ്ങൾ കമ്പനിക്കാർക്കു വിട്ടുകൊടുക്കുവാൻ ഗവൺമെന്റു നിർബ്ബന്ധിതമായി എന്നുപറഞ്ഞാൽ മതിയല്ലൊ.

അയൽരാജ്യങ്ങളെ ഓരോ കാരണത്താൽ പിടിച്ചടക്കി രാജ്യവിസ്തീർണ്ണം വർദ്ധിപ്പിച്ച മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലംവരെ പൂഞ്ഞാർരാജാക്കന്മാർ സർവ്വതന്ത്രസ്വതന്ത്രരായ ഭരണാധികാരികളായിട്ടത്രെ കഴിഞ്ഞുകൂടിയിരുന്നതു്. വടക്കുംകൂർ, തെക്കുംകൂർ എന്നീ രാജാക്കന്മാരോടും, അവരുടെ മേൽക്കോയ്മ വഹിച്ചിരുന്ന കൊച്ചിരാജാവിനോടും, പൂഞ്ഞാർരാജാവിനു പല രാഷ്ട്രീയബന്ധങ്ങളും ഉണ്ടായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിനോടു യുദ്ധംചെയ്യുന്നതിനു വേണ്ട സഹായങ്ങൾ നൽകണമെന്നു തെക്കുംകൂർരാജാവും, പാലിയത്തച്ഛൻമുഖേന കൊച്ചിരാജാവും പൂഞ്ഞാർരാജാവിനോടു അപേക്ഷിക്കുകയുണ്ടായി ഇക്കാലത്തു തിരുവിതാംകൂറിൽനിന്നു മിക്കവാറും പൂർണ്ണമായി സ്വതന്ത്രനായും കൊച്ചിരാജാവിന്റെ ഒരു മിത്രമായും ആണു് പൂഞ്ഞാർ രാജാവു വർത്തിച്ചിരുന്നതെങ്കിലും, ബുദ്ധിമാനായ ആ രാജാവു് കൊച്ചിയുടെ പ്രലോഭനത്തിനു വശംവദനായില്ല. തെക്കുംകൂറുമായുള്ള യുദ്ധത്തിൽ പൂഞ്ഞാർരാജാവു തിരുവിതാംകൂർരാജാവിനു കഴിവുള്ള സഹായങ്ങൾ ചെയ്തുകൊടുത്തു. എന്നുതന്നെയല്ല; ബുദ്ധിമാനായ ആ രാജാവു, ബലാബലപരീക്ഷണത്തിനൊരുങ്ങാതെ മാർത്താണ്ഡവർമ്മമഹാരാജാവിനു സ്വയം കീഴടങ്ങുകയും അങ്ങനെ ഒരു സാമന്തനില സ്വീകരിക്കുകയും ചെയ്തു.

യുദ്ധത്തിൽ തെക്കുംകൂറിനെതിരായി പൂഞ്ഞാർ തിരുവിതാംകൂർ മഹാരാജാവിനെ സഹായിച്ചുവെങ്കിലും, തെക്കുംകൂർരാജാവു പരാജിതനായിത്തീർന്നപ്പോൾ ക്ഷത്രിയോ

# യൂജനിക്സിന്റെ യുക്തികൾ.

(കെ. രാമകൃഷ്ണൻനായർ ബി. ഏ.)

പ്രേമമാണ് വിവാഹബന്ധത്തിന്റെ ഉത്തമവും ഉൽകൃഷ്ടവുമായ അടിസ്ഥാനമെന്ന് ആധുനികയുവാക്കന്മാരുടെയിടയിൽ ഒരു വിചാരം നിലനിൽക്കുന്നുണ്ട്. ആ വിധത്തിലുള്ള വിചാരങ്ങൾ സ്വപ്നമണ്ഡലത്തിന്റെ ആനന്ദശൃംഗങ്ങളിലേക്ക് അവരെ നയിക്കുമെങ്കിലും വിവാഹബന്ധത്തിന്റെ ബന്ധനത്തിൽ അതിമോഹങ്ങളൊക്കെ അസ്തമിക്കുന്നതായി കാണാം. എങ്കിലും അവരെ നിരാശയും നിർഭരതയും വരിക്കുന്നതിനു മുമ്പു പൂർവ്വസ്മരണകൾ അനുഗ്രഹമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ഈ വിചാരഗതി വിവാഹത്തിന്റെ സുഖസംതൃപ്തിയെ ബാധിക്കുന്നതാണ്. ഇതുകൂടാതെ അതിന്റെ ആവശ്യത്തേയും പ്രയോജനത്തേയും തൃപ്തിപ്പെടുത്തുന്നതിനുള്ള വേറെചില ചുമതലകൾ ഗണ്യമായിട്ടുണ്ട്.

ഇപ്പോൾ ദമ്പതികൾക്കു പുത്രോല്പാദനത്തെ കഴിയുന്നതു കുറച്ചാൽകൊള്ളാമെന്നാണു മോഹം. എന്നാൽ താല്ക്കാലികമായ മററു പ്രേരണകളെ അപേക്ഷിച്ച് വിവാഹത്തിന്റെ പരമമായ അത്ഥം അതാണുതാനും. മൃഗങ്ങളിൽ മാത്രമേ, അവയ്ക്കു സാമുദായികജീവിതത്തിന്റെ ആവശ്യവും ചുമതലകളും ഇല്ലാത്തതുകൊണ്ട്, ഈ വിഷയത്തിൽ ഏതാണ്ടുപോലുള്ള വിസമ്മതം പ്രത്യക്ഷപ്പെടാതിരിക്കുന്നുള്ളു. വിവാഹത്തിന്റെ ഈ നിഷ്ഠയേ ഒഴിച്ച് മററുള്ള ചേഷ്ടകളെല്ലാംകൂടിയാൽ കുടുംബത്തിന്റെ പരിധിവരെ മാത്രമേ എത്തുകയുള്ളൂ. അനിയന്ത്രിതമായ പ്രേരണകൾമൂലം ഒരു കുട്ടി സംജാതമായിക്കഴിഞ്ഞാൽ, ഇന്നത്തെ ജീവിതരീതിയനുസരിച്ച് സമുദായം അതിന്റെ കത്താക്കളിൽ പല പരീക്ഷണങ്ങളും ചില ചുമതലകളും ആരോപിക്കുന്നുണ്ട്. പിൻതിരിഞ്ഞോടാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടം ജീവിതത്തിൽ ഇതുമാത്രമെയുള്ളു എന്നു തോന്നുന്നു. പുത്രോല്പാദനം രണ്ടു വ്യക്തികളെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. സമുദായത്തിന്റേയും ജീവന്റേയും തുടർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും ആവശ്യമായ ഒരു നിഷ്കൃഷ്ടിയാണ്. അങ്ങിനെ വിവാഹംമൂലമല്ലെങ്കിലും പുത്രോൽപാദനത്തിൽകൂടി മനുഷ്യൻ ലോകത്തിന്റേയും വരനായിത്തീരുന്നു. ഇക്കാലങ്ങളിൽ അനിയന്ത്രിതമായ ജനപ്പെരുക്കംകൊണ്ടും ജീവിതത്തിൽ അനാവശ്യമായി സമരക്ലേശങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടും ഒരു ശിശുവിനെ ജീവിതത്തിൽ ഉറപ്പിക്കുന്നതിനു സാമാന്യമനുഷ്യർക്ക് അസാദ്ധ്യമായി തീൎന്നിരിക്കുന്നു. ഒരു യോദ്ധാവിനെ സൃഷ്ടിക്കാൻ കഴിവില്ലാത്ത കുടുംബത്തിനു വിജയമുണ്ടാവുകയില്ലെന്നു തന്നെയല്ല പരാജയം ഭാവിയെ അപഹരിക്കുകകൂടി ചെയ്യും. ഇക്കാരണങ്ങൾകൊണ്ടാണ് പുത്രോൽപാദനവിഷയത്തിൽ മനുഷ്യരെ ഒരു ഭയം ബാധിച്ചിരിക്കുന്നതു്.

വിവാഹത്തിന്റെ ഈവക ദശങ്ങളായ പ്രധാനപ്രശ്നങ്ങളെല്ലാം സമുദായോദ്ധാരകന്മാരുടേയും ജനക്ഷേമൈകതല്പരന്മാരുടെയും ചിന്താഗതിയിൽ ഉൾപ്പെടുന്നു എന്നാൽ ഇതിനിടെ ഇപ്പോൾ ശാസ്ത്രത്തിന്റെ ചുമതലയിൽപ്പെട്ട ഒരു ഭാഗത്തെപ്പററിയും അതിൽ ശാസ്ത്രത്തിന്റെ നിഷ്കൃഷ്ടമായ നിർദ്ദേശങ്ങളെക്കുറിച്ചും ആണു ചിന്തിക്കേണ്ടതായിരിക്കുന്നതു് മനുഷ്യന്റെ ആഗ്രഹങ്ങൾതന്നെയാണ് ശാസ്ത്രങ്ങൾ പരിക്ഷിക്കുന്നതു്. ഉദ്ദണ്ഡനെപ്പോലെ "മദന്യഃകവിഃ കഃ" എന്നു സകലതിനെപ്പററിയും ചോദിക്കുന്ന സന്താനങ്ങളുടെ പിതാക്കളാകണമെന്നാണ് മനുഷ്യർ ആഗ്രഹിക്കുന്നതു. അതിനാൽ ഭാവിപരമ്പരകളുടെ മഹത്വവും മേന്മയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് 885-നു ശേഷം ഫ്രാൻസിസ് ഗാൾട്ടണാൽ സ്ഥാപിതമായ യൂജനിക്സ് (Eugenics) എന്ന ശാസ്ത്രവിഭാഗം പ്രവത്തിക്കുന്നതു്.

ഈ ശാസ്ത്രത്തിന്റെ വളർച്ചയെ ഭ്രൂണശാസ്ത്രം സാരമായി സഹായിച്ചിട്ടുണ്ട്. ഏറക്കുറെ അതിനടിസ്ഥാനമായി നിൽക്കുന്നതും ഭ്രൂണശാസ്ത്രമാണെന്നുതന്നെ പറയാം. സന്താനത്തിന്റെ ശാരീരികവും മാനസികവുമായ സ്വഭാവങ്ങൾ ഉല്പാദനസമയത്തുതന്നെ നിശ്ചയിക്കപ്പെടുന്നു. സംയോഗം സിദ്ധിക്കുന്ന സ്ത്രീയുടെയും പുരുഷന്റെയും ബീജങ്ങളിലുള്ള ക്രോമസങ്ങളാണ് ശിശുവിന്റെ ഭാവിയെ നിർണ്ണയിക്കുന്നതു്. അതിസൂക്ഷ്മങ്ങളായ ഈ സ്വഭാവബിന്ദുക്കൾ ഇതേവരെ മനുഷ്യൻ നിയന്ത്രണാധീനമായിട്ടില്ലെങ്കിലും ഏതൊരു ശ്രേഷ്ഠതയാണൊ സമുദായം സന്താനത്തിൽ ആവശ്യപ്പെടുന്നതു് അതിന്റെ പ്രകടനം പൂർണ്ണമായിട്ടുള്ള സ്ത്രീപുരുഷന്മാരെ ഘടിപ്പിക്കുന്നതുകൊണ്ടു് ആഗ്രഹമനുസരിച്ചുതന്നെ മിക്കവാറും മനുഷ്യന്റെ ഭാവിയെ നിയന്ത്രിക്കാമെന്നാണ് ശാസ്ത്രം പറയുന്നതു്.

മൃഗങ്ങളിലും ചെടികളിലും ഈ തത്വങ്ങൾക്കു പ്രായോഗികവിജയം ഉണ്ടാകുന്നുണ്ടെന്നുള്ളതു നിശ്ചയംതന്നെ. എന്നാൽ അവിടെ അവയിൽനിന്നു മനുഷ്യനുള്ള പ്രധാനമായ പ്രയോജനത്തെ മാത്രമെ ദീക്ഷിക്കേണ്ടതുള്ളു. മനുഷ്യന്റെ ആഗ്രഹങ്ങളും അഭിവൃദ്ധിയും വളരെ നിബന്ധിതവും വിപുലവുമായതുകൊണ്ട് അവന്റെ ജീവിതചക്രത്തിൽ ഈ നിർദ്ധാരണവാദം എത്രമാത്രം ജീവിതക്ലേശങ്ങൾക്കു പരിഹാരമായും ഉയർച്ചയ്ക്കു നിദാനമായും ഇരിക്കുമെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു് ഒരിക്കലും അവന്റെ ആഗ്രഹവും ആദർശവും സ്ഥിരമായിരിക്കുന്നുമില്ല. ഓരോ സന്ദർഭവും അവന്റെ ഓരോ ശക്തിയേയും സ്വഭാവത്തേയും ആവശ്യപ്പെടുന്നു. ഏതെങ്കിലും സന്താനങ്ങളെ സംബന്ധിച്ചു മാതാപിതാക്കൾക്കു മുൻപുണ്ടായിരുന്ന പല ചുമതലകളും സമുദായവും രാഷ്ട്രവും കൂടി ഏറെറടുക്കണമെന്നു വന്നിരിക്കുന്ന ഇക്കാലത്തു് അതിന്റെ സ്വഭാവവും പ്രയോജനവും സമുദായത്തിന്റെ ആവശ്യമനുസരിച്ചു രൂപീകരിക്കേണ്ടതായിട്ടുകൂടി വരുമെന്നുതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു എന്നാൽ ജപ്പാനൊഴിച്ച് പൌരസ്ത്യദേശങ്ങളിൽ ഒരിടത്തും അഭിവൃദ്ധിക്കുവേണ്ടി ഐകൃബോധവും ആദർശസ്വഭാവവും അടിസ്ഥാനങ്ങളായി തീൎന്നിട്ടില്ല. അതിനാൽ രാഷ്ട്രത്തിന്റെ നിർദ്ദേശങ്ങളെ ആദരിച്ചും ആശ്രയിച്ചും വ്യക്തിയുടെ അഭിവൃദ്ധിയിരിക്കുന്നുമില്ല

മനുഷ്യന്റെ പ്രവണതകളിൽ എത്രത്തോളം പാരമ്പര്യത്തിൽ നിന്നുണ്ടാകുന്നതാണെന്നു നിശ്ചയിക്കപ്പെട്ടിട്ടില്ല. വലിയ സാധ്യതകൾ അവന്റെ പരിചയംകൊണ്ടും അഭ്യസനംകൊണ്ടും ഉണ്ടാകുന്നതാണെന്നുതോന്നുന്നു. ഒരു ഡാർവ്വിന്റെയും ഷായുടെയും വിജയം പാരമ്പര്യമഹിമകൊണ്ടുമാത്രം ഉണ്ടായതാണെന്നു വിചാരിക്കാൻ തരമില്ല. എന്നാൽ പൂർണ്ണമായ അഭ്യസനസൗകര്യങ്ങളുള്ള ഉത്തമമായ ഒരു പാഠശാലയ്ക്കും നമ്മേയെല്ലാം ഐൻസ്റ്റീന്മാരാക്കുന്നതിനു കഴിയുന്നതല്ലെന്നുള്ളതും നിശ്ചയംതന്നെ. ഈ രണ്ടു ശാഖകളേയും അവഗണിക്കുന്നതു ഭദ്രമല്ലാതിരിക്കുന്നിടത്തോളം യൂജിനിക്സിന്റെ ഇപ്പോഴുള്ള സിദ്ധാന്തങ്ങൾ എത്രമാത്രം നിശ്ചിതങ്ങളാണെന്നു പറഞ്ഞുകൂടാ.

---

ചിതമാംവണ്ണം അവക്കു അഭയം അരുളുവാൻ അശേഷം മടിച്ചില്ലെന്നുള്ളതു പ്രത്യേകം പറയുകതന്നെ വേണം. ചങ്ങനാശേരിയിൽനിന്നു ദളവാ രാമയ്യന്റെ പിടിയിൽ പെടാതെ ഒളിച്ചോടിയ തെക്കുംകൂർരാജകുടുംബാംഗങ്ങളെയെല്ലാം, പൂഞ്ഞാർരാജാവു് പൂഞ്ഞാററിൽ ഗൂഢമായി താമസിപ്പിക്കുകയും, ഒളിച്ചോടിയ രാജാക്കന്മാക്കു എല്ലാം അഭയവും, അടുത്തൂണും നൽകുന്നതാണെന്നു മാത്താണ്ഡവർമ്മമഹാരാജാവു് വിളംബരം പ്രസിദ്ധപ്പെടുത്തിയതിനുശേഷം മാത്രം അവരെ വിട്ടയയ്ക്കുകയും ഉണ്ടായി. പൂഞ്ഞാററിൽനിന്നു പോന്ന തെക്കുംകൂർരാജകുടുംബക്കാർ കോട്ടയത്തു നട്ടാശ്ശേരിയിൽവന്നു താമസംതുടങ്ങി. ഇന്നും ഈ രാജകുടുംബക്കാർ നട്ടാശ്ശേരിയിൽ (ഇടത്തിൽ) തന്നെയാണ് താമസിച്ചുവരുന്നതു്.

ഉദ്ദേശം അൻപതു ചതുരശ്രമൈൽസ് സ്ഥലമാണ് ഇപ്പോൾ പൂഞ്ഞാർ ഇടവകയായിട്ടുള്ളതു്. ഭൂനികുതി, വനംമുതലെടുപ്പ് എന്നി രണ്ടിനങ്ങളുടെ ഭരണംസംബന്ധിച്ച പൂർണ്ണാധികാരം പൂഞ്ഞാർരാജകുടുംബക്കാക്കുണ്ടു്. മററു അധികാരങ്ങളെല്ലാം തിരുവിതാംകൂർ ഗവർമ്മെന്റിൽനിന്നാണു നടത്തിവരുന്നതു്. എഴുത്തുകുത്തുകൾക്കു സക്കാർസ്റ്റാമ്പുകൾ ഉപയോഗിക്കുവാനുള്ള അധികാരവും സ്വാതന്ത്ര്യവും ഗവർമ്മെന്റിൽനിന്നു ഈ രാജകുടുംബത്തിനു നൽകിയിട്ടുണ്ടു്. മതഭക്തി, ഔദാര്യം, ആശ്രിതവാത്സല്യം, ആദിയായ വിശിഷ്ടഗുണങ്ങൾക്കു കേദാരമായിരിക്കുന്ന ഈ രാജവംശവും, വഞ്ചിരാജവംശവുമായി മുൻകാലംമുതൽക്കു പലതരത്തിൽ ഉണ്ടായിട്ടുള്ള ബന്ധങ്ങളെ അനുസ്മരിക്കുമ്പോൾ, ഇപ്പോൾ ഉണ്ടായിരിക്കുന്ന കൂടുതൽബന്ധം ഏതുകൊണ്ടും സമുചിതവും അഭിനന്ദനാർഹവുമാണെന്നുള്ളതിനു സംശയമില്ല.

ഈ ശാസ്ത്രം രണ്ടുവിധത്തിൽ പ്രവർത്തിക്കുന്നുണ്ട്. നന്മകളെ പ്രചോദിപ്പിക്കുകയും തിന്മകളെ നിഹനിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ രണ്ടാമത്തെ രീതി ചില രാജ്യങ്ങളിൽ നടപ്പാക്കിത്തുടങ്ങിയിരിക്കുന്നു. ജർമ്മനിയിൽ വന്ധ്യീകരണം ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. സമുദായരക്തത്തെ ശുദ്ധമാക്കുന്നതിനും മനുഷ്യന്റെ സമരശക്തി വർദ്ധിപ്പിക്കുന്നതിനും ജർമ്മനി ശ്രമിക്കുന്നുണ്ട്. ഇക്കാരണംകൊണ്ടു ജൂതനായ ഐൻസ്റ്റീനു കൂടി അദ്ദേഹത്തിന്റെ ലോകാരാധകമായ തലയുംകൊണ്ടു ഇംഗ്ലണ്ടിലേക്കു പറക്കേണ്ടതായി വന്നുകൂടി. ഒരു വ്യക്തിയുടെ അതിമാനുഷമായ മസ്തിഷ്കമഹത്വംകൂടി രാഷ്ട്രീയാദർശത്തിന് മുൻപിൽ അരക്ഷിതമായി അപകടത്തിൽ അലയേണ്ടിവരുന്നു. എന്നാൽ ഇതു യൂജിനിക്സിന്റെ ദോഷമാണെന്നു പറഞ്ഞതുകൊണ്ടു മതിയാകുന്നതല്ല. അടിതെററിയ സന്മാർഗ്ഗബോധം ശാസ്ത്രത്തിന്റെപേരിൽ എത്രമാത്രം നിഷ്ഠൂരമായ ശക്തിയെ പ്രാപിക്കുന്നു എന്നുള്ളതിനു ദൃഷ്ടാന്തമായി അതിനെ ഗണിക്കുകയാണുത്തമം. എങ്കിലും മാനസികവും കായികവുമായ ദുർബലതകളുള്ളവരെ സന്താനോല്പാദനത്തിനു അശക്തന്മാരാക്കിത്തീർക്കുന്നതിൽ തെററുണ്ടെന്നു വിചാരിക്കാൻ തരമില്ല. അങ്ങിനെയുള്ള ദുർബലതകൾക്കു അവരേക്കാൾ അവരുടെ പിതാക്കളായിരിക്കും വാസ്തവത്തിൽ കാരണക്കാരെന്നുവന്നേക്കാം. എങ്കിലും ഭാവിതലമുറകളുടെ ഐശ്വര്യത്തേയും വീര്യത്തേയും സൂക്ഷിക്കുന്നതിനും ഉദ്ധരിക്കുന്നതിനുമായി പിതാക്കളുടെ പാപം വ്യക്തികൾ മാത്രം അനുഭവിച്ചുകൊള്ളേണ്ടതായിട്ടാണിരിക്കുന്നത്.

സമാവകാശത്തെ അംഗീകരിച്ചിരിക്കുന്ന ജനതാമദ്ധ്യത്തിൽ ഈ ശാസ്ത്രത്തിനു സ്ഥാനമില്ലെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അതിന്റെ തത്വങ്ങൾ മനുഷ്യർ സമന്മാരല്ലെന്നുള്ള തെളിവുകളിലാണ് ഉറപ്പിച്ചിരിക്കുന്നത്. ശാരീരികമായ ശക്തിയിലും ചിന്തയിലും മനുഷ്യർ സമത്വരേഖയിലേക്കു ഒരുപോലെ ഒരിക്കലും എത്താതിരിക്കുമ്പോൾ ആ ശക്തികളുടെ ഭാവിയെ ജനിപ്പിക്കുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും മനുഷ്യർക്കു സമമായി ഉണ്ടെന്നും വേണമെന്നും വാദിക്കുന്നതു തെററാണെന്നുവരുന്നു.

ഈ ശാസ്ത്രത്തിന്റെ മനുഷ്യനെ സംബന്ധിച്ചുള്ള പരീക്ഷണങ്ങൾക്കു കൂടുതൽ വിഷമമുണ്ടാക്കുന്നതു വേറൊരു സംഗതിയാണ്. ഇതേവരെ എന്താണു നാം മനുഷ്യരിൽ ആഗ്രഹിക്കുന്നതെന്നു നിശ്ചിതമായി പറഞ്ഞുകൂടാ. വികാരസമന്വയത്തെ ആവശ്യപ്പെടുമ്പോൾ അവനിലുള്ള കലാവാസനകളെ നശിപ്പിച്ചു എന്നുവരാം. ശരീരസൌന്ദര്യത്തേയും കായികബലത്തേയും ജനിപ്പിക്കാനുള്ള ശ്രമത്തിൽ ആത്മസൌന്ദര്യവും ചിത്തധൈര്യവും നഷ്ടമാകാനും ഇടയുണ്ട്. ഐൻസ്റ്റീൻ വലിയ ഗണിതജ്ഞനെങ്കിലും കണക്കുകൂട്ടുന്നതിനു അസമർത്ഥനാണെന്നു പറയപ്പെടുന്നു. അതുപോലെ ഗണിതശാസ്ത്രത്തിന്റെ മറുകരകണ്ട ലാപ്ലേസിനെ അപ്രാപ്തനെന്നുകണ്ടു നെപ്പോളിയൻ ജോലിയിൽനിന്നും പിരിച്ചുവിട്ടു. എന്നാൽ നമ്മുടെ ലോകം ഇങ്ങനെയുള്ള വ്യത്യസ്തവ്യക്തികളെ അസാമാന്യമായി ആവശ്യപ്പെടുന്നുമുണ്ട്. ദിവ്യവും ഭവ്യവുമായ പലതിനേയും നാശത്തിൽ നിന്നു രക്ഷിക്കണമെങ്കിൽ മനുഷ്യനിൽ പല ദുർബലതകളേയും ചപലതകളേയും അനുവദിക്കണമെന്നുതന്നെ തോന്നുന്നു.

ഇപ്പോൾ ഓരോ രാജ്യങ്ങളിലും ജനപ്പെരുക്കത്തെ നിയന്ത്രിക്കുന്നതിനുള്ള യത്നങ്ങൾ നടന്നുവരുന്നുണ്ട്. ആയിരത്തിൽ മരണത്തേക്കാൾ ജനനം ഫ്രാൻസിൽ 1.3 കൂടുതലാണ്. അതുപോലെ അമേരിക്കയിൽ 4, ഇന്ത്യയിൽ 5.9, ഇംഗ്ലണ്ടിൽ 6 2, ജർമ്മനിയിൽ 7 8, ഇററലിയിൽ 10.9, ജപ്പാനിൽ 14 6, റഷ്യയിൽ 19.5, യൂക്കഡോറിൽ 23.1 ഈ വർദ്ധനവിനെ നിയന്ത്രിക്കുന്ന വിഷയത്തിൽ യൂജിനിക്സിന്റെ നിർദ്ദേശം സഹായകമായിത്തന്നെയിരിക്കും. എന്നാൽ ഒരു സമൂഹത്തെ മുഴുവനും ഈ ശാസ്ത്രത്തിനു വിധേയമാക്കുന്നതു അപകടംതന്നെയാണ്. ലോഹകായന്മാരേയും തിളയ്ക്കുന്ന രക്തമുള്ളവരേയും കൂടുതൽ ഇഷ്ടപ്പെടുന്ന സമരോത്സുകമായ രാജ്യങ്ങൾ മററുജനവിഭാഗങ്ങളുടെ അവശ്യം വേണ്ടതായ മഹത്വത്തെ അടിമപ്പെടുത്തുമെന്നു തോന്നുന്നു. ഭാവിപരമ്പരകൾ മുഴുവൻ വെടിയുണ്ടയുടെ ശക്തിയിൽ സാധർമ്യം പ്രാപിക്കുന്നുവെങ്കിൽ മാനവസംസ്കാരത്തിന്റെ അവസാനവും അധികം ദൂരത്തിലായിരിക്കാൻ വകയില്ല. ലോകാധിപത്യം മാത്രമാണു മനുഷ്യന്റെ മോഹവും ആദർശവുമെങ്കിൽ എത്രമുൻപുതന്നെ ഏതെങ്കിലും ഒരു കൂട്ടർക്കു അതു കരസ്ഥമാക്കാമായിരുന്നു. ഇന്നത്തെപ്പോലെ സർവ്വരാജ്യസംഘടന അരാജകത്വത്തിൽകൂടി മുന്നോട്ടുപോവുകയും ശാസ്ത്രം അഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നുവെങ്കിൽ മനുഷ്യനെ അത്യുൽക്കടമായ ആപത്തുകൾ ആവരണംചെയ്യുമെന്നുള്ളതിൽ തർക്കമില്ല. ലോകം എത്രത്തോളം മാത്സര്യംകൊണ്ടും മദംകൊണ്ടും നിറഞ്ഞിരിക്കുന്നുവോ അത്രത്തോളം അതിന്റെ ശാസ്ത്രീയത്വവും ഭയാനകമായിത്തന്നെ ശേഷിക്കും.

ജനകന്മാരെ തിരഞ്ഞെടുക്കുന്നതിൽ ശാസ്ത്രദീക്ഷ ഭാവുകങ്ങൾക്കു കാരണമാകുമെങ്കിലും സഹജീവിതത്തിന്റെ സൌഖ്യത്തെ അതു സാരമായി സ്പർശിച്ചു എന്നുവരാം. ഒരുപക്ഷേ വ്യക്തികളുടെ തോന്നലുകൊണ്ടും ഗണനകൾകൊണ്ടും ഉണ്ടാകുന്ന സൌഖ്യബോധത്തെ ശാസ്ത്രജ്ഞാനം ഉറപ്പിക്കുന്നതിനുമാത്രമേ ഉപകരിച്ചുള്ളു എന്നുവരാം. തന്റെ ശിശുക്കളുടെ ഭാവിയിൽ ഏററവും ധൈര്യമായിരിക്കത്തക്കവിധത്തിൽ സ്ത്രീപുരുഷന്മാർ സഹകരണത്തെ അന്വേഷിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യും. കണ്ടമാത്രയിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന ദിവ്യപ്രേമമെല്ലാം പാരമ്പര്യമായ പ്രേരണകളുടെ മധുരസ്ഫുരണങ്ങളാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുമുണ്ട്. അങ്ങിനെയുള്ള അനുഭവങ്ങളെ നിഷേധിക്കാൻ കഴിവില്ലെങ്കിലും അവയ്ക്കു സന്താനോല്പാദനത്തിൽനിന്നും വളരെ വിദൂരമായ ആഗ്രഹം മാത്രമേയുള്ളു എന്നു പറയാം. ആ വിഷയത്തെമാത്രം സ്പർശിക്കുന്നതും മററുവിധത്തിലുള്ള സഹവാസത്തെ എതിർക്കാത്തതുമായ യൂജനിക്സിന്റെ ജ്ഞാനം സ്ത്രീപുരുഷന്മാരുടെ സന്തത്യുല്പാദനാവശ്യങ്ങളെ അനുഗ്രഹിക്കരുതെന്നില്ല. എന്നാൽ അവിടെ പരിചിതമായ സന്മാർഗ്ഗബോധത്തിന് ഇളക്കംതട്ടുമെന്നു സമ്മതിക്കണം. അങ്ങിനെയുള്ള താഡനങ്ങൾ അഭിവൃദ്ധിയുടെ മിക്കഘട്ടങ്ങളും ആവശ്യപ്പെട്ടിട്ടും അറിഞ്ഞിട്ടും ഉണ്ട്. പണ്ടു കേരളത്തിൽ വിവാഹത്തിനു പൂർവ്വമായി പരിചയമോ പ്രേമമോ ഇല്ലാതെ പല ബന്ധങ്ങളും ഊർജ്ജിതത്തിൽ ഇരുന്നിരുന്നു. വിദ്യാധിപതികളായിരുന്ന ബ്രാഹ്മണരുമായുള്ള ബാന്ധവം കുലീനത്വത്തേയും മഹത്വത്തേയും ഉദ്ദേശിച്ചുമാത്രമെങ്കിലും പലനായർതറവാട്ടുകളിലും പ്രാബല്യത്തിൽ ഇരുന്നു. അക്കാലത്തു മഹത്വത്തിന്റെ ഒരു സന്താനത്തെ കുടുംബത്തിനു കിട്ടണമെന്നുള്ളതായിരുന്നു പ്രധാനമായി ഗണിച്ചിരുന്നത്. അന്നത്തെ അടിമവൃത്തിയും ആതുരാവസ്ഥയും കൂടാതെ ഇന്നു സ്ത്രീകൾക്കു സന്താനോല്പാദന വിഷയത്തിൽ ശാസ്ത്രജ്ഞാനംകൂടി ആദരണീയമായിത്തീരേണ്ടതാണ്.

സ്വാതന്ത്ര്യത്തേയും സുഖത്തേയും സ്പർശിക്കാത്തിടത്തോളം യൂജനിക്സിന്റെ യുക്തികൾ സ്വീകരിക്കുന്നതിൽ തെററുണ്ടെന്നുതോന്നുന്നില്ല. മധുരങ്ങളായ സ്മരണകളും മനോഹരങ്ങളായ സ്വപ്നങ്ങളുംകൊണ്ടു മാത്രം മനുഷ്യന് അവന്റെ ഭാവിയോടുള്ള ചുമതല നിർവഹിക്കപ്പെടുമെന്നു തോന്നുന്നില്ല. ഏതെങ്കിലും ഭാവിയിൽ വിവാഹത്തേയും ചിലപ്പോൾ പ്രേമത്തേയുംകൂടി ശാസ്ത്രീയമായ പ്രേരണകൾ ഭരിക്കുമെന്നുതന്നെ വിശ്വസിക്കാം. ഇപ്പോൾതന്നെ പലസ്ഥലങ്ങളിലും കുടുംബത്തിന്റെ പല ചുമതലകളും ഭരണകൂടംതന്നെയാണു നടത്തുന്നത്. കുട്ടികളുടെ രക്ഷയ്ക്കും അഭ്യസനത്തിനുംവേണ്ടി കുടുംബം ആവശ്യമില്ലെന്നു വരുമ്പോൾ രാഷ്ട്രം സർവാധിപതിയാവുകയും അതിന്റെ ഏതുനിർദ്ദേശങ്ങളും മനുഷ്യർക്ക് അഭേദ്യമായിത്തീരുകയും ചെയ്യും. രാഷ്ട്രത്തിന്റെ കയ്യിൽ മനുഷ്യർ അങ്ങിനെ പാവകളായിത്തീരുന്നുവെങ്കിൽ ശാസ്ത്രത്തിന്റെ യുക്തികളെക്കാൾ രാഷ്ട്രത്തിന്റെ ശക്തി അവനെ അധഃപ്പതിപ്പിച്ചേക്കാനും ഇടയുണ്ട്

എങ്കിലും ഭാവിയിൽ ഏകഭാര്യാവ്രതവും ഏകഭർത്തൃനിഷ്ഠയും ദുർബ്ബലമായിത്തീരുകയെങ്കിലും ചെയ്യുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു വ്യക്തിക്കുതന്നെ വിവിധങ്ങളായ ആഗ്രഹം ഉണ്ടെന്നുവരുമ്പോൾ അതിനു രൂപംകൊടുത്തു പുഷ്ടിപ്പെടുത്തുന്നതിനു വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികൾ വേണമെന്നുള്ളതു നിശ്ചയംതന്നെ. എന്നാൽ യൂജനിക്സിന്റെ ഇപ്പോഴത്തെ ശക്തികൊണ്ട് ഒരു ബീജത്തിലേക്കു ലോകഭാവുകത്തിനു നിദാനമാകുന്ന പല വാസനകളെ സമാഹരിക്കുന്നതിനു സാദ്ധ്യമല്ല. ക്രോമസങ്ങളെപ്പററിയുള്ള കൂടുതൽ അറിവുകൂടാതെ ആവിധത്തിൽ മാനവമഹത്വത്തെ കേന്ദ്രീകരിക്കുന്നതിനും സാന്ദ്രമാക്കുന്നതിനും പ്രയാസമായിരിക്കുന്നു. ഈ ശാസ്ത്രത്തിനു ശരിയായ അംഗീകാരം സിദ്ധിക്കണമെങ്കിൽ

# സാമ്പിൾദമ്പതികൾ.

[അച്ചു]

## IV
## ഭാര്യോത്സവം.

ഭാര്യമാർ ഏതുതരത്തിലിരുന്നാലുംഅവരെ സ്തുതിക്കുന്നതിന് ഓരോ ഭത്താവും ഓരോ നൂതനരീതിയെയാണു കൈക്കൊള്ളുന്നതു്. ചിലർ വീട്ടിൽ വരുന്നവരെയെല്ലാം ഭാര്യക്കു വിവാഹാവസരത്തിൽ കിട്ടിയ സമ്മാനങ്ങളെക്കാണിച്ചു ആത്മദാരങ്ങളുടെ മിത്രസമ്പത്തും, സ്വത്തും, സ്വാധീനവും, വിശദീകരിക്കുന്നു ചിലർ ജർമ്മൻ വെള്ളി കപ്പുകളും, (കിണ്ണങ്ങളും) സാരിത്തുണ്ടുകളും, "സോപ്പുചീപ്പുകണ്ണാടികളും," ലോക്കററും, ലാൻഡോറും, കൈവളയും,കിങ്ങിണിയും, മററും ഉത്സവസ്ഥലങ്ങളിലെ ഓട്ടുപാത്രവ്യാപാരികളെപ്പോലെ, ദമ്പതികളെ സന്ദർശിക്കുവാൻ എത്തുന്ന അവസരംനോക്കി, അതിഥികളുടെ മുമ്പിൽ അങ്ങു വിളമ്പും. ഈ പ്രസൻറു് വിളമ്പിൻെറ മുഖവുരയായി, ഗൃഹനായിക (അതായതു് അമ്മുകൊച്ചമ്മ) ആഗതരെ സ്വീകരിക്കുന്ന സീൻ ഒരെ കേമമാണു്. ഗൃഹനായകൻ അപ്പുറത്തു കുളിക്കുകയായിരിക്കും. നായിക വെളിയിൽ വന്നു്, "ഇരിക്കാം; കുളിക്കുകയാണു്; ഇപ്പോൾവരും," എന്നു ചിന്തേരിട്ട മൂന്നു കമ്പിവചനങ്ങൾ പുറത്തുചാടിച്ചു്, സ്ത്രീകൾആദ്യം (Ladies first)എന്ന തത്വത്തെ ആദരിച്ചായിരിക്കാം, ഒരു കസേരയിൽ താനേതന്നെ കയറിയിരിക്കുന്നു. അത്രവലിയ പരിഷ്കാരിയല്ലാത്ത സാധു അതിഥി, പെട്ടെന്നു് ദിഗംബരനായിപ്പോയെന്നതുപോലെ, സ്തബ്ധനായി നിന്നപോകുന്നു. ആഗതൻെറ മനസ്സാന്നിധ്യക്കുറവുകൊണ്ടുണ്ടായ വിമ്മിട്ടം കണ്ടു്, പരിഹാസത്തോടുകൂടി, "ഞാൻ ഇങ്ങോട്ടു വേഗം പറഞ്ഞയക്കാം" എന്നു കർമ്മമില്ലാത്ത ഒരു അപൂർണ്ണവാചകം അരസികനായ അതിഥിയുടെ മുഞ്ഞിക്കെറിഞ്ഞു തൻെറ നീരസത്തെ വെളിവാക്കിയതിനുശേഷമേ അപ്പുറത്തേക്കു് അമ്മു തിരിയുകയുള്ളു. രണ്ടുനിമിഷത്തിനകം എത്തിക്കഴിയുന്ന ഗൃഹനായകൻ കുശലപ്രശ്നങ്ങൾക്കുശേഷം, സമ്മാനംകിട്ടിയ സാധനങ്ങൾ വിളമ്പുന്നതിൻെറ പ്രാരംഭമായി, "അമ്മൂ, ഒന്നു വെളിയിലേക്കു വരൂ. ഇതു കാണാൻപാടില്ലാത്ത ആരുമല്ല," എന്നു ഇരുകൂട്ടർക്കും തൃപ്തിവരുന്നവിധം ഭാര്യയെ വിളിക്കുന്നു. പണ്ടത്തെ "സ്ത്രീകൾ ആദ്യം എന്ന സത്വം — ഊറയ്ക്കിട്ട തോലിൻെറനിറത്തെ തോല്പിക്കുന്ന ദേഹകാന്തിയോടുകൂടിയ ആ സത്വം — മുമ്പു പറഞ്ഞതുപോലെ വലിച്ചുവാരി ഉടുത്തിരിക്കുന്ന സാരിയുടെ വിമുക്തമായ തുമ്പു പുറകിൽകൂടി കൊണ്ടുവന്നു വലത്തു തോളിൻെറ മുകളിൽ കയററി വലത്തുകൈകൊണ്ടു പിടിച്ചു്, വടിപോലെ നില്ക്കുന്ന ദേഹത്തിൻെറ ഉപരിഭാഗം ഇടത്തോട്ടൊന്നു വക്രിപ്പിച്ചു്—പൊയ്ക്കാലിൽ കയറിനടക്കുന്ന ബാലനെപ്പോലെ "തിന്ത്രിത്താനിതോം തോം" എന്ന പഴയനാടകത്തിലെ നടിയുടെ രംഗപ്രവേശംപോലെ ചൈനാസ്ത്രീകളുടെ "ടക്ക്, ടക്കു്" എന്നു് കാലിൻെറ മുട്ടു മടങ്ങാതെയുള്ള നടപ്പുപോലെ, ധൃതിയിൽ ഓടിയെത്തി ഭത്താവിൻെറ കസേരയുടെ പിന്നിൽ വന്നു് നിലകൊള്ളുന്നതു കാണുമ്പോൾ, ആട്ടത്തിൽ സ്ത്രീവേഷക്കാർ ഒരു കലാശച്ചുവിട്ടും കഴിഞ്ഞു് വിളക്കിൻെറ ഒരുഭാഗത്തായി വന്നു് തലയിൽ ഇട്ടിരിക്കുന്ന മൂട്ടുതുണി പിടിച്ചു് കലാശം അവസാനിപ്പിക്കുന്നതിൻെറ സ്മരണ മനസ്സിൽ ഉദിക്കുന്നു.

ഭത്താവിൻെറ അതിസമത്ഥമായ ഈ പ്രസൻറു്—വിളമ്പു പല വികാരങ്ങളോടുംകൂടിയാണു് അമ്മു വീക്ഷിക്കുന്നതു് സമ്മാനങ്ങളിൽ പലതും അത്ഥവത്തായ സമ്മാനങ്ങളാണെന്നുവന്നേക്കാം. വേറെ ചിലതു പുതുഭാര്യയുടെ പൂർവ്വപ്രേമകഥകളെ അനുസ്മരിപ്പിക്കുന്ന "ഉറക്കമെണത്തി"കളാണെന്നുംവരാം. ഈ കൂട്ടത്തിൽ സ്റ്റേയിൽ കാണിക്കുന്നതിനായി ചില സ്വന്ത ആഭരണങ്ങളും ഉടുവകകളുംകൂടി പ്രസൻറുകിട്ടിയതാണെന്നുള്ള ഭാവത്തിൽ "മേശപ്പുറത്തു വയ്ക്കുവാൻ" മടിയില്ലാത്തവരും ഉണ്ടു്. ഇങ്ങനെ ഒരുവെ ബ്ളിപ്രദർശനസെററു്! ഒരു രണ്ടാംകൂററുബോററന്മാർ ഭാര്യമാരുടെ കേശാദിപാദസൌന്ദര്യ വർണ്ണനകൊണ്ടും, അണിമാദ്യതുടങ്ങിയ അഷ്ടൈശ്വര്യസിദ്ധി പ്രകീത്തനംകൊണ്ടും തൃപ്തിയടയുന്നു. "പഠിച്ചുകൊണ്ടിരുന്നപ്പോൾ അമ്മുവിനെ സ്കൂളിൽ ഒരു ചെറിയ ബ്യൂട്ടി (beauty=പേരുകേട്ട സുന്ദരി)യായിട്ടാണു് കരുതിയിരുന്നതു്- പ്രത്യേകിച്ചു അവളുടെ കണ്ണുകൾ പലരെയും ഒരേസമയത്തു ആകർഷിച്ചിട്ടുണ്ടെന്നാണു കേൾവി. കൊച്ചുകള്ളി! കുളിച്ചുതലമുടിതുമ്പു കെട്ടി പുറംകോട്ടുഇട്ടുകൊണ്ടു ഒന്തിനടയോടെ സ്കൂളിലേക്കു പൊയ്ക്കൊണ്ടിരുന്ന പോക്കു് കണ്ടപ്പോഴേ കണ്ണുവെച്ചതാണു് ഞാൻ." ഈ വളരെ അടുത്ത സ്നേഹിതന്മാരോടുചെയ്യുന്ന പ്രസംഗത്തിൻെറ അത്ഥം നേരെ മ

ഇനിയും അഭിവൃദ്ധിയും ശക്തിയും ഉണ്ടാവാതേ കഴിയുകയുമില്ല മനുഷ്യനു് അവൻെറ അതിഗൂഢങ്ങളും അതിലോലങ്ങളുമായ ആഗ്രഹങ്ങളിൽ ശാസ്ത്രം കൈകടത്തുന്നതുതന്നെ ഇഷ്ടമല്ല. ഇപ്പോൾ ലിയൊണാർഡൊ ഡാവിഞ്ചിയെപ്പോലെ കലകളിൽ അനുഗ്രഹീതനും ശാസ്ത്രങ്ങളിൽ അതിപ്രഗത്ഭനുമായ ഒരു മഹാനെ സൃഷ്ടിക്കുന്നതിനു വേണ്ടവിധത്തിൽ ആലംബനീയമായ നിർദ്ദേശങ്ങൾ ശാസ്ത്രത്തിനു തരാൻ കഴിവില്ല. അദ്ദേഹത്തിൻെറ സന്താനങ്ങൾ വാസനാബലംകൊണ്ടും പാരമ്പര്യശ്രേഷ്ഠതകൊണ്ടും എത്തേണ്ട മണ്ഡലത്തിൽ എത്താതിരുന്നതിനുള്ള സമാധാനവും ഇപ്പോൾ ശാസ്ത്രത്തിനു പറവാൻ നിവൃത്തിയില്ല. മൃഗങ്ങളിലുംചെടികളിലുമുള്ള പരീക്ഷണവും വിജയവുംകൊണ്ടു ശാസ്ത്രം മനുഷ്യനോടടുക്കുന്നതും സൂക്ഷിച്ചുവേണമെന്നാണു് ഇതിൻെറയെല്ലാം അത്ഥം. എങ്കിലും സ്വാതന്ത്ര്യപ്രിയക്കളായ സകലരും സയൻസിൻെറ നിഷ്ഠുരതകളുമായി സമരം ചെയ്യേണ്ടതായി വരുന്ന ഒരു കാലം നമ്മുടെ മുൻപിൽ കാണാം.




റിച്ചാണു്. സൌന്ദര്യം മുമ്പുണ്ടായിരുന്നെന്നു പറയുന്നതിന്റെ സാരംതന്നെ ഇപ്പോൾ അതില്ലെന്നും, അവളുടെ കൃത്തപല്ലും (ഇതുകൊണ്ടായിരിക്കാം പക്ഷെ ദന്തിനട ആയതു), നിഗ്രോധപുണ്ടും, വായസവണ്ണവും എല്ലാം ഭർത്താവിനെ നന്നാ ഇക്കരാഭംഗപ്പെടുത്തുന്നുണ്ടെന്നും മാത്രമെ ഉള്ളു. ഒരേസമയത്തു പലരെയും ആകർഷിക്കുവാൻതക്ക ശക്തിയുള്ള കോങ്കണ്ണുകൾ ചില തരുണികൾക്കു ഒരലങ്കാരമണൊന്നം വന്നേക്കാം. ഭർത്താവു പഠിച്ചുകൊണ്ടിരുന്നപ്പൊഴേ "കണ്ണുവച്ചിരുന്നു" എന്നുപറയുന്നതിനു കുഞ്ചുപിള്ള വിട്ടതിളുണ്ടു താമസിച്ചിരുന്ന അമ്മുവിന്റെ വീട്ടിൽ സകലരും കുഞ്ചുപിള്ളയുടെ ഭാവിദാമ്പത്യജീവിതത്തിൽ അമ്മുവിനേയും ഭാഗഭാക്കാക്കണമെന്നു ഉറച്ചു് അതിനുവേണ്ട ഒത്താശകൾ ചെയ്യുന്നുണ്ടായിരുന്നെന്നേ അർത്ഥമാക്കുവാനുള്ളു. പിന്നൊരിക്കൽ "ആസേ, അമ്മുവിന്റെ പാട്ടുകേട്ടിട്ടുണ്ടോ? വെങ്കിടപ്പയും സഞ്ജീവറാവുവും മുശിറിയും മററുംകൂടിയിരുന്ന സദസ്സിൽവച്ചു് പാടി, പഴയ പപ്പുത്തമ്പിയുടെ കൈക്കൊണ്ടു മോതിരം ഒന്നു വാങ്ങിയിട്ടുണ്ടു്. ഇപ്പോൾ ഫിഡിൽമീട്ടാൻ അഭ്യസിക്കയാണു്. പക്ഷേ കഴിഞ്ഞയാഴ്ച വന്നിരുന്ന ഭാഗവതൎക്കു ഗമകംവയ്ക്കുവാൻ വശമില്ലാത്തതുകൊണ്ടു് പറഞ്ഞയച്ചു. ഒരുദിവസം അങ്ങോട്ടുവരണം അവിടെ കൂടാം." വേറൊരു സെററു്: "മിസ്റ്റർ, പാട്ടും സംഗീതവും മററും അഭ്യസിച്ചു വരുത്താവുന്നതു മാത്രമെയുള്ളു. ഡ്രായിംഗ്, ചിത്രമെഴുത്തു്, തയ്യൽപണി, പുസ്തകവായന, 'തണ്ടുതപ്പു്' (ഇതു ഉദ്യോഗസ്ഥസൎക്കിളുകളിലും അവരുടെ ഭാൎയ്യാവൃന്ദത്തിന്റെയിടയിലും ധനം അററ പഴയ സ്ഥാനമാനികളായ തറവാടികളുടെ ഇടയിലും പ്രത്യേകശ്രദ്ധയോടെ അഭ്യസിച്ചുവരുന്ന ഒരു പഴയ പുതിയ കലയാണു്) ആദിയായ മഹാഗുണങ്ങൾസ്വതസ്സിദ്ധങ്ങളാണു്. നമ്മുടെ മിസിസ്സു് ഭംഗിയായിട്ടു വരയ്ക്കും. ഒന്നാംതരമായി തയ്ക്കും. ഇന്നാളിൽ തിരുവിതാംകൂർ ശംഖമുദ്രയും ആനയും കൂടി വരച്ചതു, ശംഖം ആനയുടെ തുമ്പിക്കയ്യും തമ്മിൽ വേർതിരിച്ചെടുക്കുവാൻ രവിവർമ്മതിരികെ ജീവിച്ചുവന്നാൽപോലും സാധിക്കാത്തവിധം അത്ര ലയിപ്പിച്ചാണു് വരച്ചതു്. വേറൊരുദിവസം ഒരു പിള്ളയുടുപ്പു തച്ചു. അതു ആണിനും പെണ്ണിനും ഒന്നുപോലെ ഉപയോഗിക്കാമെന്നുമാത്രമല്ല, അമ്മയ്ക്കു ജമ്പറും അച്ഛൻ ബനിയനും കൂടി ആക്കത്തക്കവിധത്തിലാണു് നിർമ്മിച്ചിരിക്കുന്നതു് ഇത്തരം miracles (അത്ഭുതകൃത്യങ്ങൾ) തയ്യൽപണിയിൽ സാധ്യമാണെന്നു് കാണിക്കുവാൻ ഒരു ജീനിയസ്സിനു (അമേയബുദ്ധിശക്തിയുള്ള ആൾ) മാത്രമേ കഴിയു. ഇതിലൊന്നിലും പെടാത്ത ഒരുതരം ബോർ-ഇൻ-ലാ (bore-in-law) മാരുണ്ടു്. "അമ്മുവിന്റെ അച്ഛനു അമ്മുവിനോടു വലിയ താല്പൎയ്യമാണു് (സാധാരണ അച്ഛന്മാൎക്കു മക്കളോടു അങ്ങനെയല്ലല്ലോ!) സ്വന്തസമ്പാദ്യവും തറവാട്ടു് ഭാഗിച്ചു് കിട്ടിയതും എല്ലാംകൂടി ഒരെഴുപതിനുവരും. (ഇതു എഴുപതു ചക്രവും പണവുമൊന്നുമല്ല. എഴുപതിനായിരം ആയിരം—രൂപായാണു്) അതുമുഴുവൻ ഒരിഷ്ടദാ

# അഭിലാഷം.

[കെ. എൻ. ബാലകൃഷ്ണൻനായർ ബി. ഏ.]

കാളരുചികളിച്ചിട്ടും കാരുണ്യശീലതൻ
ലളിതതനുവല്ലിയിൽ ഭൂഷണമാകിൽഞാൻ
പുളകപരിലാളിതംപാവനാംഗംസദാ
മിളിതരസമോമനിച്ചാനന്ദമാന്നിടും.

കളിവചനമാളിമാരോതുന്നവേളയിൽ
ഒളിയുടയ കണ്ണുവിഭ്രഷയായെങ്കിൽഞാൻ
നളിനമിഴിനാണമാൎന്നേകുന്നപാംഗമോ
നളിനവിശ ഖാച്ഛന്നമാവതുംകണ്ടിടും.

കലയുവതിമൗലിതൻനാസാമണിക്കെഴും
നിലയവനലബ്ബമായെങ്കിലെല്ലായ്പൊഴും
മലിനതരചിന്തയാൽ മങ്ങലേല്ക്കാത്തതായ്
വിലസിനകപോലമെൻ ഛായകാണിച്ചിടും

മനസിജപതാകയാമോമലാൾതന്നുടെ
തനുലതികപുല്കിടും ഹാരമായ്ത്തീരുകിൽ
കനകമയകുംഭവുംപൂണ്ടുഞാൻതന്വിതൻ
നിനവുകൾനിഗൂഢമായ്പാൎത്തുമോദിച്ചിടും

അമരതരുണീജനം കൈവണങ്ങുന്നൊരെൻ
കമനിയുടെകാഞ്ചനക്കൈവളയാകുകിൽ
മമമനമുലച്ചിടും ഗാനത്തിനൊത്തുഞാൻ
അമിതരസമഗ്നനായ്ത്താളംപിടിച്ചിടും.

കൃശതനുധരിച്ചിടും പൂമ്പട്ടുമായ്
കുശലമുരചെയ്തിടുംകാഞ്ചിയായെങ്കിൽഞാൻ
നിശയുടെവിലോലമാം വെൺമുകിൽ-
(ച്ചേലമേൽ
ശശികല ശയിപ്പതിൻശോഭതേടുംദ്രുതം.

അഴലെഴമെവന്നുമിന്നാനന്ദമേകുമക്കഴലിണതലോടിടും നൂപുരമാകിലോ
അഴകൊഴുകുമാറവൾ നിൎഗ്ഗമിക്കുമ്പൊഴൊന്നഴിയുമണിവേണിയെന്മേനിചുംബിച്ചിടും
കരളിനുകുതൂഹലം വായ്ക്കുന്നമട്ടിലെൻ
തരുണമണിതൻതനുസ്പൎശമേററീടുകിൽ
അരയഗുണപൂൎണ്ണമാം പ്രേമരാജ്യത്തിലെ-
പ്പരമസുകൃതാധീശനായി ഞാൻ വാണിടും

---

നമായി അമ്മുവിനെഴുതിക്കഴിഞ്ഞു" ഇതിന്റെ വാസ്തവം കണ്ടറിയണം. തറവാട്ടുവകയായും മററും ഭാഗത്തിൽ ലഭിച്ച വസ്തുക്കളുടെ സർവ്വേനമ്പരും എല്ലുകയും മററും നോക്കി കണ്ടുപിടിച്ചാൽ ദേമ്പനാട്ടുകായലിന്റെ നടുവിൽ പതിച്ചുകൊടുക്കാതെകിടക്കുന്ന കഴുക്കോൽകുത്തില്ലാത്ത വെള്ളക്കുഴികളായിരിക്കാൻ ആണു് ന്യായം. അതല്ലാ, ചാന്നാങ്കരത്തോടിന്റെ ഇരുവശവുംകിടക്കുന്ന ചൊരിമണലാണെങ്കിലോ ഭാഗ്യം. എന്തായാലും ശ്വശുരന്റെ സ്വന്തസമ്പാദ്യം അമ്മുവും അമ്മുവിനെപ്പോലെ ഒരു ഡസൻ കാർകൊണ്ട പ്രായത്തിലെത്തിയ തരുണിമണികളുമാണു്. അദ്ദേഹത്തിന്റെ ചെറുപ്പകാലത്തെ കുടിവകയിൽ (ശക്തിപൂജയും മദ്യസേവയും വകയിൽ) സമ്പാദിച്ച കടകുറെ വല്ലതും കണ്ടു എന്നുംവരാം ഇതുകൂട്ടരെ ഇൻ-ലാ-എന്നു പറഞ്ഞതു അവരുടെ ഖ്യാതി അവർ ശ്വശുരൻവഴിയായി ആൎജ്ജിച്ചുകൊള്ളുന്നതുകൊണ്ടാണു്. ഇതൊന്നും പറയാനില്ലാത്ത വേറൊരു പതിഞ്ഞാട്ടബ്ജോറന്മാരുണ്ടു്. അവരുടെ "കുടുംബം" ആണു് പ്രധാനം.

(ശേഷം 21-ാംപേജിൽ)


വസ്ത്രങ്ങൾ
നല്ലവണ്ണം വെളുക്കണമെങ്കിൽ



501 അഴുക്കു മുഴുവനും ഇളക്കുന്നു. വസ്ത്രങ്ങൾക്കു യാതൊരു നിറപ്പിഴയും ഉണ്ടാക്കുന്നില്ല.

501
സോപ്പ്
ഉപയോഗിക്കുക.

501 മുഴുവനും സോപ്പുതന്നെയാണു്. വലിപ്പത്തിനായി അതിൽ യാതൊന്നും കൂട്ടിക്കൂട്ടുന്നില്ല.




ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)
ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറ്
19 എ. വാണിയർ സ്ട്രീററ്;
ജി. ടി. മദ്രാസ്

ചെറുകഥാപംക്തി

# അവരിലാരാണ് അമ്മ.

(എൻ. ലളിതാംബികഅന്തർജ്ജനം)

"നോക്കണേ! ഈ തെമ്മാടിക്കള്ളൻ ചെയ്തവേല. എൻെറ മുണ്ടുംമേലുമെല്ലാം അഴുക്കാക്കി. സ്ക്കൂളിൽ പോകണമെങ്കിൽ ഇനിയും ഡ്രസ്സുചെയ്യണം. ആയേ, ഇവനെയങ്ങു എടുത്തുകൊണ്ടുപോകൂ എന്നെ ഉപദ്രവിക്കാതെ."

മുണ്ടിൽപിടിച്ചു തൂങ്ങി മടിയിലേക്കു വലിഞ്ഞുകയറുന്ന മകനെ പിന്നോട്ടു പിടിച്ചുമാറ്റിക്കൊണ്ടു രുഗ്മിണിഅമ്മ ഇങ്ങനെ വിളിച്ചുപറഞ്ഞു "ഇല്ല, ഞാൻ പോവില്ല. നിശ്ചയമായും പോവില്ല. അല്ലെങ്കിൽ അമ്മ എനിക്കു അമ്മിഞ്ഞി തരൂ." പുടവത്തുമ്പിലെ പിടിവിടാതെ ശാഠ്യത്തോടെ കുട്ടി ഇങ്ങനെ തുടങ്ങി. "അതേ- അമ്മിഞ്ഞി. മൂന്നുനാലു വയസ്സായ മുതുകുട്ടിയനല്ലേ ഇനി അമ്മിഞ്ഞി. ഇതെന്തുനാശമാണ് ആയേ. ജോലിസമയത്തു എന്നെ ഇങ്ങനെ വിഷമിപ്പിക്കാനാണോ ഞാൻ മാസാമാസം ശമ്പളംതരുന്നതു്." അടുത്തു നിന്ന ആയയോടു കോപസ്വരത്തിൽ ഇങ്ങനെ പറഞ്ഞു അമ്മ കുഞ്ഞിനെ ബലമായി പുറകോട്ടു പിടിച്ചുതള്ളി. അവനോ ആ തള്ളൽകൊണ്ടുള്ള ദേഷ്യത്താൽ താഴെവീണുരുണ്ടു കരച്ചിൽതുടങ്ങി. ആയ അടുത്തുചെന്നിരുന്നു സമാധാനപ്പെടുത്തി പറഞ്ഞു. "ഓമനേ വരൂ ആയ ടെ കനിറയെ കല്ലുണ്ടും മുന്തിരിങ്ങായും തരാമെല്ലോ കരയാതിരിക്കു"

"ഇല്ല—ഇല്ല അമ്മ എന്നെ തള്ളിവീഴത്തി. അയ്യോ എനിക്കു നോവുന്നു." അവിടെ കിടന്നുരുണ്ടു അത്യുച്ചത്തിൽ അലറിക്കൊണ്ടു അവൻ നിലവിളിച്ചു. അശ്രുകലുഷമായ മുഖം അരുണവർണ്ണമായി ഉടുപ്പും മുടിയുമെല്ലാം പൊടപുരണ്ടു മലിനമായി. "അയ്യേ, ഈ പുത്തനുടുപ്പെല്ലാം ചെളിയായല്ലോ. ഇനിയെങ്ങിനെ നാം സവാരിക്കുപോകും. തങ്കം വരൂ; ആയ ചെണ്ട കൊട്ടിക്കാം നമ്മുടെ ആ കൊച്ചുചെണ്ട" മന്ദമായി എടുക്കാൻ ശ്രമിച്ച ആയയുടെ മുതുകിൽതന്നെ നല്ല ചെണ്ട കാട്ടി അവൻ കിടന്നു പുളഞ്ഞു.

സൈ്വരഹീനമായ ചില്ലിച്ചുളിവോടെ രുഗ്മിണിഅമ്മ തിരിഞ്ഞുനോക്കി. ആ അസത്തിനെയെടുത്തു എവിടെയെങ്കിലും കൊണ്ടുപോകൂ എന്ന് ആ ഗംഭീരാജ്ഞ വീണ്ടും മുഴങ്ങി. പാവം ആയ അവളെന്തുചെയ്യും. ഈ ദുർവാശിക്കാരൻകുട്ടിയുടെഅടുത്തുപഠിച്ച പണി പതിനെട്ടും ഫലപ്പെടുന്നില്ല. അടുത്തുചെന്നു കൈകൂപ്പി അവസാനത്തേക്കായി അവളിങ്ങനെ പറഞ്ഞു "ഇതാ നോക്കു കുഞ്ഞേ. ഇങ്ങു വന്നില്ലെങ്കിൽ ഞാനിതാ വീട്ടിൽപോകയായി. വെറുതേ എന്തിനിവിടെ താമസിക്കുന്നു." അവൻ വഴിപ്പെട്ടു ഓടിച്ചെന്നു കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു "അയ്യോ നിങ്ങൾപോകരുതേ ഞാൻ വരാം." പാറിപ്പറന്ന തലമുടി പതുക്കെയൊന്നു ഒതുക്കി. പരവശമായ മുഖത്തു ചുംബിച്ചു ആയ കുഞ്ഞിനേയുംകൊണ്ടു പുറത്തിറങ്ങിപ്പോയി. അമ്മയോ ഇതൊന്നുമറിയാതെ തൻെറ എഴുത്തുജോലിയിൽ മുഴുകി ഇരിക്കയായിരുന്നു.

ശ്രീമതി രുഗ്മിണിഅമ്മ ബി. ഏ., എൽ. ടി. ഒരു ഹെഡ്മിസ്ട്രസ്സ് ആണ്. അതെ- ഓജസ്സും ഉജ്ജ്വലതയും നിറഞ്ഞ ഒരുദ്യോഗസ്ഥ. വിദ്യാലയസംബന്ധമായ തൻെറ ജോലികൾ പ്രശംസനീയമാംവിധംതന്നെ അവൾ ചെയ്തുപോന്നു. അഴിമതിയോ അലസതയോ അവിടെ കണികാണ്മാനില്ല. പക്ഷെ, അനേകം കുട്ടികളുടെ ഭാവിയെ സൃഷ്ടിക്കേണ്ട അവൾക്കു സ്വന്തം കുട്ടിയെപ്പറ്റി ശ്രദ്ധിക്കാനവസരം കിട്ടിയില്ലെന്നതിൽ അത്ഭുതപ്പെടാനില്ലല്ലൊ. അടുക്കളയുടെ പടിയിലും ആയയുടെ മടിയിലുമായി ഗോപി അങ്ങനെ വളർന്നുവന്നു. ആരോഗ്യവും അംഗലാവണ്യവും തികഞ്ഞ കുട്ടി. അവനൊരു മുട്ടാളനാണ്. ആരെയും വകവയ്ക്കയില്ല. ആയയെ തീരെയില്ല. ഇഷ്ടമില്ലാത്തതെന്തും തട്ടിത്തകർക്കും.

അവൻെറ ചൊടിയും ചുണയുംകണ്ടു അച്ഛനായ ഇൻസ്പെക്ടർ കരുണാകരൻ അവിടെ വരുമ്പൊഴെല്ലാം ഇങ്ങനെ പറയുമായിരുന്നു. "രുഗ്മിണീ! ഇവനൊരു പോലീസുകാരനാകുമെന്നു തോന്നുന്നു- വെറും ഇൻസ്പെക്ടരല്ല കമ്മീഷണർതന്നെ ആയേക്കും ആജ്ഞാശക്തി അത്രയുണ്ട്." പരിഭവസ്വരത്തിൽ ചിരിച്ചുകൊണ്ടു അവൾ പറഞ്ഞു. "അതേ അതേ. അതുവരെ വളത്താൻ ആരെക്കൊണ്ടുസാധിക്കുമോ. എന്നെ കഷ്ണിപ്പിക്കുന്നതിനു കണക്കില്ല. ഇവിടെയുള്ളതെല്ലാം തട്ടിത്തകർക്കും. പാവം ഈ ആയയില്ലെങ്കിൽ എങ്ങിനെയോ?

പെട്ടെന്നു എന്തോ ഓർത്തുപോലെ ഗോപി വിങ്ങിവിങ്ങി പറഞ്ഞു. "അച്ഛാ! അമ്മ എന്നെ തല്ലി – പിടിച്ചു തള്ളിയിട്ടു- ഇല്ലെങ്കിൽ ആയയോടു ചോദിക്കൂ."

സത്യമാണോ രുഗ്മിണി- ഇതാ ഇവനൊരു ഹർജികൊണ്ടുവന്നിരിക്കുന്നു. ശരിയായ സമാധാനം പറഞ്ഞുകൊള്ളൂ. ഇല്ലെങ്കിൽ കേസു ഞാൻ ചാർജ്ജുചെയ്യും. ആയേ, നിങ്ങളാണ് ഒന്നാംസാക്ഷി. അകലെ ആനന്ദത്തോടെ നോക്കിനിന്ന ആയയോടായി ചിരിച്ചുചിരിച്ചു കുഴഞ്ഞുകൊണ്ടു ഇൻസ്പെക്ടർ ഇങ്ങനെ പറഞ്ഞു

"അപ്പോൾ അമ്മയ്ക്കും ചില കേസൊക്കെ കൊടുക്കാനുണ്ടാകും കേട്ടോ ഗോപി" അമ്മയും ചിരിച്ചു "അച്ഛൻ പോകുമ്പോൾ ഞാൻകൂടി വരുന്നു. കേട്ടോ അച്ഛാ. ഈ അമ്മ വേണ്ടാ എന്നെ എടുക്കില്ല" എന്നു ഗോപി കൊഞ്ചിക്കുഴഞ്ഞു.

"അമ്മവേണ്ടാ, ശരി; അപ്പോൾ ആയയോ" രുഗ്മിണിഅമ്മ ഇടയ്ക്കുകയറി പറഞ്ഞു അയ്യോ ഇല്ല-ഇല്ല ഞാൻ പോവില്ല. അവൻ തലപൊക്കിയൊന്നു നോക്കി. പെട്ടെന്നെണീറ്റു ഓടിപ്പോയി. എന്തുകൊണ്ടോ എന്തോ ആയയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അസുലഭമായ എന്തൊ രത്നമെന്നപോലെ ബാലനെ എടുത്തു മാറത്തു ചേർത്തു തുടുത്ത കവിൾത്തടത്തിൽ തുടരെത്തുടരെ ഉമ്മവച്ചു അവൾ അവിടെനിന്നു പോയപ്പോൾ ആനന്ദത്തോടെ അമ്മ പറഞ്ഞു അവൻെറ ഭാഗ്യംകൊണ്ടാണു ഈ ആയയെ കിട്ടിയതു്. അവളുടെ സ്വന്തം മകനെക്കാൾ സ്നേഹിക്കുന്നു എനിക്കൊരിക്കലും തിരിഞ്ഞുനോക്കാൻ സമയമില്ലല്ലൊ.

അതിനെന്തു്? രുഗ്മിണി അനേകം കുട്ടികളെ വളർത്തുന്നു. അപ്പോൾ രുഗ്മിണിയുടെ കുട്ടിയെ അന്യർ വളർത്തേണ്ടതല്ലെ. എന്തൊഒരർത്ഥംവച്ചു് അദ്ദേഹം ഇങ്ങനെ പറഞ്ഞു.

* * *

ആപത്തുകൾ വരുന്നതു അപ്രതീക്ഷിതമായാണല്ലോ. ആ ഉദ്യോഗസ്ഥദമ്പതികൾക്കു ഇതൻഭവപ്പെട്ടു ഇൻസ്പെക്ടർ അതികഠിനമായ ജ്വരാധീനനായി. ഡാക്ടരും നഴ്സും ഔഷധങ്ങളുമായി അവിടം ഒരാശുപത്രിയായി രൂപാന്തരപ്പെട്ടു. ഭർത്തൃപരിചരണത്തിനു അവധിയെടുത്ത രുഗ്മിണിഅമ്മയും പരിഭ്രാന്തയായി. പ്രിയൻെറ പര്യങ്കത്തിൽനിന്നു പിരിയാതിരുന്നു.

സാധു ഗോപിയുടെയും ആയയുടെയുംകാര്യം; അതിപ്പോൾ ആരു ശ്രദ്ധിക്കാനാണ്. അടുക്കളക്കാരി മാധവിക്കു പണ്ടേ അവളോടസൂയയാണ്. ആയയുടെ സ്വഭാവമാധുര്യവും അടുത്ത പെരുമാറ്റവുംകൊണ്ടു അവൾ അവിടത്തെയെന്നതുപോലെ തിന്നിരുന്നു- ശമ്പളത്തിനായി മാത്രം സേവിക്കുന്നമാധവിക്കു ആ നില കിട്ടിയിരുന്നില്ല. ഒരു കുഞ്ഞിനെയെടുക്കാൻ ആർക്കാവില്ലാത്തതു്. അവടെ ഭാവംകണ്ടാൽ കൊച്ചമ്മയാണെന്നുതോന്നും. അരുമതാ. പൊട്ടുംതൊട്ടു പൂവുംചൂടി നടക്കുന്ന അവളെഎന്തുകാര്യമാണെല്ലാർക്കും. വെളുത്താലിരുട്ടുന്നവരെ അടുപ്പൂതുന്ന എനിക്കോ ഒരു വെളുത്ത തുണിപോലും തരില്ല. ഇങ്ങനെ ചില അസൂയാമന്ത്രങ്ങൾ അടുക്കളത്തളത്തിൽ ചിലപ്പോഴൊക്കെ കേട്ടിരുന്നു. പക്ഷെ ആയ അതൊന്നും അത്ര ശ്രദ്ധിച്ചില്ല എന്നാലിപ്പോഴൊ അറിയാനാരുമില്ലെന്നായപ്പോൾ ആവശ്യമുള്ളത്ര ചോറുംകൂടി കിട്ടാതായി എന്നാലും ആയ ആരോടും ആവലാതിപ്പെട്ടില്ല ആ സന്ദർഭം അലട്ടാനുള്ളതല്ലെന്നു അവൾക്കറിയാം. കാണുന്നതെല്ലാം വേണമെന്നു കരയുന്ന കുഞ്ഞിനെയുംകൊണ്ടു രോഗിയെ സ്വൈരംകെടുത്താതിരിക്കാനായി അവൾ രാവിലെ എങ്ങോട്ടെങ്കിലും ഇറങ്ങിപ്പോകും. കുതിച്ചൊഴുകുന്ന നദിതീരത്തൊ കുളിർകാറ്റുമേറ്റു കുന്നിൻപുറത്തോ ചെന്നിരുന്നു കുപ്പിപ്പാലും കയ്യിൽകൊടുത്തു കുട്ടിയെ കളിപ്പിച്ചുകൊണ്ടിരിക്കും. ഇങ്ങനെ പ്രസന്നമായ ജീവിതരീതികൊണ്ടു ഗോപി പൂർവാധികം ആ

രോഗ്യവാനായി. എന്നാൽ ആയയൊ–അവരം അത്യധികം ക്ഷീണിച്ചു. അധികമായ അദ്ധ്വാനവും ആഹാരമില്ലായ്മയും അതിന്നു കാരണമായിരുന്നു ദിനങ്ങരം കുറേക്കഴിഞ്ഞു. രോഗമുക്തനായ ഇൻസ്പെക്ടർ തനിയേ എണീററിരിക്കാമെന്നായി ആശങ്കമാറിയ രുഗ്മിണിഅമ്മയും അല്പം ആശ്വസ്ഥയായി.

രുഗ്മിണീ! നമ്മുടെ ഗോപിയെ കണ്ടിട്ടു എത്രദിവസമായി ഇവിടെ കൊണ്ടുവരാൻ പറയൂ.

അച്ഛൻ ഇങ്ങനെ പറഞ്ഞപ്പോഴാണു് അമ്മയും അക്കാര്യം ഓർത്തതു്. ആഹാ അവനെവിടെ? കാണാൻ ധൃതിയായല്ലോ. ആയേ-ആയേ- എന്നുള്ള വിളികരം അവിടമെങ്ങും മുഴങ്ങി.

"ആയ എവിടെ " അടുക്കളക്കാരി പറഞ്ഞു. "അങ്ങുന്നിനു ദീനമായതുമുതൽ അവരിവിടെയെങ്ങുമിരിക്കാറില്ല. ഈ കഷ്ടതയൊക്കെ കണ്ടിട്ടവൾക്കെന്തുവേണം. കുഞ്ഞിനേംകൊണ്ടു വെളുക്കുമ്പം എറങ്ങിയാപ്പിന്നെ ഇരുട്ടിയേവരൂ. എവിടെയോഎന്തോ." അപ്പോരം അവനു ആഹാരമോ എന്നു രുഗ്മിണിഅമ്മ ചോദിച്ചു. അതിനല്യോ ഒരു വട്ടിനിറച്ചു റൊട്ടീം പഴോംകൂടെ കൊണ്ടുപോകുന്നതു്. അവക്കും തിന്നാണ്ട്യോ.

ശരി. ഈ രോഗബീജത്തിനിടയ്ക്കു അവനെ ഇരുത്താഞ്ഞതുതന്നെ നല്ലതു് എന്നു ഇൻസ്പെക്ററർ ആശ്വാസപ്പെട്ടു.

വൈകിട്ടു് ഒരു പുതിയ അലട്ടലുംകൊണ്ടാണു് ഗോപി വന്നുചേർന്നതു്. അച്ഛൻ വിളിച്ചുവെന്നു കേട്ടപ്പോഴെ അത്യുത്സാഹത്തോടെ അവൻ ഓടിച്ചെന്നു. അച്ഛാ! ആ വാസവൻെറ വണ്ടിയില്ലേ? അതുപോലെയൊന്നു എനിക്കും വാങ്ങിത്തരുമോ- അച്ഛാ, എത്ര രസികൻ വണ്ടിയാണതു് കിതച്ചുകിതച്ചുച്ചരിച്ച ഈ വാക്കുകളോടെയാണു് അവൻ കുതിച്ചുചെന്നു മടിയിൽ കയറിയതു്. സോദാർദ്രമായ ആ കൊച്ചുശിരസ്സിൽ കൌതുകത്തോടെ തലോടിക്കൊണ്ടു അച്ഛൻ ചോദിച്ചു. ഏതു് വാസവനാണോമനേ.

അതോ ആ നല്ല നീലഉടുപ്പിട്ട വാസവൻ. അതുപോലെ ഒരുടുപ്പും എനിക്കു വേണമച്ഛാ. ഇപ്പോരം അപേക്ഷ ഒന്നു പോയി രണ്ടായി. ആട്ടെ, എൻെറ മകനു അതിലും നല്ലഉടുപ്പും വണ്ടിയും വാങ്ങിത്തരാംഎന്നു ഇൻസ്പെക്ററർ സമാധാനപ്പെടുത്തി. എന്നു വാങ്ങിത്തരും; ഇന്നോ അതോ നാളയോ? ഇന്നോ, ഇന്നിനി സമയമില്ലല്ലോ.

എന്നാൽ നാളെമതി. നാളെ തന്നില്ലെങ്കിൽ ഞാൻ അച്ഛൻെറ ഈ മീശയെല്ലാം പിഴുതെടുക്കും എന്നു് നീണ്ടുനിൽക്കുന്ന മേൽമീശയുടെ അററംപിടിച്ചു വലിച്ചുകൊണ്ടു കുട്ടി പറഞ്ഞു. അയ്യോ അതു വലിയ ശിക്ഷതന്നെ. അതില്ലെങ്കിൽ അച്ഛൻെറ ഉദ്യോഗവും പോകും. പിന്നെ വണ്ടിയും കിട്ടില്ല എന്നായി അദ്ദേഹം.

അച്ഛനെ ഉപദ്രവിക്കാതെ ഇങ്ങുപോരൂ ഗോപീ. അച്ഛനു നിന്നെ എടുക്കാൻതന്നെ ശക്തിയില്ല എന്നു രുഗ്മിണിഅമ്മ കൈനീട്ടി. അതു തട്ടിമാററിക്കൊണ്ടു അവൻ പറഞ്ഞു. പോവൂ അമ്മേ, ഞാൻ വരില്ല. അച്ഛാ ഈ അമ്മയ്ക്കു നല്ല തല്ലു കൊടുക്കണേ.

കൊടുക്കാം—കൊടുക്കാം പക്ഷെ ഇപ്പോരം സാധിക്കില്ല. കുറേക്കൂടെ പാലും മരുന്നുമൊക്കെ തരാൻ അമ്മയോടു പറയൂ എന്നിട്ടാട്ടെ. ഇൻസ്പെക്ടർ ചിരിച്ചു. ഗോപിക്കിപ്പോരം നല്ല ആരോഗ്യമുണ്ടു്; ഇല്ലേ രുഗ്മിണി. പക്ഷെ ആയ അതുപോലെ ചടച്ചുമിരിക്കുന്നു. അതെന്താണു ആയേ. അവരം ഒന്നും മിണ്ടാതെ തല താഴ്ത്തി.

നിങ്ങരം ഉണ്ണാറില്ലേ. യജമാനൻ അനുകമ്പയോടെ ചോദിച്ചു. ആയയുടെ തൊണ്ട ഇടറി "ചിലപ്പോഴൊക്കെ." എന്നാൽ അതുപോരാ. ശരിയായി ആഹാരംകഴിക്കണം. നിങ്ങളുടെ ശരീരസ്ഥിതിയിലാണു ഗോപിയുടെ ആരോഗ്യവും ഇരിക്കുന്നതു് കേട്ടോ. അവളുടെ കണ്ണിൽ അശ്രുനിറഞ്ഞു. അതു കാണാതിരിക്കാൻ തിരിഞ്ഞു നടന്നുകളഞ്ഞു

പിറേറദിവസം കണ്ണുതുറന്നു എണീററപ്പൊഴേ ഗോപി ചോദിച്ചു. അച്ഛാ എനിക്കു വണ്ടി വണ്ടിഎവിടെ. ഇന്നു വാങ്ങിത്തരാമെന്നല്ലെ പറഞ്ഞതു്. കുശാഗ്രബുദ്ധിയായ ബാലനോടു വൃഥാ വാഗ്ദാനം നീട്ടിയിട്ടു ഫലമില്ലെന്നുകണ്ടു ഇൻസ്പെക്ടർ കുഴങ്ങി. ചികിത്സച്ചിലവിന്നായുംമററും വലിയൊരുതുക കടവുംകൂടിയായിരിക്കുന്ന ഇപ്പോരം ചിലവുംകഴിഞ്ഞു യാതൊരു മിച്ചവുംവയ്ക്കാത്ത താൻ എന്തുചെയ്യും. ചുരുങ്ങിയതു 50 രൂപായെങ്കിലുമില്ലാതെ ഒരുവണ്ടിവാങ്ങാൻ സാധിക്കയില്ല.

ഭർത്താവിൻെറ വ്യാകുലഭാവം കണ്ടു രുഗ്മിണിഅമ്മ പറഞ്ഞു. ഗോപി വെറുതേ ശാഠ്യംപിടിക്കാതിരിക്കൂ വണ്ടി വാങ്ങിത്തരാം നിനക്കു കേറാറാകട്ടെ ഇപ്പോരം കേറിയാൽ വീണുപോകും.

അപ്പോരം ആ വാസവനെക്കാരം കൊച്ചാണെന്നോ ഞാൻ

പുരികക്കൊടി ചുളിച്ചു് അഭിമാനഭംഗത്തോടെ അവൻ പറഞ്ഞു നിനക്കു എന്തുകണ്ടാലുംവേണം. പോഅവിടുന്നു്. കൊഞ്ചിക്കൊഞ്ചി ധൃത്യുമായി എന്നു പോംവഴിയില്ലാതെ കോപിഷ്ടയായി അമ്മ ശാസിച്ചു. അവൻ അവിടെകിടന്നുരുണ്ടു കരയാനുംതുടങ്ങി അടുക്കളക്കാരി മാധവി അവസരംകണ്ടു പറഞ്ഞു. വെറുതേയെന്തിനാ കൊച്ചമ്മ കുഞ്ഞിനെ പറയുന്നതു്. അതിനു വല്ലതുമറിയാമോ. എന്തുകണ്ടാലും ചോദിക്കാൻ പറഞ്ഞയച്ചിട്ടാ അതു പഠിച്ചു പോയതു്.

ആയയ്ക്കു ദേഷ്യംവന്നു. അതേഅതേ. നിന്നോടു ചോദിക്കാൻ പറഞ്ഞയച്ചില്ലല്ലൊ. നീ നിൻെറ ജോലിക്കുപൊയ്ക്കോ. കുഞ്ഞിൻെറ കാര്യം എനിക്കറിയാം. "പോടീ കൊച്ചമ്മക്കു കാര്യാന്നുവച്ചു എന്നെ തല്ലാൻവന്നാൽ പററില്ല" എന്നു അവളും കയർത്തു.

അതേഅതേ. കൊച്ചമ്മ കാണാനില്ലാഞ്ഞപ്പോരം നീ എങ്ങനാ എന്നോടു പെരുമാറിയതെന്നൊക്കെ എനിക്കറിയാം. കാണുന്നോർക്കുമറിയാം.

പിന്നെ പിന്നെ. കൊച്ചമ്മചമയ്ക്കുന്നുവെച്ചു കയ്ക്കു വെള്ളംതരാനും കിണ്ണംമെഴക്കാനുമൊന്നും ഞാനില്ല. നീയല്ല എനിക്കു ശമ്പളംതരുന്നതു്.

ഇങ്ങനെ ആ സാരമില്ലാത്ത വഴക്കു അവിൽ സംക്രമിച്ചു വലുതായി. ഗോപി അന്നു ഉണ്ടില്ല. ആയയും അങ്ങനെ തന്നെയെന്നു പറയേണ്ടതില്ലല്ലൊ.

വളരെനേരം കരഞ്ഞുകരഞ്ഞു വിശന്നു തളർന്നുറങ്ങുന്ന കുഞ്ഞിൻെറ വിവശമുഖം നോക്കി വിഷണ്ധയായിരുന്ന ആയ ഇങ്ങനെ പറഞ്ഞുപോയി അച്ഛനുമമ്മയ്ക്കുംകൂടി മാസം മുന്നൂറൊണ്ടു ശമ്പളം. എന്നിട്ടും ഈ ഒരു മകനു ഒരു കളിപ്പാട്ടം വാങ്ങാൻ പാങ്ങില്ലപോലും. ആട്ടെ ഞാൻ നോക്കട്ടെ പതുക്കെപ്പതുക്കെ അവൻെറ പുറത്തു തലോടി അ ളും കിടന്നു. പിറേറന്നു രാവിലെ രുഗ്മിണിഅമ്മയുടെ അടുത്തുചെന്നു അവരം പറഞ്ഞു. കൊച്ചമ്മെ, ഞാൻ വീട്ടിലൊന്നു പോയിവരട്ടെ. വേഗം വരാം.

എന്തിനാണിപ്പോരം പോകുന്നതു്. അത്രനേരം ഗോപിയേയുംകൊണ്ടു ഞാനെന്തു ചെയ്യും

കുറേനാളായില്ലെ പോയിട്ടു്. വൈകുമ്പോഴേക്കും വരാം. കുഞ്ഞു കരയില്ല. നിനക്കു നിശ്ചയമാണൊ കരയില്ലെന്നു-അതേ ആയ അവൻെറ അടുത്തുചെന്നു എന്തോ രഹസ്യംപറഞ്ഞു. ഗോപി തലകുലുക്കി പറഞ്ഞു. ഇല്ല–ഇല്ല- നിശ്ചയമായും കരയില്ല.

അവൻെറ കളിസാമാനങ്ങരം ഒരു മേശമേൽനിരത്തി അതിനടുത്തിരുത്തിയിട്ടു പറഞ്ഞു: ആയ വരുന്നാവരെ ഇവിടെ ഇരുന്നു കൊള്ളണം; കേട്ടൊ.

ചിരിച്ചുകൊണ്ടു അവരം ഇറങ്ങിപ്പോയി. ഉച്ചതിരിഞ്ഞപ്പോരംമുതൽ ഗോപി പടിക്കൽ കാവലായി. ഏകദേശം നാലുമണിയോടെ ആയയും വന്നുചേർന്നു. കൂടെ ഒന്നാന്തരം ഒരു വണ്ടിയുമുണ്ടു്. വാസവൻെറ വണ്ടിയെക്കാരം എത്ര കേമം. ഹാ എന്തൊരു പകിട്ടു്. ഗോപി തുള്ളിച്ചാടാൻതുടങ്ങി. നോക്കൂ- ആയേ നോക്കൂ. ഇനി എനിക്കൊരു നീലഉടുപ്പുവേണം അല്ലെ. അതേ. അതും ഞാൻ കൊണ്ടുവന്നിട്ടുണ്ടല്ലൊ.

പുതിയ ഉടുപ്പുമിട്ടു ഗോപി വണ്ടിയിൽ കയറി- നോക്കൂ അമ്മേ അമ്മയല്ലേ പറഞ്ഞതു എനിക്കു വണ്ടികയറാൻ അറിഞ്ഞുകൂടെന്നു. കണ്ടോ ഇപ്പോരം—അവൻ ആ കൊച്ചുകാലുകരംകൊണ്ടു ചവുട്ടിത്തുടങ്ങി.

നിനക്കു തരുന്ന ശമ്പളംപോലും കുഞ്ഞിനു് ഓരോന്നു വാങ്ങിക്കൊടുത്തുതീർക്കുകയേ ഉള്ളു. ഇപ്പോരം ഇതെവിടുന്നാണു് ആയേ എന്നു വിസ്മിതയായ രുഗ്മിണിഅമ്മ ചോദിച്ചു. കുഞ്ഞു വലുതായി വല ഉദ്യോഗസ്ഥനാവുമ്പോരം എല്ലാം എനിക്കു തരും. എന്നാൽ അതു് ഉണ്ണാതിരുന്നാൽ ചത്തുപോകുമല്ലോ. ഞാൻ ആ പീടികക്കാരനോടു ചോദിച്ചു ഒരുമാസത്തേക്കു അവധ പറഞ്ഞു. എന്തോ കുഞ്ഞിൻെറ ഭാഗ്യംതന്നെ.

രുഗ്മിണിഅമ്മ വേഗം ചെന്നു ഭർത്താവിനോടും വിവരമെല്ലാം പറഞ്ഞു. അവ

(ശേഷം 17-ാംപുറം)

# സമാഗമം.

(ചങ്ങമ്പുഴ കൃഷ്ണപിള്ള.)

I

ആനന്ദദേവതേ! നീയുറങ്ങു-
മാമണിമച്ചിൻകവാടകത്തിൽ
പ്രേമപരവശൻഞാനൊരിക്കൽ
രോമഹർഷത്തിനെസ്സാക്ഷിനിർത്തി,
സല്ലാപലീലകൾക്കായി,നിന്നെ-
ത്തെല്ലിടമുട്ടിവിളിച്ചുനോക്കി. 6

വാനവുംഭൂമിയുമൊപ്പമപ്പോൾ
പൂനിലാപ്പൊയ്കയായ്ത്തീർന്നിരുന്നു.
ഇല്ലൊരുകാർമുകിൽപോലുമെങ്ങും
എല്ലായിടത്തുംതനിപ്രകാശം.
തെററിത്തെറിച്ചു,ചെടിപ്പടപ്പിൻ
ചുററുമായ നേരിയമർമ്മരങ്ങൾ.
വാസന്തിപ്പൂമണംപൂശിപ്പൂശി
വാസന്തവായുതളർന്നുവീശി. 14

ഗാനംതുളുമ്പുന്നവേണുവുമായ്
ഞാനെൻനിഴലിൽമറഞ്ഞുനില്ക്കേ;
നശ്വരമല്ലാത്തൊരത്ഭുതംപോൽ
വിശ്വമെൻമുന്നിൽപരിലസിച്ചു.
മൽപ്രതാപത്തിൻപ്രതിഫലിത-
സ്വപ്നമായ്ഞാൻകണ്ടോരാനന്ദമേ!
നിന്നിളംപുഞ്ചിരിപ്പൂക്കളോരോ-
ന്നെന്നാത്മതന്തുവിൽകോർത്തിണക്കി
ആകമ്രമാമൊരുമാലകെട്ടി
ലോകത്തിനേകുവാൻഞാൻകൊതിച്ചു!
വാരൊളിവീശുമതിൻവിലാസം
വാടാത്തതാണെന്നുഞാൻഭ്രമിച്ചു 26

ആകയാലാനന്ദദേവതേ! നി-
ന്നേകാന്തസുപ്തിയവഗണിച്ചും
നിൻമുറിവാതിലിൽമുട്ടിമുട്ടി-
പ്പിന്നെയുംപിന്നെയുംഞാൻവിളിച്ചു! 30

എന്നാൽ,നീ കഷ്ടം!മുണർന്നതില്ല
നിൻമുറിവാതിൽതുറന്നതില്ല;
ഓമനപ്പാട്ടുകൾപാടിടാനെ-
ന്നോടക്കുഴലിനന്നായതില്ല!...
ക്രൂരിരുളായി,നിലാവുപോയി
താരകളെല്ലാംമയങ്ങിമങ്ങി.
ഘോരനിരാശയാൽമൂകനായ്,ഞാ-
നാരാവിലൊററയ്ക്കുപിന്മടങ്ങി.

... ... ... ... ... ...
... ... ... ... ... ...

ആവിധംപിന്നെയുംപിന്നെയുമെ-
ന്നാവർത്തനക്രിയാദൃശ്യകങ്ങൾ
കണ്ണീർമഞ്ഞ്ചാഞ്ഞുററുനോക്കിനിന്നി-
ല്ലൊന്നുപോലെത്രയോ യാമിനികൾ!!
എന്നാലും,തന്നില്ലനുമതിനീ
നിന്നാട്ടത്തൊന്നുതാൻവന്നുചേരാൻ! 44

II

ആനന്ദദേവതേ!നിൻപടിക്കൽ
ഞാനെത്രകണ്ണീർചൊരിഞ്ഞുകാണും!
സ്വച്ഛന്ദഗീതംതുളുമ്പിയോരെൻ
കൊച്ചുമുരളിതകർന്നുപോയി.
പൊന്നുടുപ്പെല്ലാമഴിച്ചുമാററി-
യെന്നാത്മരൂപംഞാൻനഗ്നമാക്കി.
ഗാനസാമ്രാജ്യത്തിൻവിസ്തൃതിയിൽ
ഞാനൊരുനിസ്സ്വഭിക്ഷുവായി.
സാർവഭൌമത്വംപരിത്യജിച്ചും
സാധാരണത്വംപരിഗ്രഹിച്ചും
മാമകപ്രേമതീർത്ഥാടനത്തിൻ
"നാമംജപ"ങ്ങൾകിളർന്നുപൊങ്ങി.
ആയവ,മൊട്ടിട്ടൊ,രാർദ്രമായോ-
രാമോദധാരയിലെന്നെമുക്കി.
ആശാമധുരമാംചിന്തകളെ-
ന്നാശയരംഗത്തിൽനൃത്തമാടി 60

അന്നെൻപരിസരംലാളനയാ-
ലെന്നെയെടുത്തുശിരസ്സിലേററി.
എന്നാലതിൻകൈകൾതന്നെയിപ്പോ-
ളെന്നെദ്ദൂരത്തേയ്ക്കുവാരേറെറിഞ്ഞു... 64

തല്ലിച്ചതഞ്ഞമനസ്സുമായ്,ഞാൻ
മെല്ലെയെണീററുനടന്നുനോക്കി.
വാസരതേജസ്സെരിഞ്ഞുവാടി
വാനിൽകരിങ്കാറിരുണ്ടുകൂടി.
താരകമില്ല;വെളിച്ചമില്ല;
ചാരുപ്രശാന്തതയെങ്ങുമില്ല;
ചക്രവാളങ്ങൾതെറിച്ചിടുമാ-
റുത്ഭവിച്ചീടുന്നുമേഘനാദം.
എല്ലാമിരുട്ടാണെനിക്കുക്കൈയി-
ലില്ലൊരുകൊച്ചു"പട്ടുതിരി"യും! 74

... ... ... ... ...
... ... ... ... ...

എൻനിഴലെൻമുന്നിൽവീശിവന്നോ-
രന്നത്തെപ്പൂനിലാവെങ്ങുപോയി?
അന്നെൻനിഴലിൽഞാൻനിന്നുവെന്നാ-
ലിന്നാനിഴലെന്നിൽവന്നുനിൽപൂ! 78

ഘോരമാംപാരിയിൽ,ഹാ,ജഗത്തിൻ
ക്രൂരതകൾചേലനമഞ്ഞൊലിക്കെ;
ലോകപരിത്യക്തഭിക്ഷുഞാൻ,നെ-
ന്നേകാന്തയാനംതുടർന്നുവീണ്ടും!!... 82

III

**ആനന്ദദേവതേ!നിൻപടിക്കൽ**
**ഞാനന്നുംതെല്ലിടതങ്ങിനിന്നു.**
എന്നാൽഞാൻനിന്നെവിളിച്ചതില്ല
നിൻമണിവാതിലിൽമുട്ടിയില്ല.
മൽജീവരക്തത്തുടിപ്പിലേതോ
ഗൽഗദംനിന്നുതെറിച്ചിരുന്നു;
എന്നിൽനിന്നപ്പൊഴുംധാരയായി-
ക്കണ്ണീർകണങ്ങളുതിർന്നിരുന്നു! 90

എൻമുന്നിൽപെട്ടെന്നു,സാക്ഷനിങ്ങി
നിൻമുറിവാതിൽവിടർന്നുമാറി.
അത്ഭുതമാമൊരുസൌരഭമൊ-
ന്നപ്പൊഴതെന്നെപ്പുണർന്നണഞ്ഞു.
നിന്നംഗമോഹനഭൂഷകൾതൻ
സംഗീതലോലമാംശിഞ്ജിതങ്ങൾ
എന്നിൽപ്രകാശംപകർന്നിടുമാ-
റെന്നെനീമാറിലണച്ചുപുൽകി
കണ്ണീരിൽമുങ്ങിയസുസ്മിതത്തിൽ
കണ്ടുഞാനെൻസൌന്ദര്യസ്വപ്നസാരം 100

അന്നൊരത്ത്യുൽകടകാമുകൻഞാ-
നിന്നൊരാരാധകനാത്മദാസൻ!
അന്നെൻപ്രതാപത്തിൻശൃംഖലയാ-
ലുന്നിഞാൻനിന്നെയെൻസ്വന്തമാക്കാൻ
എന്നാലാമായികശൃംഖലയ-
ന്നെന്നെയിരുളിലടച്ചുപൂട്ടി
ഇന്നെന്നാലെന്നാത്മരോദനത്തിൻ
മന്ദഹസിതലഹരികളാൽ
സ്വന്തമായ്ത്തീർന്നനിനക്കു,ഞാനെൻ
ചിന്തകൾപോലുംലയിച്ചുനിന്നിൽ 110

മൃത്യുവെന്നോണംമധുരമാകും
സത്യത്തിൻപൊന്നുങ്കതിരുകളാൽ
മാമകകണ്ഠത്തിൽമഞ്ജുളമാം
മാലനീയൊന്നുകൊരുത്തുചാർത്തി!

... ... ... ... ... ...
... ... ... ... ... ...

വല്ലകാലത്തുംനാംവേർപിരിഞ്ഞാൽ
വല്ലപ്പൊഴുംവീണ്ടുംകണ്ടുമുട്ടാം
വിണ്ണിൻവെളിച്ചംകുടിച്ചിട്ടുമെൻ
കണ്ണുകൾരണ്ടുമടഞ്ഞുതീർന്നാൽ
ലോകംപറയും:—"ആക്കണ്ടതേതോ-
ശോകത്തിൻപാഴ്നിഴലായിരുന്നു!"
എന്നാലെനിക്കെന്തു?നിത്യതതൻ
സൌന്ദര്യസാരംനുകർന്നവൻഞാൻ!
ആനന്ദമേ,നിൻസമാഗമത്തിൽ
ഞാനെനിക്കാരെന്നുബോദ്ധ്യമായി!! 124

———

# ലെനിൻ.

(ജാർജ്ജ് വീരാത്തു)

റഷ്യയിലെ ഒരു കോട്ടക്കകത്തു വിഷണ്ണനായ ഒരു നിർഭാഗ്യൻ ആഡംബരരഹിതമായ ചുമരിൽനോക്കി ചിന്താമഗ്നനായിരിക്കുന്നു. "കഷ്ടം! നമ്മുടെ തലയിലെഴുത്തു ഇപ്രകാരമായല്ലോ" എന്നിങ്ങനെ ഉച്ചരിച്ചും അശ്രുകണങ്ങൾ പൊഴിച്ചും ഒരു സാധ്വസ്ത്രീ സമയം കഴിച്ചിരുന്നു. സമീപത്തിരുന്ന നാലഞ്ചു പെൺകുട്ടികൾ ഏങ്ങി തേങ്ങിക്കരയുന്നു.

രാത്രി മണി എട്ടടിച്ചു. അടച്ചിരുന്ന വാതിൽതുറന്നു ഒരു പട്ടാളക്കാരൻ അകത്തേയ്ക്കു കടന്നു "നിക്കോലസ്സ്, പുറത്തുകടക്കു" എന്നു പറഞ്ഞു. ചിന്താമഗ്നനായിരുന്ന ആ നിർഭാഗ്യൻ—പത്തുദിവസം മുമ്പ ചക്രവർത്തിയായിരുന്ന ആ സ്വേച്ഛാധികാരി—പെട്ടെന്നു അവിടെനിന്നു എഴുന്നേററു. കല്പന അനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ പട്ടാളക്കാരൻ നിക്കോലസ്സിനെ വലിച്ചു പുറത്താക്കാൻ കയ്യിൽ കടന്നുപിടിച്ചു. ഇതു കണ്ടുകൊണ്ടിരുന്ന നിക്കോലസ്സിൻെറ പ്രിയപത്നി ബോധരഹിതയായി നിലംപതിച്ചു. അരനിമിഷത്തിനുള്ളിൽ നിക്കോലസ്സ് മുറിക്കുപുറത്തായി.

മിനിട്ടുകൾ പത്തുകൂടികഴിഞ്ഞു. ഇതിനിടയിൽ നിക്കോലസ്സും പട്ടാളക്കാരനും ഒരു കുണ്ടറയിൽ എത്തി. അതാ, അവിടെ എട്ടുപട്ടാളക്കാർ തോക്കുപിടിച്ച് തയ്യാറായി നിൽക്കുന്നു. അവരെ കണ്ടഉടനെ നിക്കോലസ്സ് ബോധമററവനായി. സ്വപ്നത്തിൽ കാണുന്നപോലെ തൻെറ ദീർഘചരിത്രമെല്ലാം അരനിമിഷത്തിനുള്ളിൽ തൻെറ മനോദർപ്പണത്തിൽക്കൂടി കടന്നുപോയി. "ട്ടെ" എന്നു എട്ടുതോക്കും ഒന്നായി പൊട്ടി. പെട്ടെന്നു നിക്കോലസ്സ് ജീവരഹിതനായി നിലംപതിച്ചു. ഒരു മണിക്കൂറിനുള്ളിൽ തൻെറ കുടുംബവും ഇദ്ദേഹത്തെ പിന്തുടർന്നു. ചക്രവർത്തിയും പത്നിയും മക്കളും സൂര്യൻ ഉദിക്കുന്നതിനുമുമ്പ് ഭൂലോകംവിട്ടു. നേരംപുലർന്നപ്പോൾ റഷ്യാഭരണാധികാരിയായിത്തീർന്നതു നിക്കോലസ്സിൻെറ കല്പനപ്രകാരം നാടുകടത്തപ്പെട്ട ഒരു വിപ്ലവകാരിയാണ്. അതേ അദ്ദേഹംതന്നെയാണ് നമ്മുടെ കഥാനായകനായ ലെനിൻ.

1870 ഏപ്രിൽ 1-ാംതിയതി ലെനിൻ വോൾഗാ നദിയുടെ കരയിൽ സ്ഥിതിചെയ്യുന്ന "Simbisk" (ഇപ്പോൾ Leninsk) എന്ന ഗ്രാമത്തിൽ ജാതനായി. കുലീനനും ധനാഢ്യനുമായ ഇദ്ദേഹത്തിൻെറ പിതാവ് ഒരു ഗവർമ്മെണ്ടുദ്യോഗസ്ഥനായിരുന്നു. 1887-ൽ ലെനിൻ സ്ക്കൂൾ ഫൈനൽ പരീക്ഷയിൽ വിജയിയായി. ആ കൊല്ലത്തിൽതന്നെയാണു ഇദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരനായ 'Alexander'നെ സാർ ചക്രവർത്തിയെ വധിക്കാൻ ശ്രമിച്ചു എന്ന കുററത്തിനു തൂക്കികൊന്നതു്.

ഉപരിപഠനത്തിനായി ലെനിൻ 'Kazan' സർവ്വകലാശാലയിൽചേർന്നു വിദ്യാഭ്യാസംതുടർന്നു. കാറൽമാർക്സിൻെറ തത്വചിന്തകളേയും ധനശാസ്ത്രത്തേയുംപററിയുള്ള ഗ്രന്ഥങ്ങൾ പാരായണംചെയ്യുന്നതിൽ അതിയായ ഔൽസുക്യം അന്നു അദ്ദേഹത്തിനു ഉണ്ടായിരുന്നു. 189[illegible]-ൽ ബി-ഏ. പരീക്ഷയിൽ വിജയിയാകുകയും പിന്നീടു നിയമം പഠിക്കുവാൻ ആരംഭിക്കയും ചെയ്തു. 23-ാമത്തെ വയസ്സിൽ നിയമപരിക്ഷ പാസ്സാകുകയും പരിശീലനാർത്ഥം സെൻറ് പീറേറഴ്സ്സ്ബർഗ്ഗിലേക്കു പോകുകയും ചെയ്തു.

ഇക്കാലത്താണ് ലെനിനു റഷ്യയിലെ മർദ്ദനപരമായ സ്വേച്ഛാഭരണത്തെപ്പററി നല്ലപോലെ മനസ്സിലാക്കാൻ ഇടയായതു്. ദരിദ്രരായി അശക്തരായി നിരാധാരരായി മർദ്ദനം സഹിക്കുന്ന തൊഴിലാളികളുടെ ശ്രേയസ്സിനുവേണ്ടി തൻെറ ജീവിതത്തെ ഉപയോഗപ്പെടുത്തുവാൻ ഇദ്ദേഹം [illegible]ച്ചുയാക്കി. ദുർഭരണം നശിപ്പിച്ചു റഷ്യയുടെ അഭിവൃദ്ധിക്കായി തൊഴിലാളിഭരണം സ്ഥാപിപ്പാൻവേണ്ടി ഇദ്ദേഹം ഒരു വിപ്ലവകാരിയായിത്തീർന്നു. വിപ്ലവകാരികളെ വെറുതെ വിടുന്നവരാണോ സ്വേച്ഛാഭരണാധികാരികൾ?

1895-ൽ ലെനിനെ അറസ്റ്റുചെയ്തു ഒരുകൊല്ലം തടവിൽ പാർപ്പിക്കുകയും 189[illegible]-ൽ സൈബീരിയായിലേക്കു നാടുകടത്തുകയുംചെയ്തു. ദരിദ്രലോകത്തിനുവേണ്ടി സർവ്വസുഖങ്ങളേയും സ്വജീവനെത്തന്നെ-ബലികഴിക്കാൻ ഉറച്ച ലെനിനുണ്ടോ ഇതുകൊണ്ടു ഭയവിഹ്വലനാകുന്നു?

1900-ൽ ലെനിൻ ബന്ധനത്തിൽനിന്നു മോചിപ്പിക്കപ്പെട്ടു. ഏറെത്താമസിയാതെ ഇദ്ദേഹം റഷ്യവിട്ടു മററുയൂറോപ്യൻരാജ്യങ്ങളിലേയ്ക്കുപോയി. അവിടെവെച്ച് ഇദ്ദേഹം പലേ പത്രങ്ങൾ നടത്തുകയും ലഘുലേഖനങ്ങളും പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിസ്തരഭയത്താൽ അവയുടെ പേരുവിവരങ്ങളും മററും ഇതിൽ ചേർക്കുന്നില്ല.

അങ്ങിനെ പത്രപ്രവർത്തനത്തിൽഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ്, 1905 ജനുവരി 22-ാംതിയതി സാർചക്രവർത്തിയുടെ മുമ്പാകെ സഹായമർത്ഥിച്ചു ചെന്നിരുന്ന ദരിദ്രതൊഴിലാളികളെ ചക്രവർത്തിയുടെ കല്പനപ്രകാരം വെടിവെച്ചെന്നും അവരിൽ 200 പേർ മൃതിയടയുകയും വളരെപേർക്കു പരുക്കുകൾ പററുകയും ചെയ്തെന്നുമുള്ള ദുഃഖവർത്തമാനം ലെനിൻെറ ശ്രോത്രപുടങ്ങളിലെത്തിയതു. ഉടനെ ലെനിൻ റഷ്യയിലേയ്ക്കു മടങ്ങി. വിപ്ലവാഗ്നിയെ എരിയിക്കുന്നതിൽ പരിശ്രമങ്ങൾ നടത്തിത്തുടങ്ങി. എന്നാൽ 1908-ൽ ലെനിനു വീണ്ടും റഷ്യവിട്ടു പോകേണ്ടതായി വന്നു.

1914 ആഗസ്റ്റ് 14-ാം തീയ്യതി ലോകമഹായുദ്ധം ആരംഭിച്ചു. റഷ്യ ജർമ്മനിക്കു എതിരായി സമരത്തിൽ ചേർന്നു. ഇതു റഷ്യൻവിപ്ലവകാരികളുടെ ഭാഗ്യോദയംതന്നെയായിരുന്നു. രണ്ടരക്കൊല്ലത്തെ യുദ്ധം റഷ്യയെ ഒട്ടധികം ക്ഷീണിപ്പിച്ചു. പട്ടാളക്കാരിൽ ഭൂരിപക്ഷവും വിപ്ലവകക്ഷിയിൽ ചേർന്നു. സാർചക്രവർത്തി സ്ഥാനത്യാഗം ചെയ്യേണ്ടതായുംവന്നു. ചക്രവർത്തി സ്ഥാനത്യാഗം ചെയ്തതോടുകൂടി റഷ്യയിലെ ഭരണാധികാരം മുഴുവനും "മെൻഷിവിക്കു" കക്ഷികൾ കൈവശപ്പെടുത്തി. ഇവരുടെ ഭരണം ഒട്ടും തൃപ്തികരമല്ലായിരുന്നു. കൃഷകന്മാരുടേയും തൊഴിലാളികളുടേയും മൌലികാവകാശങ്ങളെ സ്ഥാപിക്കുന്നതിനുതകുന്ന ഒരു ഭരണമാണ് അന്നു റഷ്യയ്ക്കു ആവശ്യമായിരുന്നതു്. ഇപ്രകാരമുള്ള ഒരു ഭരണഘടന സ്ഥാപിക്കേണ്ട ഉദ്ദേശത്തോടുകൂടി "ബോൾഷവിക്കു" കക്ഷികൾ അവസരം കാത്തിരിക്കുകയായിരുന്നു.

റഷ്യയിൽ ഈ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, നമ്മുടെ കഥാനായകനായ ലെനിൻ ബോൾഷവിക്കുകക്ഷിനേതാവായ ലെനിൻ—ജിനീവാപട്ടണത്തിലിരുന്നു ഇതെല്ലാം സൂക്ഷിച്ചുകാണുകയായിരുന്നു. റഷ്യയിലെ പുതിയ ഗവർമ്മേണ്ടു അന്യരാജ്യങ്ങളിൽ പാർത്തിരുന്ന റഷ്യയിലെ രാഷ്ട്രീയതടവുകാർക്കെല്ലാം സ്വരാജ്യത്തേക്കു മടങ്ങുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചതോടുകൂടി ലെനിനും റഷ്യയിൽ തിരിച്ചെത്തി.

ലെനിൻെറ ആഗമനം റഷ്യയിലെ രാഷ്ട്രീയാന്തരീക്ഷത്തെ അല്പദിവസങ്ങൾക്കുള്ളിൽ ആകമാനം മാററിമറിച്ചു. മർദ്ദനപരമായ സ്വേച്ഛാഭരണത്തിൽ താറുമാറായി കിടന്നിരുന്ന റഷ്യയെ ഉദ്ധരിക്കുന്നതിനായി ലെനിൻ പരിശ്രമങ്ങൾ നടത്തിത്തുടങ്ങി. ഇതിനുവേണ്ടി ലെനിൻ ചക്രവർത്തിയേയും കുടുംബത്തേയും ചുട്ടുചാമ്പലാക്കി. നിലവിലിരുന്നിരുന്ന മെൻഷിവിക്കുഗവർമ്മെണ്ടിനെ കീഴാക്കി തൊഴിലാളികളുടേയും കൃഷിക്കാരുടേയും സംഘങ്ങൾ റഷ്യയിൽ എങ്ങും സ്ഥാപിച്ചു. പ്രവൃത്തിഎടുക്കുന്നവർ അതിൻെറഫലം അനുഭവിക്കത്തക്കനിലയിൽ സാമുദായികരീതിയെ വ്യവസ്ഥ ചെയ്തു. അസാദ്ധ്യമെന്നു കരുതിയിരുന്ന പല പ്രതിബന്ധങ്ങളേയും ജയിച്ച് 1918-ജനുവരിമാസത്തിൽ റഷ്യയിൽ സോവിയററുഭരണം—തൊഴിലാളിരാഷ്ട്രം—സ്ഥാപിച്ചു. റഷ്യക്കാർ ആഹ്ലാദചിത്തരായി. അടിമത്വമാകുന്ന അന്ധകാരം നീങ്ങി റഷ്യയിൽ 'സ്വാതന്ത്ര്യസൂര്യൻ' ഉദിച്ചുയരാൻതുടങ്ങി.

തൊഴിലാളിരാഷ്ട്രസ്ഥാപകനായ ലെനിൻ റഷ്യയിലെ സർവ്വാധിപതിയാകുന്നു. സർവ്വാധിപതിയായ ലെനിൻ ഒരു തികഞ്ഞ നാസ്തികനാകുന്നു. ഇതുമാത്രമോ? മുതലാളിഭരണത്തിൻെറ ധൂമകേതു, തൊഴിലാളിലോകത്തിൻെറ ഭാഗ്യതാരം, യുവലോകത്തിൻെറ ആരാധ്യപുരുഷൻ. ഈ വിരകേസരി 1924 ജനുവരി 21-ാംതിയതി ജീവിതനാടകരംഗത്തുനിന്നു അന്തർദ്ധാനം ചെയ്തു എന്നു കേട്ടപ്പോൾ റഷ്യ ഒട്ടാകെ കണ്ണുനീർ വാർത്തു.

# മലയാളരാജ്യം.

1110 മീനം 12 ാംനു- തിങ്കളാഴ്ച

സ്ഥാവരവസ്തുക്കളിന്മേൽ സ്ഥാപിച്ചുള്ള വിധിക്കടങ്ങളിലും കൃഷിക്കാരുടെമേലുള്ള വിധിക്കടങ്ങളിലും മൂന്നുമാസക്കാലത്തേക്കു വിധിനടത്തു നിരോധിച്ചുംകൊണ്ടു മഹാരാജാവുതിരുമനസ്സുകൊണ്ടു കല്പിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള തിരുവെഴുത്തുവിളംബരം അധമർണ്ണന്മാൎക്കു, വിശേഷിച്ചു കൎഷകൎക്കു ഏറ്റവും ആശ്വാസപ്രദമായിട്ടുള്ളതാകുന്നു. ഋണനിവാരണത്തെക്കുറിച്ചു അന്വേഷിച്ചു വേണ്ട നിർദ്ദേശങ്ങൾ ചെയ്വാൻ നിയോഗിച്ചിട്ടുള്ള കമ്മററിയുടെ റിപ്പോർട്ടു കിട്ടി അവയെ പ്രയോഗിക്കാൻ മൂന്നുമാസത്തിനകം സാധിക്കുമെന്നു കല്പിച്ചു വിചാരിക്കുന്നതുകൊണ്ടായിരിക്കണം കാലാവധി ഇത്രയും പരിമിതമാക്കിയിരിക്കുന്നതു്. അതിനാൽ കമ്മിററി തിരുമനസ്സിലെ ഹിതം അനുസരിച്ചു വേഗത്തിൽ റിപ്പോർട്ടു സമൎപ്പിക്കയും ഗവൺമെൻറു ഈവിഷയത്തിൻെറ എല്ലാവശങ്ങളേയും പൎയ്യാലോചിച്ചു നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുകയുംചെയ്താൽ പ്രജകളുടെ സങ്കടത്തിനു ഗണ്യമായ പരിഹാരമുണ്ടാകുമെന്നു ആശിക്കാം

* * *

തിരുവിതാംകൂറിലെ ഏറ്റവും പ്രധാന ധനാഗമമാർഗ്ഗമായ നാളികേരവൃക്ഷങ്ങൾക്കു വളരെനാളായി പിടിപെട്ടിരിക്കുന്നതും കൃഷിഡിപ്പാർട്ടുമെൻറിൻെറ ആവിർഭാവംമുതൽ നാളതുവരെ ഓരോരോ തരത്തിൽ പരിക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നിട്ടും ഒരു പ്രതിവിധിയും കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമായ വസന്തരോഗത്തെപ്പററി ശാസ്ത്രീയമായ പൎയ്യവേക്ഷണം നടത്തുന്നതിനു സാമ്രാജ്യകാർഷികപൎയ്യവേക്ഷണസമിതിയുടെ കഴിഞ്ഞസമ്മേളനം ഒരു നല്ലതുക അനുവദിച്ചിരിക്കുന്നതായി അറിയുന്നു കൃഷിഡിപ്പാർട്ടുമെൻറു വൃഥാ വ്യയത്തിനു കാരണവും വെറും ഒരു അലങ്കാരം മാത്രവും ആണെന്നും ഈ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പിലേക്കും കാർഷികപൎയ്യവേക്ഷണസമിതിയോഗങ്ങളിൽ പങ്കുകൊള്ളാൻ പോയിവരുന്നതിനു കൃഷിഡയറക്ടറൻമാർ പടിയായും ചെലവാക്കുന്നപണം നിഷ്പ്രയോജനമായിത്തീരുകയാണു് ചെയ്യുന്നതെന്നും ശക്തിയായ ഒരാക്ഷേപം പൊതുജനങ്ങളുടെയിടയിൽ ഉണ്ടു് ആ സ്ഥിതിക്കു വസന്തരോഗപൎയ്യവേക്ഷണാൎത്ഥം കാർഷികപൎയ്യവേക്ഷണസമിതി ഒരു നല്ലതുക ഗ്രാൻറായി അനുവദിച്ചിരിക്കുന്നു എന്നറിയുന്നതു വളരെ ആശ്വാസജനകമായിരിക്കുന്നു. തെക്കേഇൻഡ്യയിൽനിന്നുള്ള അംഗങ്ങളൊഴിച്ചു മറെറല്ലാവരിൽനിന്നും എതിർപ്പുണ്ടായിരുന്നിട്ടും പ്രശ്നത്തിൻെറ ഗൌരവത്തേയും മലബാറിനെ സംബന്ധിച്ചു അതിനുള്ള പ്രാധാന്യത്തെയും തിരുവിതാംകൂർ കൃഷിഡയറക്ടറർ വേണ്ടപോലെ ചർച്ചചെയ്തു കാൎയ്യം സമിതിക്കു ബോദ്ധ്യമാക്കിക്കൊടുത്തതുകൊണ്ടായിരിക്കാം ഇതു സാധിച്ചതു്. സമിതിയുടെ പൎയ്യവേക്ഷണം കേരളത്തിനു അനുഗ്രഹപ്രദമായിത്തീരുമെന്നു ആശിക്കാം.

* * *

സകലത്തെയും സൃഷ്ടിക്കയും രക്ഷിക്കയും ചെയ്യുന്ന ഒരു ഈശ്വരൻ ഉണ്ടെന്നു വിശ്വസിക്കയോ, ആ ഈശ്വരനെ പൂജിക്കയോ ആ ഈശ്വരനോടു പ്രാൎത്ഥനകൾ നടത്തുകയോ ചെയ്യുന്നതുകൊണ്ടു ആൎക്കും ഒരുപദ്രവവും വരാനില്ല. എന്നാൽ ഈശ്വരവിശ്വാസം മതഭ്രാന്തായിച്ചമഞ്ഞാൽ അനേകം അന്ധവിശ്വാസങ്ങൾക്കും പരമതാസഹിഷ്ണുതയ്ക്കും ഇടവരും. അപ്പോൾ ജനങ്ങൾക്കു അതു ആപല്ക്കരമായിത്തീരുകയും ചെയ്യും. ഈയിട കറാച്ചിയിൽനടന്ന സംഭവം എത്ര ഭയങ്കരം! എത്ര മർമ്മഭേദകം! സ്വമതത്തിൻെറ ബഹുമാന്യതയെ പുലൎത്താൻ പരമതാവഹേളനം ആവശ്യമില്ല അതു ചിന്തിക്കാൻ ശക്തിയില്ലാത്ത ഒരു ഹിന്തു ഒരുപുസ്തകമെഴുതുന്നു. അതിൽ അതിമാനുഷനായ ഒരു പുരുഷശ്രേഷ്ഠനെ —മഹമ്മദിയരാലെന്നല്ല, സകല മതക്കാരാലും ആരാധിക്കപ്പെടുവാൻ സൎവ്വവിധത്തിലും യോഗ്യതയുള്ള ഒരു പുണ്യപുരുഷനെ അധിക്ഷേപിക്കുന്നു. ആ ഹിന്തു ഭരണാധികാരികളാൽ നിയമനുസൃതം പ്രാസിക്യൂട്ടുചെയ്യപ്പെടുന്നു അതിൽ ദുഷ്ടനാകാതെ ഒരു മഹമ്മദീയുവാവു കോടതിയിൽ ഹാജരായ ഹിന്തുവിനെ, ലോകനിയമത്തെയും രാഷ്ട്രനിയമത്തെയും അതിക്രമിച്ചു, അവിടെവച്ചു കുത്തിക്കൊല്ലുന്നു രാഷ്ട്രനിയമപ്രകാരമുള്ള നടപടികൾക്കുശേഷം പ്രസ്തുത മഹമ്മദയുവാവു ശിക്ഷാൎഹൻ എന്നു വിധിക്കപ്പെട്ടു വധശിക്ഷയ്ക്കു വിധേയനായിഭവിക്കുന്നു തൂക്കിക്കൊല്ലപ്പെട്ട ഈ യുവാവിൻെറ ശവത്തെ സംബന്ധിച്ചു ഒരു തൎക്കം. ഇതിൽനിന്നു ഭയങ്കരമായ ഒരു ലഹള. മുന്നോട്ടു പാഞ്ഞുകയറിയ ജനസംഘത്തിൻെറസംരംഭത്തിൻെറ ഭയങ്കരപരിണാമത്തെ ഭയന്നായിരിക്കാം, പട്ടാളങ്ങളെക്കൊണ്ടു ആൾക്കൂട്ടത്തിലേക്കു അധികാരികൾക്കു വെടിവയ്ക്കേണ്ടിവന്നു. മുപ്പതിലധികം ആളുകൾ മരിക്കാനും നൂററമ്പതിലധികം ആളുകൾക്കു മുറിവുപററുവാനും ഇടയായി എത്ര സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധന്മാരും ദുരിതമനുഭവിക്കുന്നു! ഇരുപതാംനൂററാണ്ടു ചെ സമരശാസ്ത്രാഭിവൃദ്ധിഅത്ത്യൽഭുതകരമാണെങ്കിലും, മതഭ്രാന്തെന്ന ഈ ലോകശത്രുവിനെ തോല്പിക്കുവാൻ ഒരു ആയുധം ഇനിയും കണ്ടുപിടിക്കേണ്ടതായിത്തന്നെഇരിക്കുന്നു

* * *

ജർമ്മനിയിൽ നാവികസൈന്യം, വിമാനസൈന്യം ഇവയുൾപ്പടെ എല്ലാവകുപ്പിലും നിർബന്ധതസൈനികസേവനം നടപ്പിൽ വരുത്തിയിരിക്കുന്നതായി ഹിററ്ലർ ചെയ്തിരിക്കുന്ന പ്രഖ്യാപനം യൂറോപ്യൻശക്തികളെ വിസ്മയിപ്പിക്കയും വിഷമിപ്പിക്കയും ചെയ്യുന്നു. ലീഗിൽനിന്നു പിന്മാറിയ ജർമ്മനി ആത്മരക്ഷയെ ഉദ്ദേശിച്ചുചെയ്തിരിക്കുന്ന ഈ നിർബന്ധിതസൈനികസേവനപ്രഖ്യാപനത്തിനു കാരണക്കാർ ഫ്രാൻസ്, ഇംഗ്ലണ്ടു്, ഇററലിതുടങ്ങിയ രാജ്യങ്ങൾ തന്നെയാണെന്നാണു് ജർമ്മനിയുടെ സമാധാനം. ഇപ്പുറത്തെ രാജ്യങ്ങളിൽ സേനാസംഭാരങ്ങൾ മുറയ്ക്കു വൎദ്ധിപ്പിച്ചുകൊണ്ടിരിക്കയും വർദ്ധിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിവരികയും ചെയ്യുന്നു ഹിററലർ പറയുംപോലെ ജർമ്മനിയുടെ ആത്മരക്ഷ ജൎമ്മനിയെതന്നെ ആശ്രയിച്ചാണു ഇരിക്കുന്നതു്. സർ ജാൺസൈമണും ആന്തണിഈഡണും ബർളിൻസംഭാഷണങ്ങൾക്കായി പോകാനുദ്ദേശിക്കുന്ന ഒരു സന്ദർഭത്തിൽ ഹിററ്ലർ ഇങ്ങനെ പ്രഖ്യാപനം ചെയ്തതു രാജ്യതന്ത്രദൃഷ്ട്യാ ഒരു നയക്കുറവായി തോന്നാമെങ്കിലും ഇരുകക്ഷികളുടെയും നിലകൾക്കു ഇതിനാൽ ഒരു വ്യക്തത വന്നിട്ടുണ്ടു്. ജൎമ്മനിക്കു യൂറോപ്പിനെ നല്ലതിന്മണ്ണം അറിയാം ഇപ്പോൾ ഓരോ രാജ്യവും ആത്മരക്ഷയ്ക്കായിട്ടാണു് ആയുധസജ്ജീകരണം ചെയ്യുന്നതു് ഒരു മഹായുദ്ധം നടത്തിക്കളയാമെന്ന ഒരു ഊററം ഇന്നു യൂറോപ്യൻശക്തികളിലാരുംതന്നെ കൈക്കൊള്ളുമെന്നു വിചാരിക്കാൻ ന്യായമില്ല. എന്നാൽ ആത്മരക്ഷയ്ക്കും ആക്രമണത്തിനും ഇടയ്ക്കുള്ള അതിൎത്തിരേഖ എവിടെയെന്നു ഒരുവൻ അമ്പരന്നുപോകും. ആത്മരക്ഷയ്ക്കും ആക്രമണത്തിനുംഉള്ള ആയുധങ്ങൾ പ്രത്യേകമാണോ? ആണെങ്കിൽതന്നെ ഒരായുധത്തെ മറെറാന്നായി രൂപാന്തരപ്പെടുത്തുവാൻ ഇക്കാലത്തു പ്രയാസമില്ല. ആത്മരക്ഷയ്ക്കു വേണ്ട ആയുധം ഇത്രയെന്നു തീരുമാനിക്കുന്നേ ഇക്കൂട്ടൎക്കു ആയുധമൊന്നും കൂടാതെ കഴിക്കാമെന്നു തീരുമാനിക്കാൻ എന്താണു വിഷമം. ഈ ഒരുചോദ്യത്തിൻെറ ഉത്തരത്തിൽ യുദ്ധത്തിൻെറബീജം കണ്ടുപിടിക്കാൻ കഴിയും. അങ്ങനെ ഒടുവിൽ ആത്മരക്ഷ പരസ്പരാക്രമണമായിത്തീരുകയും ചെയ്യും

* * *

ശ്രീയുത് എ വി തക്കർ തിരുവിതാംകൂർ ദിവാൻജിയുമായി കൂടിക്കാഴ്ചനടത്തുകയും, ക്ഷേത്രപ്രവേശനം, അയിത്തോച്ചാടനം എന്നീ അടിയന്തിരപ്രശ്നങ്ങൾക്കു തീരുമാനമുണ്ടാക്കേണ്ടതിൻെറ ആവശ്യകത ദിവാൻജിയെ ഉൽബോധിപ്പിക്കയും ചെയ്തതായും ഈപ്രശ്നങ്ങൾ ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണെന്നും താമസിയാതെ അതുസംബന്ധിച്ചു പ്രസ്താവനകളുണ്ടാകുന്നതാണെന്നും ദിവാൻജി മറുപടി പറഞ്ഞതായും അറിയുന്നു. അയിത്തം മുതലായ അനാചാരങ്ങളെ ദൂരീകരിക്കാതെ ഹിന്തുസമുദായത്തിനു നിലനില്ക്കുവാനും പുരോഗതിപ്രാപിക്കുവാനും സാധിക്കുന്നതല്ല. ഇന്നത്തെ സ്ഥിതിയിൽ ആചാരപരിഷ്കാരത്തിനുള്ള മാൎഗ്ഗം ഹൈന്ദവൎക്കു തുറന്നുകൊടുക്കുന്നവിഷയത്തിൽ അനാസ്ഥയോ വൈമനസ്യമോ ആണു ഗവൺമെൻറു കാണിക്കുന്നതെങ്കിൽ അതിനെ ഹിന്തുസമുദായസംഹാരശ്രമമായി വ്യാഖ്യാനിച്ചുപോകും. ഹൈന്ദവപരിഷ്കൎത്താക്കൾ വെറും സാമുദായികനീതിമാത്രമാണു് ആവശ്യപ്പെടുന്നതു്. അക്കാൎയ്യത്തിൽ ഗവൺമെൻറു അമാന്തിക്കയോ അധൈൎയ്യപ്പെടുകയോ ചെയ്യേണ്ട കാൎയ്യമില്ലതന്നെ.

* * *



ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി മി. റാംസേമാക്ഡൊണാൾഡ് "ആക്സ്ഫോർഡ് ഗാർഡൻസ്കൂൾ" എന്നറിയപ്പെടുന്ന ലണ്ടനിലെ ഒരു പ്രാഥമികവിദ്യാലയം സന്ദർശിക്കുന്നതും ബാലികാബാലന്മാരുടെ ആഹ്ളാദവും പ്രസ്തുത വിദ്യാലയത്തിന്റെ ജൂബിലിആഘോഷം സംബന്ധിച്ചായിരുന്നു ഈ സന്ദർശനം ഈ വിദ്യാലയത്തെ സംബന്ധിച്ച പ്രധാനമന്ത്രിയുടെ പത്നി അത്യധികം താല്പര്യം പ്രദർശിപ്പിച്ചുവന്നിരുന്നു.

U. P. S.



മെൽബോൺ ശതവാർഷികാഘോഷംസംബന്ധിച്ച ലോകത്തിലെ വിവിധഭാഗങ്ങളിൽനിന്നു വന്നുചേർന്നിരുന്ന പതിനായിരം 'സ്കൗട്ട്'കൾ നടത്തിയ ഒരു 'മാർച്ച്.'

N. I. A.

## തിരുവനന്തപുരം ലാക്കാളേജ് വജ്റജൂബിലി സംബന്ധിച്ചുള്ള നാടകാഭിനയം.



'മണിനാദം' എന്ന ഗദ്യനാടകത്തിലെ
നായികയായ 'സൗദാമിനി.'

ഈ ഭാഗം അഭിനയിച്ചതു ബി. എൽ. വിദ്യാർത്ഥിയായ മി. കെ. എൻ. ബാലകൃഷ്ണൻനായർ ബി. ഏ. ആയിരുന്നു. (ഈ ലക്കം ചിത്രവാരികയിൽ എട്ടാംപേശത്തെ 'അഭിലാഷം' എന്ന പദ്യലേഖനത്തിൻെറ കർത്താവു് ഇദ്ദേഹമാണു്.)



നാടകകർത്താവു്
മി: കെ. രാമകൃഷ്ണപിള്ള ബി ഏ.



'മണിനാദ'ത്തിൽ മർദ്ദിതലക്ഷങ്ങൾ അനുഭവിക്കുന്ന ദുരന്തദുഃഖങ്ങളുടെ മൂർത്തീകരണമായി ചിത്രണംചെയ്തിരിക്കുന്ന 'അജ്ഞാത'ൻെറഭാഗം അഭിനയിച്ച ബി. എൽ. വിദ്യാർത്ഥി
മി: കെ രാമകൃഷ്ണപിള്ള ബ. ഏ.(നാടകകർത്താവു;



ആലുവാ യൂണിയൻ കാളേജിലെ ബാസ്കറ്റ്ബാൾ ടീം.

Royal Studio, Ernakulam.

# ഭാവൻ.

(സി. എൻ. എ. രാമയ്യാശാസ്ത്രി എം. ഏ)

ഉത്തരരാമചരിതനാടകത്തിന്റെ പ്രസ്താവനയിലും മററും "ഭാവ!" എന്നുള്ളതു പൂജ്യതയെ കാണിക്കുന്ന സംബോധനയാണല്ലൊ. ഭാവശബ്ദത്തിനു ഭവിച്ചവൻ എന്നേ അക്ഷരാർത്ഥമുള്ളു. "സജാതോയേന ജാതേന യാതിവംശഃ സമുന്നതിം – പരിവർത്തിനിസംസാരേ മൃതഃ കോ വാ ന ജായതേ" എന്നുള്ള ന്യായപ്രകാരം ഭാവശബ്ദത്തിനു പൂജ്യതാർത്ഥം സിദ്ധിച്ചു. ഉത്തരഭാരതക്കാർ "ഭാവ" എന്നു അന്യരെ സംബോധനചെയ്യുന്നതു ഇന്നും പതിവാണു്.

ബംഗാളദേശത്തു "ബാബു" എന്നു പേരുകളോടു ചേർത്തു പറയാറുണ്ടല്ലൊ. ആ സമ്പ്രദായം "ഭാവ"ശബ്ദത്തിൽനിന്നു വന്നതാണു്. "മഹാപ്രാണ"മായ ഭകാരത്തെ മൃദുവായ ബകാരമാക്കിയതിനോടുകൂടി വകാരത്തെയും ബകാരമാക്കി. ബംഗാളത്തിൽ വകാരത്തെ ബകാരമാക്കുന്നതു "രബീന്ദ്രനാഥ"ശബ്ദത്തിൽനിന്നും ബംഗാള (വംഗ)ശബ്ദത്തിൽനിന്നും അറിയാമല്ലൊ. "വിമലാ" എന്നു പേരായ ഒരു പുസ്തകം "ബിമലാ" എന്നു അവിടെ പ്രസിദ്ധമായിരുന്നതു ഗ്രഹാപ്പിഴയ്ക്കു പീമലാ എന്നാണു തമിഴ് തർജ്ജിമയിൽ കണ്ടതു്. ബാബു എന്നതിൽ അകാരത്തിനു് ഉകാരം വന്നിരിക്കുന്നു. "ബാബു" എന്നതന്നെ പൂജ്യതയെ കാണിക്കാൻ വടക്കേ ഇന്ത്യയിൽപലരുടെ പേരുകളോടും ചേർത്തുപറയാറുണ്ടു്.

ബാവ എന്നായിട്ടു ബാവ എന്നായതിനോടുകൂടി വകാരത്തിനു പകാരവും പകാരത്തിനു ഇരട്ടിപ്പും വന്നു ബാപ്പ എന്ന സങ്കേതം മഹാത്മജിയെ പലപ്പോഴും കുറിക്കുന്നതായിത്തീർന്നിട്ടുണ്ടല്ലോ.

പിള്ള എന്നതു സ്ഥാനപ്പേരായി വന്നതും "സജാതോ" എന്ന ശ്ലോകത്തിലേയും ഭാവശബ്ദത്തിലേയും ആശയത്തെ യഥാർത്ഥ്യാ അനുകരിച്ചുതന്നെ.

"രസഭാവ"ങ്ങൾ പ്രസിദ്ധമാണല്ലൊ. രസത്തിലും സ്ഥായിഭാവം സഞ്ചാരിഭാവം മുതലായതുണ്ടു്. രസനിരൂപണം ഭാരതീയരുടെ മേധാശക്തിയെ കാണിക്കുന്നുണ്ടെങ്കിലും കാളിദാസൻപോലും മൂന്നു "രൂപക"ങ്ങളിൽ കൂടുതലായി നാടകവ്യവസായം അനുതാത്തവിധത്തിലാക്കി "ഭാവ"ത്തെ പ്രധാനമാക്കിപ്പിടിച്ചാൽ ഷേക്സ്പീയരെപ്പോലെ മേധാഗുണമുള്ള ആൾക്കു് അന്യരുടെ പ്രമേയങ്ങളെ ഉപജീവിച്ചുതന്നെ അനവധി നാടകങ്ങൾ ഉണ്ടാക്കാം. ഇവിടെയും ഭവിച്ചതുതന്നെ ഭാവം (ഭാവഃ)

"ഇതി ഭാവഃ" എന്നു പറയുമ്പോൾ ഇങ്ങനെയാണർത്ഥം അല്ലെങ്കിൽ സാരം എന്നാണു വരുന്നതു്. വാക്കിൽനിന്നു ഭവിക്കുന്നതാണല്ലൊ "അർത്ഥം." അർത്ഥമില്ലെങ്കിൽ ശബ്ദംകൊണ്ടു ഫലമില്ല. ധർമ്മാർത്ഥകാമങ്ങളായ ത്രിവർഗ്ഗത്തിലും ധർമ്മാർത്ഥകാമമോക്ഷങ്ങളായ പുരുഷാർത്ഥങ്ങളിലും അർത്ഥം "അനർത്ഥ"മാകാതിരുന്നാൽ വേണ്ടതാണു്.

ഭാവം ഭവിക്കുന്നതാണെങ്കിൽ അഭാവം (അഭാവഃ) ഭവിക്കായ്കയാണു്. ഭവവും ഭവിച്ചതാണു്. സംസാരമെന്നുള്ള അർത്ഥത്തിലും തഥൈവ. സംസാരാർത്ഥകമായ ഭവശബ്ദംതന്നെ സാക്ഷാൽ ശിവനേയും കുറിക്കുന്നു. "ശിവ" "ഭവാനി"യുമാകുന്നു. ഭാവനിൽനിന്നു പുറപ്പെട്ടു് ഭവനിൽ ഇങ്ങനെ ലയിക്കും.


# ശ്രീമഹാഭക്തചരിതാമൃതം.

കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്തു്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല

ഗ്രന്ഥം മുഴുവൻ എഴുതി തിരുമുമ്പായി ഗ്രന്ഥകർത്താവിനു് സാക്ഷാൽ പണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവം ഒരാവൃത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെട്ടുവിൻ.

മലയാളഭാഷയിൽ 50-ൽ ശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളു. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു.

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4-ാംഭാഗം വില രൂപാ 1.
നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവർക്കു് 3–രൂ. 8 ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.


## വിഷയവിവരം

പേജു.


1. തിരുവിതാംകൂറും പൂഞ്ഞാർരാജവംശവും 4
പി. കെ. കേശവപിള്ള
2. യൂജനിക്സിന്റെ യുക്തികൾ 5
കെ. രാമകൃഷ്ണൻനായർ ബി. ഏ.
3. സാമ്പത്തികബന്ധങ്ങൾ ഭാര്യാസ്സ്വവം 7
അച്ചു
4. അഭിലാഷം (കവിത) 8
കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.
5. അവരിലാരാണു അമ്മ (ചെറുകഥ) 9
എൻ ലളിതാംബികഅന്തർജ്ജനം
6. സമാഗമം (കവിത) 11
ചങ്ങമ്പുഴ കൃഷ്ണപിള്ള
7. ലെനിൻ 12
ജോർജ്ജ് വീരാത്തു്
8. വിമർശനം 13
9. ഭാവൻ 16
സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ.
10. വാർത്താസംഗ്രഹം 19
11. പുനസ്സമാഗമം (കവിത) 22
ടി. എൻ. ഗോപിനാഥൻനായർ.
12. യൂറോപ്പിലെ ആധുനികവനിതകൾ 23
എൻ. എൻ. നായർ
13. ഈ കോട്ട (കവിത) 24
ഏ. പി. പണിക്കർ
14. നഗ്നജീവിതത്തിന്റെ ആകർഷകത്വം 25
വി. എസ്. എസ്. കണിയാർ


മുഖചിത്രം.

ലാസ്ഏൻജലസ്സിലെ മെഴുകുപ്രതിമകൾ നിർമ്മിക്കുന്ന പ്രതിമാമന്ദിരത്തിൽ ഈ ശില്പകലയിൽ വിദഗ്ദ്ധയായ കാതറയിൻ സ്റെറബർഗ് ഒരു ശിരസ്സിന്റെ രചന പൂർത്തിയാക്കുന്നതാണു ചിത്രം. സിനിമാലോകത്തിൽ വിഖ്യാതയായ മേവെസ്റ്റിന്റെ ശിരസ്സാണു കാതറയിന്റെ ഇടത്തുവശത്തായി കാണുന്നതു്. ഗാന്ധിജി, വെയിൽസ്രാജകുമാരൻ മുതലായവരുടെ ശിരസ്സുകളും ചിത്രത്തിൽ കാണാം. കാതറയിനു് 23 വയസ്സുമാത്രമേ പ്രായമുള്ളു. ഈ കലാനിപുണയുടെ പൂർവികന്മാർ മൂന്നുതലമുറയായി വിദഗ്ദ്ധലോക്ഷശില്പികളാണു്.

അടുത്തലക്കത്തിൽ 'അച്ചു'വിന്റെ 'സാമ്പിൾവക്കീലാപ്പീസിൽ' 'വക്കീലുദയം' എന്ന ആദ്യഭാഗം പ്രതീക്ഷിക്കുക


## നഷ്ടപ്രശ്നദീപിക

കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ശിഷ്യൻ കെ. നീലകണ്ഠൻ ജ്യോത്സ്യൻ അവർകളാൽ വ്യാഖ്യാനിക്കപ്പെട്ട ഏററവും ഉപകാരപ്രദമായ ഒരു അപൂർവ ജ്യോതിഷഗ്രന്ഥം.

വില ൮-ണ മാത്രം.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

(പത്താംപുറത്തുനിന്നും തുടർച്ച)

രിരുവരുംകൂടെ ആയയെ വളരെ പ്രശംസിച്ചു ഉടുപ്പും തൊപ്പിയുമിട്ടു ഉല്ലാസപൂർവം ചിരിച്ചു വണ്ടിയിലിരിക്കുന്ന ഗോപിയെക്കണ്ടു് ഇൻസ്പെക്ടർ പറഞ്ഞു "ഇപ്പോൾ കണ്ടാൽ ഒരു കമ്മീഷണരുടെ മട്ടെല്ലാമുണ്ടു്, അല്ലെ രുഗ്മിണി."

എന്തൊ മാധവിക്കുമാത്രം ഇതൊന്നും തീരെ രസിച്ചില്ല. യജമാനൻ പറഞ്ഞെതുപറഞ്ഞു കടംവാങ്ങിക്കാൻ ആക്കാവയ്യാത്തതു്. ഞാൻ വാങ്ങിക്കാം നാളെ ഒരു നല്ല കാറുതന്നെ എന്നവൾ പിറുപിറുത്തു.

രണ്ടുമൂന്നുദിവസത്തേക്കു ഊണുമില്ല ഉറക്കവുമില്ല. ഗോപി വണ്ടിയിൽതന്നെ. തള്ളിത്തള്ളി ആയയുടെ കൈതഴമ്പിച്ചു എന്നിട്ടും അവനു മതിയായില്ല. ഒരുദിവസം സന്ധ്യക്കു മടങ്ങ വന്നപ്പോൾ ആയയുടെ മുഖം വിളറിയിരുന്നു. ആകുലഭാവത്തോടെ അവൾ പറഞ്ഞു. കൊച്ചമ്മേ കുഞ്ഞിന്റെ — അരിഞ്ഞാണം–പിന്നെയെന്താ പറയേണ്ടതെന്നവൾക്കു തോന്നിയില്ല. അരിഞ്ഞാണം അതെവിടെ. എന്തു് അമ്മയും അത്ഭുതപ്പെട്ടു. പകലേപോയപ്പോൾ ഉണ്ടായിരുന്നു ഇപ്പോൾ കാണുന്നില്ല വണ്ടിച്ചക്രത്തിലുടക്കി പൊട്ടിപ്പോയായിരിക്കാം. അതെവിടെ കളഞ്ഞുപോയെന്നാണോ പറയുന്നതു്. അഞ്ചു പവനായിരുന്നു. ആവേശത്തോടെ രുഗ്മിണിഅമ്മ ചോദിച്ചു

"അതെ. അഞ്ചുപവൻ. 50 രൂപാ അതിനെന്താ കൊച്ചമ്മേ. ഞാൻ പകലേ പറഞ്ഞതല്ലേ." അടുക്കളയിൽനിന്നു മാധവിക്കു ഉത്തരം പറവാൻ പ്രയാസം ഉണ്ടായില്ല. ആയ തലതാഴ്ത്തി അപരാധിയായ അവ ... ന്തുപറയും കുഞ്ഞു ഇവിടെ നില്ക്കട്ടെ. ഞാൻ റോഡിലൊക്കെ ഒന്നുകൂടി നോക്കിയിട്ടുവരാം. കാണാതിരിക്കയില്ല. അവൾ പതുക്കെ നടന്നുതുടങ്ങി. അങ്ങനെ വിടല്ലേ കൊച്ചമ്മേ. അതിലെന്തോ കള്ളമുണ്ടു് എന്നു അടുത്തെത്തിയ മാധവി മന്ത്രിച്ചു. രുഗ്മിണിയമ്മ കുഴങ്ങി. അവക്കൊന്നും തിരിഞ്ഞില്ല. ആയ–വിശ്വസ്തയായ ആയ–കളവുചെയ്യുമോ. ഈ അഞ്ചുപവനും 50 രൂപായുംതമ്മിൽ വല്ല ബന്ധവുമുണ്ടോ. എന്തൊ ആക്കറിയാം. കുഞ്ഞിനെ അത്രയ്ക്കു സ്നേഹമുള്ള ആയ അരഞ്ഞാണം വിറ്റെന്നുവരാം ആയേ നിങ്ങളിങ്ങു പോരൂ. ഞാൻ വേറെ ആളെ അയച്ചുനോക്കിക്കാം. വേറെ ആരു തിരഞ്ഞാലും കിട്ടില്ല. അവരു നോക്കിയേ ഇനി കിട്ടുള്ളു എന്നു മാധവിയും ഗൂഢാർത്ഥത്തിൽ പറഞ്ഞു ആയ തിരിച്ചുവന്നു മുററത്തും വണ്ടിച്ചക്രത്തിലുമെല്ലാം നോക്കിക്കൊണ്ടു കുനിഞ്ഞുനിന്നു. രണ്ടുമൂന്നാൾ നടന്നു വഴിയെല്ലാം തിരഞ്ഞു. പക്ഷെ നിഷ്ഫലം. എല്ലാം നിഷ്ഫലംതന്നെ. ഒടുവിൽ ഇൻസ്പെക്ടരും അറിയേണ്ടിവന്നു. അദ്ദേഹത്തിനും ആയയേയാണു സംശയംതോന്നിയതു്. വരവൊന്നുമില്ലാത്ത അവൾ വണ്ടിവാങ്ങിയതെങ്ങനെ. ശാന്തസ്വരത്തിൽ അദ്ദേഹം അവളെ വിളിച്ചു ചോദിച്ചു. നീ വണ്ടിവാങ്ങാനായി അരഞ്ഞാണം പണയംവെച്ചു അല്ലേ. എവിടെയാണെന്നു പറഞ്ഞേക്കൂ, എല്ലാം ക്ഷമിക്കാം.

ആയ മിണ്ടിയില്ല. അവളെന്തുപറയും. അനുകമ്പയോടെ അദ്ദേഹം വീണ്ടും ചോദിച്ചു. പേടിക്കേണ്ടാ, പറഞ്ഞേക്കു എവിടെയാന്നറിഞ്ഞാൽ മതി. എനിക്കറിഞ്ഞുകൂടാ എന്നവൾ നിശ്ചലയായി പറഞ്ഞു.

ഇൻസ്പെക്ടർക്കു ദേഷ്യംവന്നു. അറിഞ്ഞുകൂടാ. അല്ലേ പട്ടി. നിന്നെക്കൊണ്ടു ഞാൻ പറയിക്കും നിന്റെ വണ്ടിവാങ്ങിപ്പും വാത്സല്യനാട്യവും. പറയെടീഎവിടാണു്.

എന്നിട്ടും അവൾ മൌനമായിനിന്നതേയുള്ളു. അരെടാ അവിടെ? ഈ കള്ളിയെപ്പിടിച്ചു സ്റേറഷനിലേക്കു കൊണ്ടുപോ. നേരുപറയുമോ എന്നു നോക്കട്ടെ.

കഷ്ടം! നേരുപറയുന്നതിനാണല്ലൊ ഇപ്പോൾ ശിക്ഷയുള്ളതു്. സാധു-ആയ-അന്യാശ്രയം അതിദുരിതമാണെന്നു അവൾക്കറിയാം. എന്നാൽ അപവാദമോ അതിദുസ്സഹം

രുഗ്മിണിഅമ്മ ഭർത്താവിനെ സമാധാനപ്പെടുത്തി. വന്നതെല്ലാംവന്നു. ഏതായാലും അവളൊരു സ്ത്രീയല്ലേ നമ്മേ കുറേനാൾ സേവിക്കയും ചെയ്തു. പോയതുപോകട്ടെ. ഇക്കുറി മാപ്പുകൊടുക്കാം.

പാടില്ല. അവൾ സത്യം പറയട്ടെ. എന്നാൽ മാപ്പുകൊടുക്കാം.

ആയ കല്ലുപോലെ നിന്നു. ഭത്സനവും ദേഷ്യവും എല്ലാം കഴിഞ്ഞു നിരാശനായ ഇൻസ്പെക്ടർ പല്ലുകടിച്ചുകൊണ്ടു പറഞ്ഞു. എടീ ഗോപിയെ ഓർത്തു ഞാനൊന്നും ചെയ്യുന്നില്ല. നീയൊരു പെണ്ണു ആയിപ്പോയല്ലോ. പൊയ്ക്കോ എവിടെയെങ്കിലുംപൊയ്ക്കോ. ഇനി ഇവിടെ കണ്ടേക്കരുതു്. ആയയുടെ ഏററവും കടുത്ത ശിക്ഷ അതായിരുന്നു ഗോപിയെക്കൂടാതെ ജീവിക്കയോ. ദൈവമേ. പക്ഷെ അവളെന്തുചെയ്യും ഗോപി അവൾക്കാരാണു് ഒരു ദയനീയനോട്ടത്താൽ അവനോടു യാത്രപറഞ്ഞു അവൾ നടന്നു. ആയെ, ... വടെ പോകയാണു്. എന്നെക്കൂടെ കൊണ്ടുപോകൂ. അയ്യോ–എന്നു അത്യുച്ചത്തിൽ വിളിക്കുന്ന അവനെ അശ്രുപൂർണ്ണാക്ഷികളാൽ തിരിഞ്ഞുനോക്കി അവൾ മറഞ്ഞു. ഗോപി കൈകൊണ്ടു മുഖം പൊത്തി കമഴ്ന്നുകിടന്നു കരയാൻ തുടങ്ങി.

അമ്പടി കേമീ—അഞ്ചുപവനിൽ അമ്പതുരൂപാ കഴിച്ചു ബാക്കി ലാഭമല്ലേ. എങ്കിലും കുഞ്ഞിനെ കൊല്ലാത്തതുതന്നെ ഭാഗ്യം എന്നു മാധവി പറയുന്നതുകേട്ടപ്പോഴാണു് രുഗ്മിണിയമ്മ കുഞ്ഞിന്റെ കാര്യം ഓർത്തതു്.

അതാണല്ലൊ ഇനി വിഷമം. അവനെ എന്തു ചെയ്യും എന്നു് അമ്മയുടെ പ്രാരബ്ധം പുറപ്പെട്ടു

അതിനൊന്നുമില്ല. കൊച്ചമ്മേ, അടുക്കളയ്ക്കു വേറേ ആൾ ആകണം. കുഞ്ഞിന്റെ കാര്യം ഞാനേററു.

നന്നായി. എന്നാൽ ഇപ്പോൾമുതൽ ആയിക്കൊള്ളൂ അരിവെപ്പുകാർക്കു വിഷമമില്ല എന്നു അവർ ആശ്വസിച്ചു.

കുഞ്ഞേ ഇങ്ങുവരൂ. മാധവി അപ്പം തരാം എന്നവൾ അടുത്തുചെന്നു. പോടീ നിന്റെപാട്ടിനു്. എന്റെ ആയ എവിടെ–അയ്യോ–എന്നു് അവൻ കൂകിവിളിച്ചു. അവര് വേണ്ടാത്ത ശീലമൊക്കെ പഠിപ്പിച്ചിട്ടുണ്ടു്. അതാ ഇത്ര ശല്യം എന്നു് അതിനു ആയയുടെ മേൽ അവൾക്കുള്ള വെറുപ്പ് ഇളകി. വൈകിട്ടത്തെ പാലും റൊട്ടിയുംകൊണ്ടു മാധവി അടുത്തുചെന്നു. ഓമനേ പാലു കുടിക്കണം

ഗോപി അതിശക്തിയോടെ ഒരു തട്ടുകൊടുത്തു പാലും പാത്രവും ദൂരത്തു്. സ്വതേ ക്ഷമയില്ലാത്ത മാധവി കോപിച്ചുചെന്നു കുഞ്ഞിനെ പിടിച്ചെടുത്തു അവൻ അവളുടെ കയ്യു കടിച്ചു ചീന്തിക്കളഞ്ഞു. അയ്യോ അമ്മേ എനിക്കു വയ്യാ —എത്ര ശമ്പളം കിട്ടുമെങ്കിലും വയ്യാ—മാധവിചെന്നു് അവളുടെ കയ്യിൽ എണ്ണ പുരട്ടിത്തുടങ്ങി. ഗോപി വീണ്ടും നിലവിളിച്ചു. എന്താ മാധവീ കുഞ്ഞിനെ നോക്കാൻ പ്രയാസമില്ല അല്ലെ–എന്നു ആക്ഷേപസ്വരത്തിൽ ചോദിച്ചു രുഗ്മിണിയമ്മ അടുത്തുചെന്നു. അന്നു് അച്ഛനമമ്മയ്ക്കും ശിവരാത്രിയായിരുന്നു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ എനിക്കു ഒറക്കൊളയ്ക്കാൻ വയ്യേ പൊന്നേ– എന്നു് മാധവി ഒരിടത്തു ചുരുണ്ടുകൂടി കൂർക്കംവലിച്ചു. ഒരമ്മയുടെ ചുമതല എത്ര പ്രയാസമുള്ളതാണെന്നു് രുഗ്മിണിയമ്മയ്ക്കു അപ്പോഴാണു മനസ്സിലായതു്. ഒന്നായിട്ടിത്ര. അപ്പോൾ ഏഴെട്ടുള്ളവക്കൊ ഈശ്വരാ എന്നവർ പലവുരു ചിന്തിച്ചു.

കരഞ്ഞും ഭക്ഷണം കഴിക്കാഞ്ഞും മൂന്നു നാലുദിവസങ്ങൾക്കകം ഗോപി വല്ലാതെ ക്ഷീണനായി. ആയയെ തിരിച്ചു വിളിക്കട്ടോ എന്നു അമ്മ ആലോചിച്ചെങ്കിലും അഭിമാനം അതനുവദിച്ചില്ല. ആ കള്ളിയേ തിരിച്ചുവിളിച്ചാൽ ആളുകൾ എന്തുവിചാരിക്കും അവൾ കള്ളിയല്ലെങ്കിലോ – എന്നാൽ എന്തിനു പോകാൻ പറഞ്ഞു – ഇങ്ങനെ ആക്ഷേപസമാധാനങ്ങൾ ധാരാളം പുറപ്പെട്ടു അവധിക്കാലം കഴിഞ്ഞാൽ എനിക്കെങ്കിലും ഈ നരകത്തിൽനിന്നു പോകാമായിരുന്നു എന്നു് ഇൻസ്പെക്ടർ കൂടക്കൂടെ പറയാൻതുടങ്ങി. എന്റെ അവധി കഴിഞ്ഞാൽ എന്തുചെയ്യും ഈശ്വരാ- എന്നു് രുഗ്മിണിയമ്മയും. ഏതായാലും ആഴ്ചകൾ ഒന്നുരണ്ടു കഴിഞ്ഞു അച്ഛനമ്മമാരുടെ ആശങ്ക പോലെ ഗോപി അനുദിനം ആരോഗ്യഹീനനായി. അവന്റെ ദേഹം വിളറി. പ്രസരിപ്പും പ്രസന്നതയും മങ്ങി. നാക്കൊഴിച്ചു മറെറല്ലാത്തിന്റേയും ശക്തികുറഞ്ഞു ആ വണ്ടി അതിൽപിന്നെ തൊട്ടിട്ടില്ല കുഞ്ഞിനെ അതിൽ കേററി ഒന്നു ചുററിയടിച്ചാൽകൊള്ളാമെന്നു മാധവിക്കു ആശയില്ലായ്കയാലല്ല. വണ്ടികാണുമ്പോൾ അവൻ വിളിക്കും– അയ്യോ ആയേ ഇവിടെവരൂ. മാധവിയെന്നല്ല ആരു ശ്രമിച്ചിട്ടും ആ വാശി മാറിയില്ല. ഗോപിക്കു സുഖക്കേടു കൂടിവന്നു. അവൻ കിടപ്പായി ശുശ്രൂഷയുടെ അഭാവം അതു വളർത്തിക്കൊണ്ടുവന്നു

ഒരുദിവസം ഡാക്ടർ പറഞ്ഞു: കുഞ്ഞിനു ഇഷ്ടമുള്ളവർ വേണം അടുത്തിരിക്കാൻ കൂടുതൽ നിഷ്കർഷ വേണ്ടിയിരിക്കുന്നു. അന്നുമുതൽ രുഗ്മിണിയമ്മ അതിനേപ്പെട്ടു. എന്തായാലും പെററമ്മയല്ലേ. എന്നാൽ അവനെ മരുന്നു കുടിപ്പിക്കാൻ ആരാൽ കഴിയും. മരുന്നെന്നല്ല ഒന്നുംതന്നെ

കഴിക്കയില്ല. എപ്പോഴും ആയേ-ആയേ-എന്നുതന്നെ-അമ്മ കുഴങ്ങി. നേരിട്ടാളയച്ചില്ലെങ്കിലും അവന്റെ രോഗസ്ഥിതി അറിഞ്ഞാൽ അത്ര സ്നേഹമുള്ള ആയ പക്ഷെ വരികയില്ലെ.

അടുത്തുള്ള ഒരു വൃദ്ധയെ രുഗ്മിണിയമ്മ സൂത്രത്തിൽ ചട്ടംകെട്ടി. ആയയുടെ വീട്ടിലേക്കു മൂന്നുനാലു നാഴികയുണ്ടു്. അവൾക്കു കുട്ടികളില്ലെങ്കിലും അനുജത്തിയുടെകൂടെയാണു് താമസമെന്നു കേട്ടിട്ടുണ്ടു്. ഏതായാലും പിറേറദിവസം വൃദ്ധ തിരിച്ചുവന്നു അവരവിടെയില്ല അമ്മേ—അകലെ എവിടെയോ പണിക്കു പോയിരിക്കയാണു്- അനുജത്തിയോടു പറഞ്ഞിട്ടുണ്ടു് ശമ്പളോംകൂടി വീട്ടിൽകൊടക്കാത്ത അവരു് ഇന്നാളിൽചെന്നു് വീതത്തിനുകിട്ടിയ ചെറിയ പറമ്പുംകൂടി 50 രൂപായ്ക്കുവിററുപോലും. അതുകൊണ്ടു അനിയത്തി കഞ്ഞികൊടുക്കില്ല. പക്ഷെ ഇതറിയിക്കാമെന്നു പറഞ്ഞു. രുഗ്മിണിഅമ്മയ്ക്കു സഹതാപം തോന്നി. അരഞ്ഞാണം എവിടെയോ കളഞ്ഞതായിരിക്കാം — വണ്ടിക്കുവേണ്ടിയായിരിക്കാം പറമ്പു എഴുതിയതും. ഏതായാലും വന്നതുവന്നില്ലെ ഇനി വരുകയാണെങ്കിൽ എങ്ങും അയയ്ക്കുയില്ല.

ഗോപി പകൽമുഴുവൻ മയങ്ങി രാത്രി ഞെട്ടിയുണർന്നു പകുതി കൺമിഴിച്ചു് ഉച്ചരിച്ചു. "ആയ-ആയ-എന്റെ ആയ".

ആയ എവിടെ. അമ്മ അശ്രുക്കൾ പൊഴിച്ചു. അർദ്ധരാത്രിയായി. ചാരിയിരുന്ന വാതിൽ പകുതി തുറന്നു. പുറകിലൊരു നിഴൽ കണ്ടതായിതോന്നി രുഗ്മിണിഅമ്മ ഞെട്ടി തിരിഞ്ഞുനോക്കി—ആയ-സ്നേഹസ്വരൂപിണിയായ ആയ

കൊച്ചമ്മേ!—ഞാൻ ഇരുട്ടിയിട്ടാണു വീട്ടിൽ വന്നതു്. അപ്പഴേ ഇങ്ങോട്ടു തിരിച്ചു. ഞാനൊരിക്കൽക്കൂടി എന്റെ തങ്കത്തിന്റെ ട്ടുക്കൽ ഇരുന്നുകൊള്ളട്ടെ". എത്ര ദയനീയമായ അപേക്ഷ. രുഗ്മിണിഅമ്മ എണീററു. "ആയേ! ക്ഷമിക്കു. എന്റെയല്ലകുഞ്ഞു്. നിങ്ങളുടെയാണു്. നിങ്ങളെയെങ്കിലും ഈശ്വരൻ അനുഗ്രഹിക്കട്ടെ". അവരുടെ തൊണ്ട ഇടറി ആയയും കരഞ്ഞു. അമ്മയ്ക്കുവേണ്ടി ആയ വഴികൊടുക്കുംപോലെ രുഗ്മിണിഅമ്മ മാറിനിന്നു.

"ഓമനേ! തങ്കക്കുടമേ! എന്നെ കണ്ടില്ലേ. കിടയ്ക്കുക്കടുത്തുചെന്നു ദീനസ്വരത്തിൽ ആയ വിളിച്ചു. ഗോപി കണ്ണുതുറന്നു. ചെറിയൊരു പുഞ്ചിരിതൂകി പുതപ്പിനിടയിൽകൂടി രണ്ടു മെലിഞ്ഞ കൈകൾ നീണ്ടു. വാത്സല്യപൂർവ്വം അവയിൽ ചുംബിച്ചുകൊണ്ടു ആയ അടുത്തിരുന്നു് വിങ്ങിവിങ്ങിക്കരഞ്ഞു അവൻ പറഞ്ഞു "എന്നെ ഇട്ടേച്ചു നിങ്ങൾ ഇതുവരെ എവിടെ പോയിരുന്നു". ആയ അശ്രുപൂർണ്ണയായി രുഗ്മിണിഅമ്മയുടെ മുഖത്തുനോക്കി. അവരെന്തുപറയണം-ഗോപി വീണ്ടും ചോദിച്ചു "ഇനി പോകുമ്പോൾ എന്നെക്കൂടി കൊണ്ടുപോകണേ".

"ഇനി ഞാനെങ്ങും പോവില്ല ഓമനേ-ഇവിടെയായാലും എവിടെയായാലും ആരുതല്ലിയാലും ഓമനയുടെ ഒന്നിച്ചുണ്ടു് നിശ്ചയം-ആട്ടെ ഈ മരുന്നു കുടിക്കുമോ"-പാത്രം കയ്യിലെടുത്തുകൊണ്ടു അവൾചോദിച്ചു. വാശിയില്ല—വഴക്കില്ല—ഒന്നുമില്ല അവൻ വാപൊളിച്ചു — ആ കയ്ക്കുന്ന മരുന്നുമുഴുവൻ ഉള്ളിലായി. പക്ഷെ അതു നിഷ്പ്രയോജനമല്ലേ.

ഗോപിയുടെ രോഗസ്ഥിതി ക്രമേണ മാറിമാറിവന്നു. ഭയാശങ്കാത്രസ്തയായ രുഗ്മിണിഅമ്മ കരഞ്ഞു. ഉദ്യോഗശക്തിയോ ബിരുദമേന്മയോ ഒന്നും അവിടെ കണ്ടില്ല-പരിപൂർണ്ണമായ സ്ത്രീത്വം—മാതൃത്വം—അല്ലന്നും വല്ലാതെയായി — എന്നാൽ ആയയ്ക്കുമാത്രം യാതൊരു ഭാവഭേദവുമില്ല. എന്തോ ഒന്നുറച്ചപോലെ ഒരുധൈര്യവും ശാന്തതയും അവളിൽ സ്ഫുരിച്ചു.

അന്നു വെള്ളിയാഴ്ച — ഉച്ചതിരിഞ്ഞപ്പോൾ ഗോപിക്കു പതിവിൽ കൂടുതൽ ഭാവപ്പകർച്ചകണ്ടു അതുവരെ കിടക്കയിൽകിടന്നുരുണ്ടുകൊണ്ടിരുന്നവൻ അനങ്ങാതെ സ്വസ്ഥനായി കിടന്നുതുടങ്ങി. എന്നാൽ അതു ഭേദത്തിന്റെ ലക്ഷണമാണോ എന്തോ—സന്ധ്യയ കാറായപ്പോൾ ഒരു മുൻസിപ്പൽ ഉദ്യോഗസ്ഥൻവന്നു് ഇൻസ്പെക്ടരെ അന്വേഷിച്ചു മുക്കുതുടച്ചുകൊണ്ടു് അദ്ദേഹം വെളിയിലിറങ്ങിച്ചെന്നു പാക്കററിൽനിന്നും ഒരുചെറിയ പൊതിഎടുത്തു നീട്ടികൊണ്ടു് അയാൾ പറഞ്ഞു. "ഇതാ ഈ അരഞ്ഞാണം ഒരുമാസംമുമ്പ് റോഡിൽനിന്നു കിട്ടിയതാണു്- ഇപ്പോൾ ഇവിടുത്തേതാണെന്നുകേട്ടു. ആണെങ്കിൽ എടുക്കാം".

ഇൻസ്പെക്ടർ മിഴിച്ചുനിന്നുപോയി. അപ്പോൾ ആയ എടുത്തതല്ലേന്നോ അവളെ വെറുതേ സംശയിച്ചതാണോ

"കഷ്ടം! ഇതെല്ലാംഎന്റെ കുഞ്ഞിന്റെ അല്ല — എന്റെ വിധിയാണു്. അല്ലെങ്കിൽ ഇങ്ങനെയൊന്നും തോന്നണ്ടായിരുന്നല്ലോ". എന്നു രുഗ്മണിഅമ്മയും പശ്ചാത്തപിച്ചു ആയ ഒന്നും പറഞ്ഞില്ല. അവൾക്കുള്ളതപ്പെടാനെന്തുള്ളു മുമ്പേതന്നെ നിശ്ചയമുള്ളതല്ലേ — മയങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ മുഖത്തുനിന്നും കണ്ണെടുക്കാതെ നിർന്നിമേഷയായി അവൾ കുനിഞ്ഞിരുന്നു ഈ കളഞ്ഞുകിട്ടിയപണ്ടം ആർക്കും ആനന്ദം നൽകിയില്ല അതെന്തിനു ഇത്രനാൾ ഒളിച്ചിരുന്നു: അതല്ലേ ഈ ആപത്തിനെല്ലാം കാരണം.

അർദ്ധരാത്രി കഴിഞ്ഞു — ആർക്കും ഉറക്കമുണ്ടായില്ല. ആയയ്ക്കു ഒട്ടുംഇല്ല. ഇടയ്ക്കു ഗോപി ഞെട്ടിയൊന്നുണർന്നു. "ആയേ-ആയെ എന്നെ പിടിച്ചുകൊള്ളു അയ്യോ നിങ്ങൾ പോകരുതേ". അവൻ അവരുടെ കഴുത്തിൽ ബലമായി കെട്ടിപ്പിടിച്ചു. അല്പംകഴിഞ്ഞു അവർ വിടുത്തിയപ്പോൾ നിർജ്ജീവമായിരുന്നു. വാടിയ കുസുമകലികപോലെയുള്ള ആ ദേഹം കിടക്കയിൽ കിടത്തി ആയ എണീററു. "കൊച്ചമ്മേ! എന്റെ ജോലിതീർന്നു- ഇനി ഞാൻ പോകയാണു്". ഒരമർത്തിയ അധരചലനത്തോടെ അവൾ ഇങ്ങനെ പറഞ്ഞപ്പോഴാണു രുഗ്മിണിഅമ്മയ്ക്കു കാര്യം മനസ്സിലായതു് — "അയ്യോ!—ദൈവമേ! എന്നെ ചതിച്ചോ" വെട്ടിയിട്ടമരംപോലെ അവൾ പെട്ടെന്നു താഴെപ്പതിച്ചു

ആയ രണ്ടുപേരെയും മാറിമാറിനോക്കി. അശ്രുഘനമായ നേത്രം ഉയർത്തി കൈകൾ കൂപ്പി – "ഓമനേ! ഞാനുംവരുന്നു"— ഒന്നുകൂടി അടുത്തുചെന്നു് ആ ഓമനമുഖത്തു ഒരിക്കൽക്കൂടി നോക്കിയിട്ടു അവൾ അതിവേഗം അവിടെനിന്നിറങ്ങിപ്പോയി. അമ്മ കണ്ണുതുറന്നുനോക്കിയപ്പോൾ കണ്ടതു് മകന്റെ മൃതദേഹംമാത്രമാണു്. ആയ എവിടെ അഥവാ അമ്മയും ആയയും തമ്മിലുള്ള ഭേദം ഇതായിരിക്കാം.

* * * * *

പുരയിടത്തിന്റെ ഒഴിവുമുറികിട്ടുവാനായി വാങ്ങിയയാൾ ആയയെ തിരക്കി പലടത്തും നടന്നു. അവളെ എങ്ങും കണ്ടില്ല. എന്നാൽ മൂന്നുനാലുദിവസംമുമ്പു് മുപ്പതോളംവയസ്സുചെന്ന ഒരു സ്ത്രീശരീരം ആററിൽകൂടെ ഒഴുകുന്നതു കണ്ടവർ പലരുമുണ്ടു്. —അതാരുടേതാണു് — ആരുടേതുമാകട്ടെ — ഏതായാലും ഒരോമനക്കുഞ്ഞിനെ മടിയിലിരുത്തി മന്ദഹസിക്കുന്ന ഒരായയെ രുഗ്മിണിഅമ്മ പലപ്പോഴും സ്വപ്നംകാണാറുണ്ടു്.

ശുഭം.


ജ്യൗതിഷം.

—:o:—

നിങ്ങളുടെ ഭാവിയെക്കുറിച്ചു് അറിയണമോ?

**'The Kerala Astrological Bureau'**

Quilon, Travancore, S. India.

ശരിയായി അറിയിച്ചുതരും.

# കുസുമോത്സവം.

ഗ്രന്ഥകർത്താ, എസ്സ്. രാമവാര്യർ

ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിട്ടുന്ന വിഷമദശകളും, സ്വാത്മമൂർത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപ്രവാനതയും എന്തു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വർണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

**P. J. Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; .Branch:- ALWAYE.**

# വാർത്താസംഗ്രഹം.

## ലോകം

ഡെന്മാർക്കിലെ യുവരാജാവും, സ്വീഡനിലെ രാജകുമാരിയും തമ്മിൽ വിവാഹം നടക്കാനുള്ള നിശ്ചയം ചെയ്തിരിക്കുന്നു താമസിയാതെ വിവാഹം നടക്കുമെന്നറിയുന്നു.

* * * * *

എം. റെനാർഡിന്റെ വിമാനം ബൽജിയൻ കോംഗോവിൽവച്ചു തകർന്നുപോകയും അതിലുണ്ടായിരുന്ന ഏഴുപേരും മരിക്കയും ചെയ്തിരിക്കുന്നതായി കണ്ടുപിടിച്ചിരിക്കുന്നു.

* * *

പുതിയ ജർമ്മൻവിമാനസേന ബെർലിൻനഗരത്തിൽ ഒരുമണിക്കൂർനേരം പ്രകടനങ്ങൾ നടത്തിയിരിക്കുന്നു സർ ജാൺസൈമന്റെ ബെർലിൻ സന്ദർശനത്തിൽ ജർമ്മനിയിൽ പൊതുവെ സന്തോഷം പ്രദർശിപ്പിച്ചുവരുന്നു

* * *

മുന്നോട്ടുപോകാതെതന്നെ നേരെ മേല്പോട്ടു ഉയരത്തക്ക ഒരു വിമാനയന്ത്രം റായൽഏയ്റോനാട്ടിക്കൽസൊസൈററിയിലെ സിനോർ ഡ.ലാസീർവാ കണ്ടുപിടിച്ചിരിക്കുന്നു വിമാനം ഏകദേശം 100 അടിയോളം മേല്പോട്ടു ചാടുകയാണു ചെയ്യുന്നതു്. 20 അടി മേലോട്ടു ചാടുന്നതുകൊണ്ടു സാധാരണ ആവശ്യങ്ങൾ സാധിക്കും.

* * *

ബ്രിട്ടന്റെ തീരങ്ങളെരക്ഷിക്കാൻ കൂടുതൽ വിമാനങ്ങൾ വേണ്ടിയിരിക്കുന്നു എന്നു യുദ്ധകാര്യാലയം സിക്രട്ടറി പറയുന്നു വിമാനാക്രമണത്തെ തടയാനുള്ള സാമഗ്രികൾക്കായി നാലരലക്ഷം പവൻ നീക്കിവയ്ക്കുന്നു വിദേശങ്ങളിലെ ബ്രിട്ടീഷ്പട്ടാളത്തെ കുറക്കാൻ നിവൃത്തിയില്ലത്രെ.

* * *

റിനൗൺ, ഹുഡ് എന്നീ കപ്പലുകൾതമ്മിൽ ജനുവരിയിൽ മാൾട്ടായ്ക്കുസമീപം കൂട്ടിമുട്ടിയതു സംബന്ധിച്ചു സൈനികകോടതിയിൽ റീയർ അഡ്മിറൽ സിഡ്നിബെയിലി, ക്യാപ്റ്റൻ ഹെൻട്റിസാബ്ബിഡ്ജ്, ക്യാപ്റ്റൻ ഫ്രാൻസിസ് ടവ്വർ എന്നിവരെ വിസ്തരിച്ചതിൽ ബോർഡ് അഫ് അഡ്മിറാൽട്ടിയ്ക്കു് അഭിപ്രായവ്യത്യാസമുണ്ടായിരിക്കുന്നു അതനുസരിച്ചു കോടതിയുടെ ഉത്തരവിനെ ബോർഡ് ഭേദപ്പെടുത്തിയിരിക്കുന്നു.

* * *

വിമാനാക്രമണത്തിൽനിന്നു രക്ഷയുള്ള മാർഗ്ഗങ്ങളാരായുവാൻ ശാസ്ത്രവിദഗ്ദ്ധന്മാരുടെ ഒരു കമ്മററിയെ നിയോഗിച്ചിരിക്കുന്നതായി പ്രധാനമന്ത്രി കമൺസിൽ പ്രസ്താവിച്ചു വിമാനാവശ്യങ്ങൾക്കായുള്ള എസ്റ്റിമേററ അവതരിപ്പിച്ചുകൊണ്ടു സർ ഫിലിപ്പ്സാസൂൺ പറഞ്ഞതു വിമാനശക്തിയിൽ ബ്രിട്ടനു അഞ്ചാംസ്ഥാനമേയുള്ളവെന്നും ഈ നില തുടരാൻ തരമില്ലെന്നുമാണ്. ഇടത്തരം വലിപ്പവും നല്ല വേഗവുമുള്ള ഒരു വാണിജ്യവിമാനം നിർമ്മിക്കുന്നവർക്കു കാൽലക്ഷംപവൻ ഗവർമ്മെന്റ സമ്മാനംകൊടുക്കാനുദ്ദേശിക്കുന്നു വിമാനശക്തിയിൽ ജർമ്മനി ശീഘ്രം ബ്രിട്ടനെ അതിശയിക്കുമെന്നു ചർച്ചിൽ പറഞ്ഞു

* * *



തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു പള്ളിവാസൽ പൗവർഹൌസു സന്ദർശിക്കുന്നതു്.

Photo, Royal Studio, Ernakulam.

രാജാക്കന്മാർ മാത്രമല്ല, ഇന്ത്യാക്കാർ മുഴുവൻ പരിത്യജിച്ച ഇന്ത്യാബില്ലിനെ ഉപേക്ഷിക്കണമെന്നു ഗവർമ്മെണ്ടിനെ നിർബന്ധിക്കുന്ന ഒരു പ്രമേയം ഇന്ത്യാഡിഫൻസ്ലീഗിന്റെ ഒരു യോഗത്തിൽ ലായിഡ്പ്രഭു അവതരിപ്പിക്കുന്നതും, മി. ചർച്ചിൽ, പേജ്ക്രാഫ്റ്റ് മുതൽപേർ അനുകൂലിക്കുന്നതുമാണത്രെ

* * *

പേർഷ്യായിൽ അടുത്തകാലത്തു നടത്തപ്പെട്ട ഖനനങ്ങളിൽനിന്നു ഏഴായിരമോ എണ്ണായിരമോ വർഷങ്ങൾക്കുമുമ്പു അവിടെ മഹാനഗരങ്ങൾ ഉണ്ടായിരുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. പെർഷ്യൻകലകളും ഭൂഗർഭസ്ഥിതികളും ഗവേഷണവിഷയമാക്കിയിരിക്കുന്ന അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടരാണു ഈ വസ്തുത പ്രകാശിപ്പിച്ചതു് നാഗരികജീവിതത്തിന്റെ പ്രാരംഭകാലത്തെപ്പററി അന്വേഷണം നടത്തുന്നവർക്കു ഈ പ്രകാശനങ്ങൾ വളരെ ഉപകരിക്കും. ഒരുപക്ഷെ നഗരജീവിതം എന്നതു പുരാതനവസ്തുപര്യവേക്ഷകന്മാർ വിധിക്കുന്ന കാലത്തിനെത്രയോമുമ്പുതന്നെ തുടങ്ങിയിരിക്കണം

* * * *

R K. O. Radio ഫില്ം കമ്പനിയിലെ ഒരു പ്രശസ്ത ഗായകതാരമായ Miss Ginger Rogers-നു ഒരുകൊല്ലത്തിനിടയിൽ 1200-ൽ പരം വിവാഹാലോചനക്കത്തുകൾ കിട്ടിയിരിക്കുന്നതായി അറിയുന്നു ഒരുകൊല്ലത്തിനിടയിൽ ഇത്രയധികം 'മാര്യേജ്പ്രൊപ്പോസൽ' വന്നിട്ടുള്ള മറെറാരു സിനിമാനടികളെയും ഇതുവരെ അമേരിക്കയിൽ കേട്ടിട്ടില്ല. ഏതായാലും മിസ്സ് റോജേഴ്സ്, ഒരു സിനിമാആക്ടറായ മി. ലയറിനെ ഈയിടെ വിവാഹംചെയ്തിരിക്കുന്നു. അവരുടെ ഹണിമൂൺ പാരീസിലാണു കഴിച്ചുകൂട്ടിയതു്

* * *

വിമൻസ് കാളേജ് ചാമ്പ്യൻ മിസ്സ്. എം. എ. എലിസബത്തു്



തിരുവനന്തപുരം മഹാരാജാസ് വിമൻസ്കാളേജിലെ ഈവർഷത്തെ കായികാഭ്യാസമത്സരത്തിൽ 8 ഐറററങ്ങളിൽ ആറിനും പ്രഥമസമ്മാനംലഭിച്ച ടി കാളേജ് സീനിയർ ഇന്റർമീഡിയററ് വിദ്യാർത്ഥിനി. (മിസ് എലിസബെത്തു് കൃത്താട്ടുകളം സ്വദേശിനിയും എക്സ്പ്രജാസഭമെമ്പർ കുന്നമ്മേൽ മിസ്റ്റർ വർഗ്ഗീസിന്റെ പുത്രിയും ആലുവാ യൂനിയൻകാളേജ് പ്രൊഫസർ മി. ടി. സി. ജോസഫ് എം. എ-യുടെ ഭാഗിനേയിയുമാണ്.)

കഴിഞ്ഞ നാലുകൊല്ലത്തിനിടയിൽ 50000 യുവതികൾ സിനിമായിൽ പാടുന്നതിനായി ഹോളിവുഡ്ഡിൽ അപേക്ഷിച്ചതിൽ 2000 പേരെ മാത്രമെ കമ്പനിക്കാർ തിരഞ്ഞെടുത്തുള്ളൂ. അതിൽ 12 ബിരുദധാരികളെ സ്ഥിരമായിട്ടും ബാക്കിപ്പേരെ ഒരുകൊല്ലത്തെ കൺട്രാക്ററിലുമാണു ഫിലിം കമ്പനിക്കാർ എടുത്തിരിക്കുന്നതു്. അമേരിക്കയിലെ യുവതികൾ ചലനചിത്രത്തിൽ പ്രദർശിപ്പിക്കുന്ന താൽപര്യവും, അതുമൂലം അവർക്കുണ്ടാകുന്ന വിജയങ്ങളും ഇന്നു സർവലോകത്തിന്റെയും ദൃഷ്ടിയെ ആകർഷിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

നാലുപ്രാവശ്യം വിവാഹംചെയ്ത ഒരു ചൈനാക്കാരിയുടെ ഭർത്താക്കന്മാർ മരിക്കുക പതിവാകയാൽ, അഞ്ചാമത്തെ ഭർത്താവിനെ വരിക്കുംമുമ്പു അവൾ ഒരു മരത്തെ വിവാഹംചെയ്തു. പക്ഷെ ഇത്തവണ ആ മരം കാററിൽ അടന്നുവീണു അവളെ വിധവയാക്കി. മരത്തിന്റെ ഉടമസ്ഥൻ അവളുടെ പരിൽ നഷ്ടത്തിനു കേസുകൊടുത്തു. എന്നാൽ വിവാഹത്തിനു അയാൾ സമ്മതിച്ചിരുന്നതിനാൽ കേസ് ജയിച്ചില്ല. മരം നശിച്ചിരുന്നില്ലായിരുന്നെങ്കിൽ ദമ്പതിത്വത്തിനു അവരം കുററക്കാരിയാകുമായിരുന്നോ? പക്ഷെ 5-ാമത്തെ മനുഷ്യഭർത്താവു നാടുവിട്ടുപോയതിനാൽ ഈ ചോദ്യം ഉണ്ടായില്ല.

* * * *

## ഭാരതം.

മാളവ്യജിയുടെനേതൃത്വത്തിലുള്ളനിവേദകസംഘം മുമ്പു പ്രസ്താവിച്ചിരുന്ന തീയതിക്കു ഇംഗ്ലണ്ടിലേക്കു കപ്പൽകയറുന്നതല്ലെന്നറിയുന്നു.

* * *

അസംബ്ലിയിലെ മുസ്ലീംകാൺഗ്രസ്സ് മെമ്പറായ മി. ടി. എ. കെ. ഷെർവാനി മാർച്ച് 22-ാംതീയതി കാലത്തു 6 മണിക്കു പരലോകപ്രാപ്തനായിരിക്കുന്നു.

* * *

വിധവാവിവാഹം നിരോധിക്കപ്പെട്ടിരുന്ന ഹിന്തുമതത്തിൽപെട്ട 18 ജാതിക്കാരുടെ ഇടയിൽനിന്നും 1173 പുനർവിവാഹങ്ങൾ ഈ കഴിഞ്ഞകൊല്ലത്തിൽ ബങ്കാളത്തിലുള്ള ഇരുപതു ഡിസ്ട്രിക്ടുകളിലായി നടത്തപ്പെട്ടിരിക്കുന്നതായി അറിയുന്നു.

* * *

ആലുവാ യൂണിയൻ കാളേജിലെ 1935-ലെ കായികാഭ്യാസ സംഘം.



പ്രസ്തുത കോളേജിലെ ഫിസിക്കൽ ഡയറക്ടർ മി. സി. പി. ആൻഡ്രൂസാണു് മുൻനിരയിൽ ഒന്നാമതായി നിൽക്കുന്നതു്.

Photo, Royal Studio, Ernakulam.

ഗുർജവല്ലാഡിസ്ട്രിക്ടിൽ സിക്കുകാരും മുസ്ലീങ്ങളുംതമ്മിൽ ഒരു ലഹള ഉണ്ടായതായും രണ്ടുപേർ ഉടനടി മരിക്കയും ഒരുവൻ ആസ്പത്രിയിൽ വെച്ചു മരിക്കയും ചെയ്തതായും അറിയുന്നു. രണ്ടുപേർക്കു കഠിനമായ പരുക്കേററിട്ടുണ്ടു്. കാരണം ബക്രീദ്സംബന്ധിച്ചു പശുവിനെകൊല്ലാൻ ഭാവിച്ചതിനെ സിക്കുകാർ തടഞ്ഞതാണു്.

* * *

## കേരളം.

തിരുവിതാംകൂർ സീനിയർമഹാറാണി തിരുമനസ്സുകൊണ്ടു സുഖവാസത്തിനായി ഈമാസം 8-ാംതീയതി രാജധാനിയിൽനിന്നു കുന്നൂരിലേക്കു എഴുന്നള്ളിയിരിക്കുന്നു.

* * *

ചക്രവർത്തിതിരുമനസ്സിലെ സിൽവർജൂബിലി മഹാമഹം ഈവരുന്ന മേയ് 6-ാംതീയതിക്കു മേടം 23-ാംതീയതി തിങ്കളാഴ്ച തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും കൊണ്ടാടണമെന്നു തീരുമാനിച്ചിരിക്കുന്നു. രാജ്യമൊട്ടാകെ അന്നു അതിമനോഹരമായി അലങ്കരിക്കുന്നതായിരിക്കും. വൻപിച്ചതോതിലുള്ള ഘോഷയാത്രകൾ, ദീപക്കാഴ്ചകൾ, വെടിക്കെട്ടുകൾ, സാധുക്കൾക്കു വിവിധവിഭവസമന്വിതമായ സദ്യകൾ, തിരുമനസ്സിലേക്കു ദീർഘായുസ്സും ആരോഗ്യവും ആശംസിക്കുവാനുമായി പൊതുയോഗങ്ങൾ, ഹിന്തു, മുസ്ലീം, ക്രൈസ്തവദേവാലയങ്ങളിൽ പൂജ, പ്രാർത്ഥന, വഴിപാടുകൾ, മുതലായവ നടത്തണമെന്നാണു തീരുമാനം. തിരുവനന്തപുരത്തു ചക്രവർത്തിസ്മാരകമായി ശാശ്വതമായ എന്തെങ്കിലും ഒരു സ്ഥാപനവും ഉണ്ടായിരിക്കും.

* * *

തിരുവിതാംകൂറിലെ അധമർണ്ണന്മാക്കു ഒരു സഹായമായി, തിരുവിതാംകൂർമഹാരാജാവു തിരുമനസ്സുകൊണ്ടു ഈ മീനം 1-ാംതീയതി ഒരു തിരുവെഴുത്തുവിളംബരം കൽപിച്ചു പ്രസിദ്ധംചെയ്തിരിക്കുന്നു. സ്ഥാവരവസ്തുക്കളിന്മേൽ സ്ഥാപിച്ചുള്ള വിധിക്കടങ്ങളിലും കൃഷിക്കാരുടെമേലുള്ള വിധിക്കടങ്ങളിലും വിധിഉടമസ്ഥന്മാരാൽ നടത്തപ്പെടുന്ന സകല വിധിനടത്തുനടപടികളെയും മൂന്നു മാസക്കാലത്തേക്കു നിരോധിച്ചിരിക്കുന്നതായിട്ടാണു വിളംബരം.

* * *

കർഷകരുടെ ദുരിതം കുറയ്ക്കുന്നതിനായി ഗവർമ്മെണ്ടു തോവാള അഗസ്തീശ്വരം താലൂക്കുകളിലെ നിലങ്ങളുടെ ഫെബ്രുവരി വിളവിലെ 236137 രൂപായുടെ കുടിശ്ശിഖ ഇളവുചെയ്തിരിക്കുന്നതായി കാണുന്നു. ഇതു ഉടനടിതന്നെ നടപ്പിൽവരുന്നതാണു്.

* * *

തിരുവിതാംകൂറിലെ കാർഷികദുരിതനിവാരണക്കമ്മററിക്കാർ ഒരു പ്രശ്നാവലി പുറപ്പെടുവിച്ചിരിക്കുന്നു. ഈ പ്രശ്നാവലി മീനം 8-ാംതീയതിയിലെ 216-ാമതുലക്കം മലയാളരാജ്യത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. പ്രശ്നാവലിക്കു ഉത്തരമയക്കുവാൻ ഏതൊരു പൗരനും അവകാശമുണ്ടു്. പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങളും, കൂടുതലായി എന്തെങ്കിലും അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ കമ്മററിക്കു നൽകുവാനുള്ളപക്ഷം അവയും 110 മീനം 31-ാംതീയതിയോ അതിനുമുമ്പോ തിരുവിതാംകൂർ കാർഷികദുരിതനിവാരണക്കമ്മററിസിക്രട്ടറിയുടെപേർക്കുതിരുവനന്തപുരത്തുഎത്തിച്ചുകൊടുക്കേണ്ടതാണെന്നും കമ്മററിക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്നു.

—:o:—

"അന്നത്തെ സൽകൃത്യം"



പബ്ലിക്‌റോഡിൽ നിരാശ്രയനായിക്കിടന്ന ഒരു ഹരിജനവൃദ്ധനെ പാലാ സെന്റു തോമസ്സ്സ്കൗട്ടുകൾ ആശുപത്രിയിൽ കൊണ്ടാക്കി പരിചരിച്ചെങ്കിലും ആ സാധു അവിടെകിടന്നു മൃതിയടയുകയാണുണ്ടായതു്. മൃതശരീരം ശ്മശാനത്തിലേക്കു സ്കൗട്ടുകൾ തന്നെ വഹിച്ചുകൊണ്ടുപോയ കാഴ്ച.

Thomas Bros., Palai.

(എട്ടാംപേജിൽനിന്നും തുടച്ച്)

ഇവരുടെ ഏഴാമിടംപാചകകലയിൽഅദ്വിതിയ ഗൃഹഭരണസാമത്ഥ്യംഅപ്രമേയം. പുരാണേതിഹ സവിജ്ഞാനം അതക്കിതം. എന്നുവേണ്ട, 'അഹല്യ, ദ്രൗപദി, സിത, ദമയന്തി, നളസ്യച', എല്ലാംകൂടി ഇടിച്ചുപൊടിച്ച് സൃഷ്ടിച്ച ഇരുപതാംനൂററാണ്ടിലെ ഗുളികയാണ് അവരുടെ കുടുംബം. ഇവരുടെ പ്രാഗത്ഭ്യങ്ങളും മേല്പടിവകപ്പടിയായതുകൊണ്ടു് ഇവിടെ വിശേഷിച്ചു് ഒന്നും പറയുന്നില്ല. ഭാര്യമാരെ സ്തുതിക്കുന്നതിനുള്ള സവ്വകലാശാലബിരുദകളും പ്രത്യേക ഡിപ്ലോമകളും കരസ്ഥമാക്കിയിട്ടുള്ളഭത്താക്കന്മാരുടെ എണ്ണം ഇവിടംകൊണ്ടു് അവസാനിക്കുന്നില്ല. ഒരുക്കൂട്ടർ സംഭാഷണം ആരംഭിക്കുന്നതുതന്നെ മട്ടൊന്നുമാററിയിട്ടാണു്. "കേട്ടോ, സ്നേഹിത, സത്യം പറഞ്ഞാൽ സംബന്ധം ചെയ്യുന്നതുവരെ ഞാൻ പഠിച്ച പുസ്തകങ്ങളുടെ മഹത്വം എനിക്കു മനസ്സിലായിരുന്നില്ല വായിച്ചുകേൾപ്പിച്ചു് രസിപ്പിക്കാൻ ആളില്ലാതിരുന്ന ആ വിദ്യാലയകാലത്തു് പരീക്ഷ പാസാകുവാൻ വായിച്ചെന്നല്ലാതെ, രസിക്കത്തക്ക ഒരാനന്ദപ്രദായിനി ആണു് സാഹിത്യമെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. എന്തുപറഞ്ഞാലും വിവാഹം കഴിക്കാത്തവൻ സാഹിത്യത്തിൻെറ സ്വാദു് അറിഞ്ഞിട്ടില്ലെന്നു തീത്തുപറയാം. നിങ്ങൾ, നിർബ്ബന്ധമായിട്ടു് പറയുന്നു, മാരി (വിവാഹം) ചെയ്യണം കേട്ടോ നിങ്ങളെപ്പോലെയുള്ള ഒരു സാഹിത്യരസികൻ ഇങ്ങനെ വിവാഹം ചെയ്യാതിരിക്കരുതു്." ഇങ്ങനെ നഷ്ടമില്ലാത്ത വിധത്തിൽ ശ്രോതാവിനെയും ഒന്നു പുകഴ്ത്തി തൻെറ ഭാര്യയുടെ സ്തുതിഗായകന്മാരുടെ കൂട്ടത്തിൽ ചേർക്കുവാൻ ശ്രമിക്കും. അപരൻ ആൾ രസികനാണെങ്കിൽ. നീട്ടിക്കൊട്ടുകുന്ന ഈ ഇര വിഴുങ്ങാതെ, "എല്ലാ സ്ത്രീകൾക്കും ഒന്നുപോലെ സാഹിത്യക്കൊഴപ്പു കാണുമോ സഹോദര? ഒരാളുണ്ടായിരുന്നതു് നിങ്ങൾ അങ്ങു് വേട്ടുകഴിഞ്ഞു; ഇനി ഞങ്ങൾ ഇങ്ങനെ സാഹിത്യം ഒരു ബോറു് ആണെന്നു് കണക്കാക്കി കാലംകഴിക്കട്ടെ. അല്ലാതെ എന്താ ചെയ്യുക" എന്നു മറുപടി പറയുന്നു. ചില ഭത്താക്കന്മാരുടെ ഭാര്യമാർ കവിതയെഴുതും. ചിലർ ചെറുകഥ സൃഷ്ടിക്കും. മററുചിലർ പ്രസംഗപീഠം തകക്കും ചിലരെ ഭത്താക്കന്മാർ സിനിമാതാരങ്ങളാക്കും കുറേപ്പേർ രാഗിണീദേവിമാരാകും. ഇതൊന്നും പറഞ്ഞു വാഴ്ത്തിസ്തുതിക്കുവാനില്ലാത്ത ഭാഗ്യഹീനന്മാരായ ഭത്താക്കന്മാരും അവസാനംവരെ ആശ കൈവെടിയുന്നില്ല. "നമ്മുടെ ഭാര്യ നെല്ലാണെങ്കിൽ നിന്നാനില്ലിനു് ഒന്നരപ്പറകുത്തും; വെള്ളംകോരാനാണെങ്കിൽ നാന്തുരുപാള നിറത്താതെ കേരും" എന്നു് "ഗുണമേറുംഭത്താവെ" എന്ന പഴയമട്ടിൽ ഒരുശീലു് പാടി രംഗം മുഷിപ്പിക്കാതിരിക്കുവാൻ ശ്രമിക്കും. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി നിലകൊള്ളുന്ന ഒരു വർഗ്ഗക്കാരുണ്ടു്. ഇവർ തനി ഭത്താക്കന്മാരല്ല. എന്നാൽ ഭാര്യമാരുടെ ഭത്താക്കന്മാരാണു്. ഈ ഭത്തൃവർഗ്ഗത്തിൻെറ പേരുകൾതന്നെ മിസ്റ്റർ അച്ചാമ്മ, ദേവകിറാണി എസ്ക്വയർ, സർ കാളിയക്കൻ എന്നുംമററുമായാൽ ഇരുകക്ഷികൾക്കും തൃപ്തിയായി. ഭാര്യമാക്കു് അല്പം ഇംഗ്ലീഷു വിദ്യാഭ്യാസംകൂടിഉണ്ടെങ്കിലോ തിൻ സാധു ഭത്താക്കന്മാരുടെ കഥ പാട്ടുപഠിച്ച ഭാര്യമാരാണെങ്കിൽ സ്തുതിഗീതംപാടാൻ താളവും രാഗവും, ററയും, ഗമകവും, ഒന്നും തെററാതെ, ഗുരുസന്നിധിയിലെന്നപോലെ ഭക്ത്യാദരവോടുകൂടി നില്ക്കുന്ന ഭർതൃശിഷ്യനെ, ശരിയായി പഠിപ്പിക്കും. ഭത്താവു് പാടാൻ മടിച്ചാൽ ഉള്ള ഭവിഷ്യദവസ്ഥ എന്താണെന്നു് അനുഭവിച്ചിട്ടുള്ളവക്കു് അറിയാമല്ലൊ. മാസ്മരപ്രയോഗം ചെയ്യുന്നപോലെ ഭത്താക്കന്മാരെക്കൊണ്ടു് ഏതു താളവും ചവുട്ടിക്കുവാൻ ഇവരുടെ ഭാര്യമാക്കു് ശക്തിയും വശവും ഉണ്ടു്. മത്സ്യമാംസാദികൾ കൂടാതെ ആഹാരം കഴിക്കുകയില്ലെന്നു് ശഠിച്ചു് സഹോദരിയെ കൈയേററംചെയ്തിട്ടുള്ള യുവകേസരികൾ മുരിങ്ങയിലത്തോരനും കീരക്കറിയും കഴിച്ചു് തപസ്സിനു് പൊയ്ക്കോള്ളാമേ എന്നു ഉറക്കെവിളിച്ചു് സത്യംചെയ്യുവാൻ അവരുടെ ഇപ്പോഴത്തെ കൊച്ചമ്മമാർ ഒന്നു മൂളിയാൽമാത്രം മതിയാവും. പഠിച്ചുകൊണ്ടിരുന്നപ്പോൾ പുളിമൂട്ടിൽപാതിരിയെ കല്ലെറിയുന്നതിനും കാഷായവസ്ത്രധാരികളെ ഭിക്കുവിട്ടു് ഓടിക്കുന്നതിനും, ദേവനും ദേവാലയവും അന്ധമതത്തിൻെറ ധ്വജസ്തംഭങ്ങൾ മാത്രമാണെന്നു് പ്രസംഗം ചെയ്യുന്നതിനും മുന്നിട്ടുനിന്നിരുന്ന കുഞ്ചുപിള്ള, ഇപ്പോൾ, താൻ കഷ്ടപ്പെട്ടു് ബുദ്ധിമുട്ടിഉണ്ടാക്കിയ പണംകൊടുത്തു് പട്ടുവസ്ത്രംവാങ്ങി അണിയിച്ചു് വീട്ടിൽ എഴുന്നള്ളിച്ചിരുത്തുന്ന ആ അർജ്ജുനസന്യാസിയുടെ കാൽകഴുകിയ "തീത്ഥം" സേവിച്ചു് പാപം നശിപ്പിക്കാമെന്നു് അമ്മു ധൈര്യമായി പറഞ്ഞാൽ വിശ്വസിക്കുവാൻമാത്രമല്ല അനുഭവിച്ചു പറഞ്ഞു് വശീകരിക്കുവാൻപോലും, തയ്യാറുമാണു്. ഇങ്ങനെ പൗരുഷംകെട്ടു്, നാണവും നാണക്കേടും തമ്മിൽ തിരിച്ചറിയുവാൻപാടില്ലാത്തവിധം തോലിനു് കട്ടികൂട്ടി വഴിനീളെ നടക്കുന്ന പലകൂട്ടരും ഇനിയും ഉണ്ടു്. ഇവരെപ്പററി ഇവർ പൂജിക്കുന്ന ദേവതകൾതന്നെ എന്തു വിചാരിക്കുന്നെന്നു് അറിയുന്നുണ്ടോ? എന്തായാലും ദാമ്പത്യജീവിതത്തിൻെറ പ്രാരംഭദശയിൽ ഭാര്യമാർ ഈ ഗീതംകേട്ടു് കോൾമയിർകൊള്ളുന്നു. അവരുടെ ആനന്ദത്തിൽ ഭത്താക്കന്മാർ സ്വർഗ്ഗസുഖം ആസ്വദിക്കുന്നു. എന്താ, ദാമ്പത്യോദ്ദേശം നിറവേറിയില്ലെ?

ഈ പുറത്തുള്ള ഈറയംപൂശൽതേഞ്ഞുമാഞ്ഞുകഴിഞ്ഞാൽ പിന്നിടു് പ്രത്യക്ഷമാകുന്നതാവു് വണ്ണിക്കാൻ കഠിനമാകുന്നില്ല. ദമ്പതികളുടെ ചില്ലറ കലഹങ്ങൾക്കിടയിൽ ഒരുദിവസം, തന്നെ ഉടനെ പിതൃഗൃഹത്തിൽ കൊണ്ടുചെന്നാക്കണമെന്നു് അമ്മു ശാഠ്യം തുടങ്ങുന്നു വേണമെങ്കിൽ വല്ലവരുമുണ്ടെങ്കിൽ വരുത്തി പോകുകയേഉള്ളു. കൊണ്ടുചെന്നാക്കുന്നതിനുള്ള ശമ്പളം എനിക്കുവേണ്ട എന്നു ഭത്താവു്. ഒടുവിൽ അമ്മ മകളെ കാണുവാൻ വരുന്ന അവസരംനോക്കി, ജാട പറഞ്ഞു് അമ്മയുടെ കൂടി പിതൃഗൃഹത്തിൽഎത്തി ഭത്താവിനെ തോല്പിച്ചെന്നുള്ള ഭാവത്തിൽ അമ്മു വാസവും തുടങ്ങുന്നു. 'അച്ഛനിച്ഛിച്ചതുംപാലു് വൈദ്യൻ കല്പിച്ചതും പാലു്' എന്നസമാധാനം കണ്ട കുഞ്ചുപിള്ളയെ രണ്ടാഴ്ചയായിട്ടും കാണാതെ കുഴങ്ങിയ അമ്മ ജാമാതൃസ്യമന്തകത്തെ കൈക്കലാക്കുവാൻ കൊച്ചുനിയനായി അവതരിച്ച കൃഷ്ണനെ അയക്കുന്നു. ജാമാതൃസ്യമന്തകം ഹാജരാക്കി കൊച്ചുനിയൻ തൃപ്തിയടഞ്ഞ ഉടൻ അമ്മുവിൻെറ കോപാഗ്നി ചിതറുന്ന നോട്ടവും കുഞ്ചുപിള്ളയുടെ ജന്മദേരിനാടവും, അയാൾക്കു വളരെ നാളായി ആസ്വദിക്കുവാൻ ഭാഗ്യംലഭിക്കാത്ത ആഹാരാദിസുഖസൌകര്യങ്ങൾവീണ്ടും സമാഗതമായതിലുള്ള സംതൃപ്തി പ്രകടനവും എല്ലാം ഒന്നു കാണേണ്ടതാണു്. ഇങ്ങനെ പുതുവീട്ടിലെ താമസവും "സ്ലയിലടിയും ചുരുളുപണിയും" മററും കഴിഞ്ഞു് ദമ്പതികൾ മടങ്ങി, അടങ്ങി, ഒന്നുകൂടി ശ്വശുരഗൃഹത്തിൽ അഭയംപ്രാപിക്കുന്നു ഇതിനിടക്കു് അമ്മുവിനു് വല്ല സുഖക്കേടോ സന്തതിലാഭചിഹ്നമോ കണ്ടുകഴിഞ്ഞാൽ ഈ ഗൃഹപ്രവേശത്തിനു് ന്യായമായ ഒരു കാരണവും കിട്ടുന്നു. ഇങ്ങനെയാണു് നവദമ്പതികളുടെ സാധാരണമായ ഒരുസാമ്പിൾ.

---


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവക്കു 100 ക ഇനാം.

Professor G. Shunker,
Post Box No. 72, Lahore.


---


## പൊയ്പ്പോയ ലോകം.

സർ ആർതർ കോണൻഡോയിലിൻെറ

**THE LOST WORLD**

എന്ന നോവലിൻെറ അധികൃതമായ പരിഭാഷ പുസ്തകരൂപത്തിൽ തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# പുനഃസമാഗമം.

(ടി. എൻ. ഗോപിനാഥൻനായർ)

"ഓമനേ,സോമനേയോർമ്മയില്ലേ?
കൌമാരമൊന്നനുസ്മരിച്ചുനോക്കു!"
കേഴമാൻകണ്ണോളോടേവമെത്ര
കേണുപറഞ്ഞിട്ടുമോത്തതില്ല.

"അന്നൊന്നൊന്നൊത്തൊലിലോമലാളേ-
യാഞ്ഞുകടമിട്ടതോർമ്മയില്ലേ?
പെട്ടെന്നുകൈവിട്ടുതാഴെവീണി-
ട്ടേറ്റുകരഞ്ഞുനീ യോർമ്മയില്ലേ?
നാംകടലോരത്തിലോടിയോടി
ച്ചിപ്പിപെറുക്കിയതോർമ്മയില്ലേ?
വീട്ടുകളംവെച്ചുകളിച്ചിരുന്നു
ഊഞ്ഞാലിലാടിരസിച്ചിരുന്നു
ഓമനേ,സോമനെയോർമ്മയില്ലേ?
ബാല്യവുമോർമ്മയിൽനിന്നുപോയോ?"

ഓമലാളൊന്നുമേമിണ്ടിയില്ല
ഓർമ്മതൻലക്ഷണംകണ്ടതില്ല.

"അന്നൊരുസായാഹ്നവേളയിൽനാം
ഒന്നിച്ചൊരാരാമംപൂകിടവേ
രണ്ടുകിളികളക്കൊച്ചുകൊമ്പ-
ത്തുണ്ടായിരുന്നൊരുക്കൂടിൻവക്കിൽ
തമ്മിൽചിലെച്ചുചിലച്ചിടവേ,
"നമ്മെക്കുറിച്ചെ"ന്നുനീപറഞ്ഞു
"ആയവർഭാര്യാഭർത്താക്കളല്ലേ-
യേതും ചിലച്ചു ചിരിച്ചിടട്ടേ!"
"ആയവരെപ്പോലെനാമൊരിക്ക-
ലാകു"മെന്നോമനേ,നീപറഞ്ഞു.
ഓമനേ,സോമനെയോർമ്മയില്ലേ

* * * *

കാലമേ,നീയൊരുകാലനത്രേ."

ഇങ്ങനെചൊന്നിട്ടുംതന്വംഗിയാം-
ക്കില്ലൊരുതെല്ലുമേഭാവഭേദം
ദഗ്ദ്ധഹൃദയനായ്ഗദ്ഗദത്തിൽ
"ജാതകത്തിലില്ല"യെന്നുചൊല്ലി
കണ്ണീരുകൈയാൽതുടച്ചുകൊണ്ട്
എണ്ണാക്ഷിയാളെയൊന്നുറ്റുനോക്കി
എല്ലാംതിമിരത്തിൽപമ്പരംപോൽ
വല്ലാതെചുറ്റുന്നിതെന്നുതോന്നി.
മെല്ലെത്തിരിഞ്ഞുതിരിച്ചുപോകാൻ
അല്ലാതെഞാനെന്തുചെയ്തിടട്ടെ!

* * *

പെട്ടെന്നുപൊട്ടിക്കരഞ്ഞശബ്ദം
കേട്ടുഞാനങ്ങോട്ടുനോക്കിവേഗം
ഓമലാളോടിയടുത്തുവേഗം
ഞാനോ,പുളകിതഗാത്രനായി.
"പോയവസന്തംതിരിച്ചുവന്നു
ഈവേളയിൽഞാൻവിടുകയില്ല.
പോയസുധാകരൻവീണ്ടുമെത്തി
എന്തുപറഞ്ഞാലുംഞാൻവിടില്ല-
ഹാഹാ!ഞാനൊന്നുനുകർന്നിടട്ടെ
ഈയൊരുമംഗലവേളയല്ലോ."

ഓമലാളിത്ഥംപറഞ്ഞുകോവൽ
കോമളദന്താംബരങ്ങൾകൊണ്ട്
മൂന്നാലുമുദ്രകളെൻമുഖത്തിൽ
തന്നൊന്നുചൊന്നാൾ കഴിഞ്ഞുവല്ലോ!

---


## നിങ്ങളുടെ പരമമായ വശ്യശക്തി-
## മൃദുലമസൃണമായ
## ഒരു ത്വക്കാണ്.






ഏല്യമായ ആകാരസുഷമ ഏതൊരാൾക്കും സമ്പാദിക്കുവാൻ കഴിയുന്ന സൌന്ദര്യമത്രേ. ശരിയായ ശ്രദ്ധകൊണ്ടു മാത്രം സാധിക്കാവുന്ന കാര്യമാണത്. ത്വക്കിനെ യഥാർത്ഥത്തിൽ ശുചിയാക്കിവയ്ക്കുക എന്നതാണു ഏററവും മുഖ്യമായ കാര്യം. ഉപരിതലത്തിൽ മാത്രമല്ല, രോമകൂപങ്ങളുടെ ആഴംവരെയും ശുചിത്വം ലഭിക്കണം.

ഈ പരിപൂർണ്ണമായ ശുചിത്വം '501' ടോയിലററുസോപ്പിന്റെ പാലുപോലുള്ള പതകൊണ്ടു നിഷ്പ്രയാസം സാധിക്കാം. ത്വക്കിന്റെ സൌന്ദര്യത്തെ നശിപ്പിക്കുന്ന അഴുക്കുകളെയെല്ലാം ഈ പത അകററുന്നു.

'501' ടോയിലററുസോപ്പു പ്രകൃതിയിലെ സസ്യവർഗ്ഗങ്ങളിൽനിന്നുള്ള തൈലങ്ങളാലുണ്ടാക്കപ്പെട്ടിരിക്കുന്നു. നേരിയ മാലതീസൌരഭ്യം ഇതിൽ കലന്നിരിക്കുന്നു.

TOMCO Tomco Sales Dept, 19, Vanier Street, G. T. Madras.
**The Tata Oil Mills Co., Ltd., Tatapuram.**

# യൂറോപ്പിലെ ആധുനികവനിതകൾ.

വൈക്കം എൻ. എൻ. നായർ, രാ. ഭാ. വിശാരദ്.

യൂറോപ്യൻവനിതകളെ സാധാരണയായിട്ടു നാം പരിഹാസത്തോടും വെറുപ്പോടുംകൂടിയാണു വീക്ഷിക്കുന്നതു്. അവരോടു നമുക്കു് ആദരവോ ബഹുമാനമോ തോന്നുന്നില്ല. ഇതു വാസ്തവത്തിൽ ഇരുകൂട്ടരിലുമുള്ള ദൃഷ്ടിവ്യത്യാസംമൂലമാണു്. യൂറോപ്പിലെ വനിതകൾക്കു ഭാരതത്തിൽ യാതൊരു സ്വാഭാവികമായ ആകർഷണവും കാണുവാൻ കഴിയുന്നില്ല ഇതിന്റെ പ്രധാന കാരണം ഭാരതത്തിലെ അസ്വാഭാവികമായ സാമുദായികവും രാജനീതികവുമായിട്ടുള്ള അസമത്വമാകുന്നു. യഥാർത്ഥത്തിൽ യൂറോപ്യൻസ്ത്രീകളുടെ സൽഗുണങ്ങളെയും ദുർഗ്ഗുണങ്ങളെയും പരിക്ഷിച്ചറിയുന്നതിനുള്ള അവസരം നമുക്കു ഇവിടെ പ്രാപ്തമാകുന്നില്ല.

എന്നാൽ യൂറോപ്പിൽ ചെന്നു സ്വാതന്ത്ര്യപൂർവ്വകം അവിടത്തെ വനിതകളെ അടുത്തു കാണുന്നതിനും പരിചയിക്കുന്നതിനുമുള്ള സന്ദർഭം സംലബ്ധമാകുമ്പോൾ അവരെസംബന്ധിച്ചുള്ള നമ്മുടെ തെററിദ്ധാരണകൾ നശിക്കുന്നതാണു്. ഇവിടെ നമ്മളിൽ അധികംപേരും യൂറോപ്യൻവനിതകളെ വീരാംഗനകളായിട്ടുമാത്രമാണു കാണുന്നതു്. അല്പം ചിലർ അവരെ, ശാസകവിഭാഗത്തിലുൾപ്പെട്ടവരാകയാൽ ആദരണീയരായി കരുതി യഥോചിതം ആദരിക്കാതെയുമിരിക്കുന്നില്ല. യൂറോപ്പിൽ ചെല്ലുമ്പോൾ ഈ രണ്ടുതരത്തിലുള്ള വിചാരവും താനേ ലോപപ്പെട്ടുപോകുന്നു. യൂറോപ്പിലെ ഈ മഹിമാമയികളായ മഹിളകളുടെ യഥാർത്ഥരൂപം കാണുന്നതിനുള്ള അവസരം ഒരു സാധാരണ ചിന്തകനു അവിടെയെ ലഭിക്കുന്നുള്ളു. ഭാരതത്തിൽ നമ്മുടെയും അവരുടെയും മദ്ധ്യേ സാമുദായികാസമത്വമാകുന്ന കരിങ്കൽകോട്ട സ്ഥിതിചെയ്യുന്നു. എന്നാൽ യൂറോപ്പിൽ ഇങ്ങനെയുള്ള വിഷമം ഇല്ലതന്നെ. ഇതു് അവിടത്തെ സ്വാതന്ത്ര്യ വായുമണ്ഡലത്തിന്റെ വിശേഷതയാണു്.

### പരിവൎത്തനം.

യൂറോപ്പിൽ ശീഘ്രതയോടെ പരിവൎത്തനം വന്നുകൊണ്ടുതന്നെയിരിക്കുന്നു. കഴിഞ്ഞ മഹായുദ്ധാനന്തരം ഈ ക്രാന്തിചക്രം പൂർവ്വാധികം വേഗത്തിൽ തിരിഞ്ഞുതുടങ്ങിയിട്ടുണ്ടു്. അവിടത്തെ ഭരണകാൎയ്യങ്ങൾക്കു മാററവും മറിച്ചിലും വന്നതോടുകൂടി ഗണ്യമായ സാമുദായികപരിവൎത്തനങ്ങൾക്കും ഇടയാകാതെയിരുന്നില്ല മഹായുദ്ധകാലത്തു ഭാരതത്തിലെ എത്രകോടി ജനങ്ങളാണു മരിച്ചതു്. അതുകൊണ്ടു നമുക്കു എന്തു പ്രയോജനം സിദ്ധിച്ചു? ഇന്നും അന്നത്തെപ്പോലെതന്നെയല്ലെ നമ്മുടെ സ്ഥിതി? നമ്മുടെ ആന്തരികമായ സാമുദായികശരീരത്തിൽ സ്വയംവികാസരൂപത്തിലുള്ള പ്രഭാവം യാതൊന്നുംതന്നെ ഉണ്ടായിട്ടില്ല യൂറോപ്പു മഹായുദ്ധത്തെ നിയന്ത്രിച്ചതിനാൽ മാത്രമാണു് അവിടെ എന്തൊചിലതെല്ലാം ഇപ്പോൾ കാണുവാൻ കഴിയുന്നതു്. യൂറോപ്പിന്റെ ആധുനികപ്രഗതിയെയൊ അധോഗതിയെയൊ സംബന്ധിച്ചല്ല വിചിന്തനംചെയ്യേണ്ടതായുള്ളതു്. അതുകൊണ്ടു് ഈ കാൎയ്യം അങ്ങനെയിരിക്കട്ടെ. നമുക്കു് അവിടത്തെ ആധുനികവനിതകളുടെ സ്ഥിതിഗതികളെ പുരസ്കരിച്ചുതന്നെ തുടൎന്നു ചിന്തിക്കാം.

### രാഷ്ട്രീയബോധം.

ലോകത്തിൽ നന്മതിന്മകൾ ഇടകലൎന്നിരിക്കുന്നു; ഏതു വസ്തുവിനും രണ്ടുവശമുണ്ടു്; ഏതു ചിത്രത്തിലും നല്ലഭാഗവും ചീത്തഭാഗവും—കറുപ്പും വെളുപ്പും—അഥവാ സൽഗുണവും ദുർഗ്ഗുണവും കാണും.

"എല്ലാംതികഞ്ഞിട്ടൊരുവസ്തുപോലുംതണ്ടാർ കൻഹന്ത ചമച്ചതുണ്ടോ?" എന്ന മഹദ്വാക്യം അക്ഷരംപ്രതി ശരിയാണു്. ഇതാണു പ്രകൃതിയുടെ നിയമവും ഈ സംഗതി സകലതിലും സകലരിലും കണ്ടുവരുന്നതാണു്. ആദ്യമായി നമുക്കു് യൂറോപ്പിലെ ആധുനികവനിതകളുടെ സദ്ഗുണങ്ങളെ സംബന്ധിച്ചു് പൎയ്യവേക്ഷണം ചെയ്യാം. യൂറോപ്യൻമഹിളകൾ സ്വതന്ത്രകളാണു്. അവർ പൂൎണ്ണസ്വതന്ത്രകളാണെന്നുമാത്രമല്ല സ്വച്ഛന്ദചിത്തകളുമാകുന്നു. അവരുടെ ഈവിധമുള്ള സ്വാതന്ത്ര്യംമൂലം അവരിൽ പല ദൂഷ്യങ്ങൾക്കും ഇടയായിട്ടുണ്ടെങ്കിലും വളരെ അനുകരണീയങ്ങളായ ഗുണഗണങ്ങളും അവരിൽ കണ്ടുവരുന്നുണ്ടു്. ഈ കാരണത്താൽതന്നെയാണു് ഗൃഹകാൎയ്യങ്ങളിലെന്നു മാത്രമല്ല ഭരണസംബന്ധമായ സംഗതികളിൽക്കൂടി അവർ പ്രവേശിച്ചുകാണുന്നതു്. നമ്മുടെ വനിതകൾക്കു സ്വപ്നം കാണുവാൻകൂടി കഴിയാത്ത കാൎയ്യങ്ങൾ അവർ സാധിച്ചുകഴിഞ്ഞിരിക്കുന്നു പാർലിമെൻറിലെ സഭകളെത്തന്നെ നോക്കണം. നമ്മുടെ ദേശത്തിലും ഏതാനുംചില സ്ത്രീകൾ കൗൺസിലുകളിൽപ്രവേശിക്കുന്നുണ്ടു്. പക്ഷെ അവരെ ബ്രിട്ടിഷുവനിതകളോടു താരതമ്യപ്പെടുത്താവുന്നതാണൊ? ഇവർ വെറും യന്ത്രപ്പാവകൾക്കുതുല്യമാണു്; അവരാകട്ടെ നടമക്കടങ്ങളെ നൃത്തംചെയ്യിക്കുന്ന ശക്തിശാലിനികളായ സൂത്രധാരിണികളുമാകുന്നു യൂറോപ്പുയുദ്ധകാലത്തു അവർ തങ്ങളുടെ കൎത്തവ്യപരായണതത്തെ പ്രകടിപ്പിച്ചു് ലോകരെ ആശ്ചൎയ്യപരതന്ത്രരാക്കി. പുരുഷന്മാരിൽനിന്നുമുണ്ടായിരുന്ന ബന്ധനത്തെ നശിപ്പിക്കുകയും അവർ ഇന്നു പരിപൂൎണ്ണശക്തിസമ്പന്നകളായിട്ടു് സാമ്രാജ്യസംരക്ഷണസംബന്ധമായ കാൎയ്യങ്ങളിൽ പ്രത്യേകം ഒരു സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിരിക്കുന്നു.

### കൎത്തവ്യപരായണത്വം.

ഈ ഒരു സല്പ്രവൃത്തി യൂറോപ്പിലെ വനിതാസമാജത്തിൽ കളിയാടുന്നതു കാണാവുന്നതാണു്. അവർ യഥാൎത്ഥത്തിൽ രാഷ്ട്രീയത്വത്തിന്റെ പ്രതിമൂൎത്തികൾതന്നെയാകുന്നു. നാഷണലിസം അവരിൽ സ്വല്പവും കുറവില്ലതന്നെ. ചായക്കൂട്ടുന്ന സാധാരണ ബാലികകളിൽകൂടെ ഇപ്രകാരമുള്ള രാഷ്ട്രീയബോധം നല്ലതുപോലെ ഉണ്ടായിരിക്കുന്നതാണു്. വിലാസപ്രിയത്വം അവരിലുണ്ടെങ്കിലും അതിലൊട്ടും കുറയാതെതന്നെ ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ഗൌരവത്തെ പരിരക്ഷിക്കണമെന്നുള്ള ദൃഢവിചാരവും അവരുടെ ചിത്തത്തിലുണ്ടു്. ചായകുടിക്കുമ്പോഴും, ഭോജനം കഴിക്കുമ്പോഴും, കൊടുക്കൽവാങ്ങൽചെയ്യുമ്പോഴും, യാത്രാവസരങ്ങളിലും തന്റെ രാജ്യത്തെയും രാഷ്ട്രത്തെയും സംബന്ധിച്ചു അവൎക്കോരോരുത്തൎക്കും എത്രമാത്രം വിചാരമുണ്ടെന്നു നമുക്കു കാണുവാൻ കഴിയുന്നുണ്ടു്. റോമിലെ കൃഷിവേലചെയ്യുന്ന വനിതകൾ തങ്ങളുടെ ഈശ്വരനായ മുസോളിനിക്കുവേണ്ടി ജീവത്യാഗം ചെയ്യുന്നതിനു സന്നദ്ധകളാണു്. ഇററലിക്കൊ തങ്ങളുടെമാനവവൈഭവത്തിനൊ ഹാനിവരുത്തുന്നതിനു ശ്രമിക്കുന്നവരെ നശിപ്പിക്കണമെന്നുള്ള ഉൽക്കണ്ഠയോടെയാണു് അവർ കാളേജുകളിലും മററും വൎത്തിക്കുന്നതു. അവർ തങ്ങളുടെ ശിശുക്കളെ അഭ്യസിപ്പിക്കുന്നതും ഇതുതന്നെയാണു്. ജൎമ്മൻകാർ ദളിതപദരാണല്ലൊ. ഓരോ ജൎമ്മൻമഹിളകളുടെയും—വൃദ്ധകളുടെയും, യുവതികളുടെയും, ബാലികകളുടെയും, മുഖത്തു ഒരു വിഷാദരേഖ സഞ്ചരിക്കുന്നതായി കാണാം. അവർ ജൎമ്മനിയെ സമൃദ്ധിപ്പെടുത്തുന്നതിനുള്ള ചിന്തയിൽതന്നെ നിമഗ്നകളായിരിക്കുകയാണു്. നഷ്ടപ്പെട്ടുപോയ ഗൌരവപദത്തിലേക്കു ജൎമ്മനിയെ വീണ്ടും എത്തിക്കുന്നതിനുള്ള വിചാരമാണു സദാസമയവും അവൎക്കുള്ളതു്. ഫ്രാൻസിലെ നാരികളും ശക്തിസമ്പന്നകൾ തന്നെയാകുന്നു. അമേരിക്കയും ബ്രിട്ടനും തമ്മിൽ യുദ്ധമുണ്ടാകുകയാണെങ്കിൽ സഹായിക്കുന്നതിനു അവർ സന്നദ്ധകളായിട്ടാണിരിക്കുന്നതു്.

ഇതാണു് യൂറോപ്പിലെ വനിതകളുടെ രാജനീതികമായിട്ടുള്ള മാനസികകാംക്ഷ. സാധാരണനൃത്യങ്ങളിലും അവർ പുരുഷന്മാരെ അപേക്ഷിച്ചു ലേശവും പിന്നാക്കമല്ലെന്നുള്ളതും പ്രസ്താവ്യമാണു്. അവർ പ്രവേശിക്കാത്ത യാതൊരു നാഗരികസംസ്ഥാപനവു അവിടെഉണ്ടായിരിക്കുകയില്ല. തങ്ങളുടെ 'ഡ്യൂട്ടി'യിലുള്ള അവരുടെ ഉത്സാഹവും, സ്ഫൂൎത്തിയും, താല്പൎയ്യവും, വാക്ചാതുൎയ്യവും, സൌജന്യവും വാസ്തവത്തിൽ പ്രശംസനീയമത്രെ പുരുഷന്മാരോടൊപ്പം അവർ പലമാതിരി കളികൾകളിക്കുന്നതും നീന്തുന്നതും മററും കണ്ടാൽ നാം അത്ഭുതപ്പെടാതിരിക്കുകയില്ല. 'ഗേൾസ്സ്' ഗൈ

ഡ്‌റാലി' മുതലായവയിൽനിന്നും ബാലികകളുടെയും മററും ശാരീരികവികാസവും മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. അവിടത്തെ ഗ്രാമങ്ങളിലെ സ്ത്രീകൾ പരിശ്രമശീലകളുമാണ് ഭാരതത്തിലെ സ്ത്രീകളെപ്പോലെ അവർ അലസകളായി ഒരിക്കലും ഇരിക്കുന്നതല്ല. കന്നുകാലികളേയും മററും തീററിക്കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിൽ കൂടി അവർ തങ്ങളുടെ സഹോദരങ്ങളെ പഠിപ്പിക്കുകയൊ ഗൃഹത്തിലേക്കാവശ്യമുള്ള ഉടുപ്പുകൾ തയ്ക്കുകയൊ മത്സ്യംപിടിക്കുകയൊ ചെയ്തുകൊണ്ടുതന്നെയിരിക്കും. കർത്തവ്യപരായണത്വവും കാര്യശേഷിയുമാണ് അവരുടെ ജീവനധ്യേയമായിട്ടുള്ളതെന്നു പ്രസ്പഷ്ടമാകുന്നുണ്ടല്ലൊ.

### വിലാസപ്രിയത്വം.

ഇനി ഞാൻ ചിത്രത്തിലെ കറുത്തഭാഗത്തെക്കുറിച്ചുകൂടി രണ്ടുവാക്കുപറഞ്ഞവസാനിപ്പിച്ചുകൊള്ളട്ടെ. യൂറോപ്പിലെ ആധുനികവനിതകൾ സംയമനത്തോടെ വിലാസോല്ലാസങ്ങളെ പരിത്യജിച്ച് സാധാരണനിലയിൽ ജീവിതംനയിക്കുവാൻ തുടങ്ങുകയാണെങ്കിൽ കർത്തവ്യപരായണകളും നല്ല കാര്യശേഷിയുള്ളവരുമായ അവർ വാസ്തവത്തിൽ പ്രത്യക്ഷപൂജനീയകളായ ദേവികൾ തന്നെ ആയിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. പബ്ലിക്കു ഡ്യൂട്ടികളെപ്പോലെ അവരുടെ പ്രൈവററുജീവിതം അത്ര ആദരണീയമല്ലതന്നെ. യൂറോപ്പിലെ വനിതകൾ സ്വച്ഛന്ദഗതികളാണു്, അവർ സർവഥാ സ്വതന്ത്രകളുമാകുന്നു; എങ്കിലും അവർ ഇപ്പോൾ ആചരിക്കുന്ന ഗതിവിധികളെ ഞാൻ ഉച്ഛൃംഖലത്വമെന്നുതന്നെ പറയും. അവർ പരിപൂർണ്ണസ്വതന്ത്രകളാണെങ്കിലും ആദ്ധ്യാത്മികഗുണം അവരിൽ വളരെ കുറവാണെന്നുള്ളതു് പ്രത്യേകം പ്രസ്താവിക്കാതെ തരമില്ല. സ്വാതന്ത്ര്യം ജീവിതത്തിനാവശ്യമാകുന്നു, ഉച്ഛൃംഖലത്വം വിനാശമാണ്. സ്വാതന്ത്ര്യം, ജീവിതത്തെ പോഷിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. പക്ഷെ ഉച്ഛൃംഖലത്വം പതനകാരണമാകുന്നു. യൂറോപ്പിലെ ആധുനികവനിതകൾ സുഖഭോഗാദികളിലേക്ക് അതിശീഘ്രം പ്രയാണംചെയ്തുകൊണ്ടിരിക്കുന്നു. അവർ ഭോഗവിലാസങ്ങളുടെയും ഇന്ദ്രിയലിപ്സകളുടെയും വാസനയുടെയും പ്രത്യക്ഷമൂർത്തിമതികളായി തീർന്നിട്ടുണ്ട്. യൂറോപ്പിലെ വലിയവലിയ നഗരങ്ങളിലെന്നു മാത്രമല്ല കുഗ്രാമങ്ങളിൽകൂടി രംഗമഞ്ചങ്ങളും നൃത്യശാലകളും എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു ഒരു കയ്യുംകണക്കുമില്ല. അവിടെയുള്ള അവരുടെ ഔദ്ധത്യപൂർണ്ണമായ നഗ്നനൃത്തങ്ങളും രാസവിലാസങ്ങളും കണ്ടിട്ട് ലജ്ജയ്ക്കുകൂടി ലജ്ജതോന്നുന്നുണ്ടാവും. നൃത്തം യൂറോപ്പിലെ ഒരു പ്രാചീന കലയാകുന്നു. എന്നാൽ ഇപ്പോഴാകട്ടെ അതൊരു കലയല്ല. മനുഷ്യത്വത്തിന്റെ ഉജ്വലനാമത്തെ വിനഷ്ടമാക്കുന്ന ഒരു ഭൂതമാകുന്നു. അവിടത്തെ ആചാരോപചാരങ്ങൾക്കു ഇതുമൂലം അത്യധികം ശക്തിമത്തായ ഒരു കഠാരാഘാതമാണു സംഭവിക്കുന്നതു്. അവിടെ ഇപ്പോൾ നീതി, സദാചാരം, ചാരിത്രം മുതലായവയെല്ലാംതന്നെ 'കിട്ടാവക'യായിത്തീർന്നിട്ടുണ്ട്. അവർ മാമൂലായിട്ടുതന്നെ മാംസം ഉപയോഗിക്കുന്നവരാണ്. ഇപ്പോൾ മദ്യങ്ങളുടെ പ്രചാരംകൂടി ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പിന്നെ അവരിൽ ആദ്ധ്യാത്മിക ഉന്നതിയുംമററും ഉണ്ടാകാത്തതിൽ ആശ്ചര്യപ്പെടുവാനുണ്ടോ? ഗതിവിധികളെല്ലാം ഇങ്ങനെതന്നെയിരിക്കുകയാണെങ്കിൽ യൂറോപ്പ് പഞ്ച'മ'കാരത്തിന്റെ നവലീലാക്ഷേത്രമായിത്തീരുമെന്നുള്ളതിനു സംശയലേശമില്ല.

### ദുർഗ്ഗുണങ്ങൾമൂലമുള്ള ദുഷ്പരിണാമം.

പ്രൗഢകളെ അപേക്ഷിച്ചു നവയുവതികളിലും ബാലികകളിലുമാണ് ഉച്ഛൃംഖലത്വം അധികപ്പെട്ടുകാണുന്നതു്. ഇവർക്കു നിത്യവും പുതിയപുതിയ ഹാസവിലാസങ്ങളും വേണം. ഭവനത്തിൽ ഒരുപക്ഷെ സൗകര്യമില്ലെങ്കിലും വെളിയിൽ യാതൊരു പ്രതിബന്ധവുമില്ല, ആരും തടസ്സപ്പെടുത്തുകയുമില്ല. അധാർമ്മികഭാവനാഹീനമായ സ്വച്ഛന്ദതയാണ് അവർക്കുള്ളതു്. ഇതാണു വാസ്തവത്തിൽ വലിയ കഷ്ടം! നവംനവങ്ങളായ പരിഷ്കാരങ്ങൾക്കുവേണ്ടി അവർ മാനവമര്യാദയെക്കൂടി പരിത്യജിക്കുന്നതിനു മടിക്കുന്നില്ല അവരുടെ ഡ്രസ്സുകളുടെ രീതിതന്നെ ആകപ്പാടെ ഇപ്പോൾ വ്യത്യാസപ്പെട്ടിരിക്കുന്നു. കാൽമുട്ടുമുതൽ തോളുവരെയുള്ള ഡ്രസ്സുകളാണു അവർ ധരിക്കുന്നതു് 'Half hidden beatuy'യിലുള്ള ഭ്രാന്തുമൂലം ഡ്രസ്സിലെ കഴുത്തിന്റെ വിസ്താരവുംമററും കൂടിക്കൂടി മഹാവൃത്തികടായിട്ടുണ്ട് യൂറോപ്പിലെ സാധുവൈദികന്മാരും മററും ഇപ്രകാരമുള്ള അനുചിതമായ പ്രവൃത്തികളെ സംബന്ധിച്ചു മുറവിളികൂട്ടുന്നുമുണ്ട്. പക്ഷെ അതെല്ലാം ആരാണുകേൾക്കുവാൻപോകുന്നതു്.

യൂറോപ്പിലെ ആധുനിക വനിതകൾഒരു ഭാഗംകൊണ്ടു മഹിമാശാലിനികളും സമുജ്വലകളും അനുകരണീയകളും ആണെങ്കിലും അവരുടെ മറുവശം കാലിമാമയമാകുന്നു അവരുടെ ഗുണഗണങ്ങൾ സാമ്രാജ്യസഞ്ചാലനത്തിനു സഹായകങ്ങളെന്നു സിദ്ധമായിട്ടുണ്ടെങ്കിൽ ദുർഗ്ഗുണങ്ങൾ സാമ്രാജ്യജഡത്തെ അതുപോലെതന്നെ പൊള്ളയാക്കുന്നുണ്ടെന്നുള്ളതും മനസ്സിലാക്കണം. യൂറോപ്പിലെ ചിന്തകന്മാർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം റോംസാമ്രാജ്യത്തെപ്പോലെ യൂറോപ്പാകമാനം നാശഗർത്തത്തിൽ പതിച്ചുപോകുവാനെളുപ്പമുണ്ട്.

## ഈ കോട്ട.

(എ. പി. പണിക്കർ; പടനായർകുളങ്ങര.)

(കേക)

I

വിത്രീകരമെങ്ങുമപ്രാപ്യമാണിക്കോട്ട-
ചിത്രമിശ്ശില്പിതന്റെ കല്പനാ വിവിധത്വം
പുത്തനല്ലനേകനാളത്രസാധുക്കളൊന്ന്
ചിത്തസങ്കടാപ്ലുതന്നുത്തമ നികേതനം
മാനവമാനദണ്ഡസർവഭണ്ഡാരമാണി-
ക്കാണ്മതു കാരിരുമ്പോ, കാളകൂടമോ, കഷ്ടം
ചെററുകാരുണ്യമേശാതന്ധതപൂലത്തു വാ-
നററുതാൻ ശ്രമംചെയ്തു സദ്ധർമ്മമാകെ നീക്കി
മൂഢചിത്തരാം ഭടരുന്മത്താനന്ദമിന്നും
പാടവപ്രദർശനം പാരമാചരിക്കുന്നു
ക്രോധമാംമരത്തിന്റെ കൊമ്പിലുല്ലസിക്കുമീ-
ക്രൂരമാമസൂയചേർന്നന്ധതയതുംസദാ
സാനന്ദമശിച്ചാത്മസന്തുഷ്ടികൈക്കൊണ്ടിട്ടും
മാനവപൈശാചികകർമ്മമുൽകൃഷ്ടമെന്നോ.
കഷ്ടമാഹന്തകഷ്ടം! കണ്ണിണമിഴിക്കുവാ-
നൊട്ടുമില്ലഭിരുചി ദുഷ്ടതദർശിക്കയോ

II

മാനവധർമ്മനിഷ്ഠാ മാർഗ്ഗദർശകം മുക്തി-
സ്ഥാനമാംതരുവിന്റെ പൂന്തളിരിളംതെന്നൽ
ആലോലമധുരമാമാത്മവിശ്രാന്തിചേർക്കു-
മീരമ്യരംഗമെത്ര നിർമ്മലം നിരുപമം
ഉന്നതസ്നേഹം, സത്യം, ധർമ്മ,മെന്നിവപാടി
സന്നദ്ധമാകുന്നിതാ പൂങ്കുയിൽ പ്രഭാതത്തിൽ
ശിഷ്ടാന്തഃകരണത്തിൽ സൽക്കർമ്മവിത്തുപാകി
പുഷ്ടഭാഗ്യയാം ഭൂമിക്കുത്തമഫലം നൽകാൻ
കോമളവാണിയാൽ നാം കോൾമയിരണിയിച്ചോ
കോളറിഞ്ഞുരുതന്ത്രമന്ത്രങ്ങളിവകൊണ്ടോ
കാകോളമെന്നോണമിക്കോൻമുമ്പിലമരുന്ന
കാറൊളിവിഞ്ചും ദുർഗ്ഗദുഃഖമങ്ങകററണം.

# നഗ്നജീവിതത്തിൻെറ ആകർഷകത്വം.

## അനുഭവസ്ഥൻെറ അഭിപ്രായം.

(വി എസ്സ് എസ്സ്. കണിയാർ)

"ഉയ്ടൻഗ്രാലി" ഒരുയുവാവും അവിവാഹിതനുമാണ്. ദിഗംബരജീവിതത്തിൽ അദ്ദേഹത്തിനനുഭവപ്പെട്ട സംഗതികൾ, ഒരു ഇംഗ്ലീഷുപത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നതു് വായനക്കാൎക്കു രസകരമായിരിക്കുമെന്നുകരുതി താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"എൻെറ ഒരുസ്നേഹിതൻ നഗ്നപ്രസ്ഥാനത്തിലെ ഒരാംഗമാണ്. അക്കാൎയ്യം വളരെനാൾ കഴിഞ്ഞതിനുശേഷമാണ് എനിക്കു മനസ്സിലായതു് എൻെറ വീട്ടിൽ യാദൃച്ഛികമായി മറന്നിട്ടേച്ചുപോയ ഒരു കത്തിൽനിന്നാണ് അദ്ദേഹത്തിൻെറ ദിഗംബരസ്നേഹം കണ്ടുപിടിക്കുവാൻ എനിക്കു കഴിഞ്ഞതു്. ഒരുദിവസം എന്നേക്കൂടി ദിഗംബരസംഘക്കാരുടെ സമ്മേളനസ്ഥലത്തു കൊണ്ടുപോകണമെന്നു ഞാൻ സ്നേഹിതനോടു നിർബന്ധിച്ചുപറഞ്ഞു. ആദ്യമാദ്യം സ്നേഹിതനൊന്നും മനസ്സിലാവുന്നില്ലെന്നു ഭാവിച്ചുവെങ്കിലും, ഒടുവിൽ എൻെറ നിർബന്ധത്തിനു വശംവദനാവുകതന്നെ ചെയ്തു. പക്ഷെ അവിവാഹിതന്മാരുടെ പ്രവേശമനുവദിക്കപ്പെടുന്നതല്ലെന്ന നിയമം വളരെ പ്രാബല്യത്തിലിരിക്കുന്നതുകൊണ്ടു ഏതെങ്കിലുമൊരു യുവതിയുമൊരുമിച്ചു ചെല്ലേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ഏതുയുവതിയെയാണു കൂട്ടിക്കൊണ്ടു പോകേണ്ടതെന്ന ചിന്ത എന്നെ വിഷാദകലുഷിതനാക്കി. ഞാനോ അവിവാഹിതൻ! എൻെറ പരിചയക്കാരികളായി നാലഞ്ചുപെണ്ണുങ്ങളുണ്ടു്. അവരിലാരെയെങ്കിലും കൂട്ടുപിടിച്ചുകളയാമെന്നുകരുതി, ടെലിഫോൺമാർഗ്ഗം ഒരുവളോടു ചോദിച്ചു, നഗ്നയായി എന്നോടൊരുമിച്ചു നഗ്നസംഘക്കാരുടെ സങ്കേതത്തിലേക്കുപോരുവാൻ സമ്മതമുണ്ടോ എന്നു്. 'നിങ്ങളുടെ ബുദ്ധിക്കുവല്ലകുഴപ്പവും നേരിട്ടിട്ടുണ്ടോ'? എന്നായിരുന്നു അവളുടെചോദ്യം. രണ്ടാമത്തവളുടെ മറുപടി, ഞാൻ കുറേനാൾ ഭ്രാന്താശുപത്രിയിൽ താമസിക്കുന്നതു് ഉത്തമമായിരിക്കുമെന്നുമാത്രം! മൂന്നാമത്തവൾ പറഞ്ഞു, നഗ്നപ്രസ്ഥാനക്കാരുടെ സങ്കേതത്തിൽ വരുവാൻ കൗതുകമുണ്ടെന്നും, പക്ഷെ വെറും നഗ്നയായ പ്പോരുവാൻ ലജ്ജ തന്നെ അനുവദിക്കുന്നില്ലെന്നുമായിരുന്നു- മറ്റൊരുവളുടെ മറുപടി എന്നെ അതിവ സന്തുഷ്ടനാക്കി. അവൾ പോരാമെന്നുതന്നെ സസന്തോഷം സമ്മതിച്ചു.

പിറേറദിവസം രാവിലെ ഞാനും എൻെറ സ്നേഹിതയും (അവളുടെപേർ തല്ക്കാലം പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. "മിക്കി" എന്നു സൗകൎയ്യത്തിനുവേണ്ടി വിളിക്കാം). യാത്രതിരിച്ചു. ഏതാനും സമയത്തിനകം സ്നേഹിതനും ഭാൎയ്യയും വന്നെത്തുകയും ഞങ്ങൾ നാലാളുമായി യാത്രതുടരുകയും, അചിരേണ വലിയ ഒരുകെട്ടിടത്തിൻെറ പുരോഭാഗത്തെത്തിച്ചേരുകയുംചെയ്തു.

എൻെറമിത്രം പറഞ്ഞു; സ്നേഹിതാ! ഇതാണ് ദിഗംബരസംഘസങ്കേതം-

വാസ്തവത്തിൽ ഞാൻ നടുങ്ങിപ്പോയി- ഞാൻവിചാരിച്ചതു്, ഞങ്ങൾക്കു വാതൽ തുറന്നുതരുവാൻ വരുന്നവൻ വെറുംനഗ്നനായിരിക്കുമെന്നാണ്. പക്ഷെ "നാണം മറച്ച"ഒരു യുവതിയായിരുന്നു ആ കൃത്യം നിൎവ്വഹിച്ചതു്. ഞങ്ങൾ നാലാളും അകത്തു പ്രവേശിക്കയും, വിശാലമായ ഒരുതളത്തിൽ എത്തി വിശ്രമിക്കയുംചെയ്തു. അനന്തരം ആ യുവതി, ദിഗംബരസംഘത്തിൻെറ ചട്ടങ്ങൾ അടങ്ങിയ അച്ചടിച്ച ഒരു ബുക്കു എൻെറ കൈവശം തരികയും, ആ ഉടമ്പടിയിൽ എന്നെക്കൊണ്ടു കയ്യൊപ്പിടുവിക്കയും ചെയ്തു. ഞാനും സ്നേഹിതനും മാത്രം ഒരറയിൽ വിശ്രമിക്കുവാനും, സ്ത്രീകൾ മറെറാരുമുറിയിൽപോയിരിക്കുവാനും ആ മാർഗ്ഗദർശക ഞങ്ങളെ ഏൎപ്പാടുചെയ്തു "നിങ്ങൾ വസ്ത്രങ്ങളെല്ലാമഴിച്ചുകളഞ്ഞു തെയ്യാറായി കൊള്ളുക സൂൎയ്യസ്നാനത്തിനു സമയമായാൽ ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നതാണെ"ന്നു അവൾ മുന്നറിവുതരികയും ഉണ്ടായി.

ഞാനും സ്നേഹിതനും വസ്ത്രങ്ങളെല്ലാമഴിച്ചുകളഞ്ഞു് സൂൎയ്യസ്നാനത്തിനു സന്നദ്ധരായി. പരമാൎത്ഥം പറയുകയാണെങ്കിൽ മറെറാരുവൻെറ മുമ്പിൽ നഗ്നനായിനില്ക്കുക എന്നഅവസ്ഥ എനിക്കോൎക്കുവാൻകൂടി വയ്യായിരുന്നു ഒരഞ്ചുമിനിട്ടുസമയത്തെ ലജ്ജ! പിന്നീടു ഞാൻ ധൈൎയ്യവാനായി. നാണമെല്ലാം പമ്പകടന്നു. ഏതാനും സമയം കഴിഞ്ഞപ്പോൾ മിക്കി നഗ്നയായിട്ടുതന്നെ ഞങ്ങളുടെ മുറിയിലേക്കു കയറിവന്നു. ഞങ്ങൾ രണ്ടാളും വെറും നഗ്നരായിട്ടുനില്ക്കുന്നതു കണ്ടപ്പോൾ, അവൾ വാതിൽക്കൽതന്നെ പകച്ചുനിന്നുപോയി എന്നാൽ അവളുടെകവിൾത്തടങ്ങളിലെ വൈവൎണ്ണ്യം നീണ്ടുനിന്നില്ല. ഞങ്ങൾ ഏതാനുംസമയം വിനോദസംഭാഷണാൎത്ഥം ചിലവഴിച്ചു. സമയംചെല്ലുംതോറും ദിഗംബരരായിട്ടാണ് വൎത്തിക്കുന്നതെന്ന തോന്നലേ ഞങ്ങളിൽനിന്നകന്നുതുടങ്ങി. ദേഹംമുഴുവനും വസ്ത്രം കൊണ്ടു മറച്ചിരിക്കുന്ന സ്ത്രീകളെ നഗ്നകളായിക്കാണുവാൻ ആശിക്കുന്നതു സഹജമാണെങ്കിലും, നഗ്നകളെ കുറേനേരം സൂക്ഷിച്ചു വീക്ഷിക്കുന്നപക്ഷം അവരെ മൃഗീയചിന്ത നശ്ശേഷം നശിച്ചുപോകുന്നതാണെന്നുള്ള വാസ്തവം അന്നാണുഞാൻ അനുഭവിച്ചറിഞ്ഞതു്-

സ്നേഹിതൻെറ കളത്രം ദിഗംബരസംഘത്തിലെ പഴയ അംഗമാകയാൽ അവരിൽ യാതൊരു സങ്കോചവും കാണപ്പെട്ടില്ല. ഞങ്ങൾ നാലാളും "പിറന്ന"വടിവിൽ കുറേനേരം വശ്രമിച്ചു

ആ ഗൃഹത്തിൻെറ നായികയാണ് അവിടത്തെ ദിഗംബരസംഘത്തിൻെറയും അദ്ധ്യക്ഷ. അവർ നഗ്നയായി ഞങ്ങളുടെ മുറിയലേക്കു കയറിവന്നു. അവരുടെ ഓരോ നഗ്നാവയവത്തേയും വാസ്തവത്തിൽ ഞാൻ തുറിച്ചുനോക്കിപ്പോയി. "ഓ! കുറേനേരം പഴകിയാൽ നഗ്നകളായ സ്ത്രീകളെ ഇങ്ങിനെ വിറയലോടെ സൂക്ഷിച്ചുനോക്കുന്ന സ്വഭാവം നിങ്ങളിൽനിന്നു നീങ്ങാതിരിക്കയില്ല- ഏതാനും ദിവസത്തേക്കു് എല്ലാസംഗതികളും നിങ്ങൾക്കു ആശ്ചൎയ്യകരങ്ങളായിത്തോന്നിയേക്കാം". എന്നഭിപ്രായപ്പെട്ടുകൊണ്ടു് അവരെ പിൻതുടൎന്നുചെല്ലുവാൻ ഗൃഹനായിക ഞങ്ങളോടാജ്ഞാപിച്ചു.

നീണ്ട ഒരു ഇടനാഴിയിൽകൂടി, വിശാലവും മനോഹരവുമായ ഒരറയിൽ ഞങ്ങൾ എത്തിച്ചേൎന്നു അവിടെ ഏതാനും മനോഹാരിണികളായ യുവതികൾ ദിഗംബരകളായി അടുപ്പിനരുകിലിരുന്നു തീകായുകയായിരുന്നു. അവരെല്ലാവരും തികഞ്ഞ സൗന്ദൎയ്യസമ്പന്നകളും, യൗവ്വനത്തിൽകിടന്നു പുളയ്ക്കുന്നവരുമാണെന്നഭിപ്രായപ്പെടാം. അവരെക്കാണുവാൻ പ്രാരംഭത്തിൽ ഞാനല്പം ലജ്ജിക്കാതിരുന്നില്ല. അവരോ, യാതൊരു ഭാവഭേദവുമില്ലാതെ, ഞങ്ങളോടു വിനോദ സംഭാഷണത്തിലേർപ്പെടുകയാണുണ്ടായതു.. നഗ്നകളാണെന്ന ചിന്തയേ അവരിൽ കാണപ്പെട്ടില്ല. ദിഗംബരനിലയിൽ അവരുടെ സൌന്ദൎയ്യം ശതഗുണീഭവിച്ചതായി എനിക്കു തോന്നി. വസ്ത്രാഭരണങ്ങൾ സൗന്ദൎയ്യത്തെ വർദ്ധിപ്പിക്കുവാൻ തെല്ലും പൎയ്യാപ്തമല്ലെന്നു വാസ്തവം നേരിൽ കണ്ടറിയുവാൻ സൗകൎയ്യമുണ്ടാക്കിത്തന്ന സ്നേഹിതനെ ഞാൻ ഹൃദയപൂൎവ്വം അഭിനന്ദിച്ചുപോയി. ദിഗംബരരായി ജീവിച്ചിരുന്ന മാനവസമുദായത്തെ, പരിഷ്കാരമെന്ന പേരുംപറഞ്ഞു അനാവശ്യകാൎയ്യങ്ങളിൽ ചാടിച്ച "നാഗരീകത"യെ ഞാൻ മനസാ ശപിക്കുകതന്നെ ചെയ്തു. നഗ്നകളായ യുവതികളെ നേരിൽ കണ്ടാൽ അവനിൽ മൃഗീയചിന്ത ഉദിച്ചുയരുന്നതാണെന്നുള്ള അഭിപ്രായത്തിനു യാതൊരടിസ്ഥാനവുമില്ലെന്നു് ഒരനുഭവസ്ഥൻെറ നിലയിൽ എനിക്കു പറയുവാൻകഴിയും യഥാൎത്ഥത്തിൽ ദിഗംബരസങ്കേതമെന്നാൽ, സദാചാരരഹിതകളായ സ്ത്രീകൾ ഒന്നുചേൎന്നു്, അവൎക്കുയോജ്യരായ പുരുഷന്മാരോടുകൂടി, യഥേഷ്ടം വിഹരിക്കുന്ന വേശ്യാലയത്തിൽനിന്നു ഭിന്നമല്ലെന്ന അഭിപ്രാ

യക്കാരനായിരുന്നു ഞാൻ. പക്ഷെ ആ അഭിപ്രായം അടിയോടെ തകർന്നുപോയി!

ഞാൻ ഒരു കാമുകനാണു്. സാധാരണ വസ്ത്രധാരികളായ യുവതികളുടെ വക്ഷോജകുംഭങ്ങളിൽ മിഴിച്ചുനോക്കാറുള്ള ഞാൻ, ശുദ്ധനഗ്നകളായി എന്റെമുന്നിൽ പ്രത്യക്ഷപ്പെട്ട യുവതീരത്നങ്ങളെ വികാരരഹിതനായിട്ടാണു് സന്ദർശിച്ചതെന്നു പറയുന്നതു് തികച്ചും വാസ്തവമാണു്. ആദ്യമാദ്യം വികാരശതഭരിതാന്തരംഗനായി, ഓരോ യുവതിയേയും പ്രത്യംഗം സൂക്ഷിച്ചുനോക്കിപ്പോയെന്നുള്ള വാസ്തവംകൂടി ഇവിടെ തുറന്നുസമ്മതിച്ചുകൊള്ളട്ടെ. അവിടെയുള്ള സകലരും വസ്ത്രരഹിതരായി, യാതൊരു ചേതോവികാരവും പ്രദർശിപ്പിക്കാതെ പെരുമാറിത്തുടങ്ങിയപ്പോൾ എന്റെ 'ഇളക്ക'വും എവിടെയോ പറന്നുപോയി.

അരമണിക്കൂറിനകം ഞങ്ങളെല്ലാവരും വലിയ ഒരു മൈതാനത്തെത്തിച്ചേർന്നു. അപ്പോൾ, ബാലാദിത്യന്റെ അരുണകിരണങ്ങൾ, ആ വിശാലമായ പുൽത്തകിടിയിൽ എങ്ങും സ്വച്ഛന്ദം വിഹരിച്ചുതുടങ്ങിയതേയുള്ളു. നഗ്നകളായ ആയിരം യുവതികൾ, അവരുടെ മറയ്ക്കാത്ത വക്ഷസ്സുകളിൽ വെയിലേല്പത്തക്കവിധം പുറകോട്ടു ഞെളിഞ്ഞുനില്ക്കുകയും, മറ്റൊരിടത്തു പന്താട്ടകയും ചെയ്തുകൊണ്ടിരുന്നു. പുതിയ സംഘാംഗങ്ങളായ ഞങ്ങളെ ആരും ഗൗനിച്ചില്ല; ഗൗനിച്ചവർ അത്ഭുതം പ്രദർശിപ്പിച്ചുമില്ല!

ഏതാനുംനിമിഷങ്ങൾക്കകം ഞാനും വ്യായാമത്തിലേർപ്പെട്ടു ഞങ്ങളുടെ നായിക അടുത്തുള്ള ഒരു മാളികമുകളിൽനിന്നുകൊണ്ടു് ഓരോ അഭ്യാസമുറകളും കാണിച്ചുതരികയായിരുന്നു. ഞാനും, കാലും മുതുകും പുറകോട്ടാക്കി, ശരീരം വളച്ചുനോക്കി. പക്ഷെ എനിക്കതു സാദ്ധ്യമായില്ല. "മററുള്ള യുവതികൾ കാണിക്കുന്നതു നോക്കി, അപ്രകാരം ചെയ്യണം സർ!" എന്നു നായിക ആജ്ഞാപിച്ചു. എന്റെ സമീപത്തിൽ നിന്നിരുന്ന ഒരു യുവതി ശരീരവും കാലും പിന്നിലാക്കി, അരക്കെട്ടിനെ മുന്നോട്ടുനീട്ടി, യാതൊരു ബുദ്ധിമുട്ടും കൂടാതെ അഭ്യാസങ്ങൾ പലതും കാണിച്ചു. സ്ത്രീകൾ നിഷ്പ്രയാസം കാണിക്കുന്ന അഭ്യാസങ്ങൾക്കായി ഞാൻ വൃഥാ ശ്രമിച്ചുനോക്കി. സ്വേദബിന്ദുക്കളെ തുടച്ചുകളയുവാൻ, ടൗവ്വലനുവേണ്ടി ഒന്നുരണ്ടുതവണ പാക്കററിന്റെ സ്ഥാനത്തു കയ്യെത്തിച്ചുനോക്കിയ എന്റെ വിഡ്ഢിത്വത്തിൽ ആരും ശ്രദ്ധിച്ചില്ല. ഞങ്ങൾ പിന്നീടു ഭക്ഷണശാലയിൽ പ്രവേശിക്കയും, വളരെ രുചിയോടെ ധാരാളം ഭക്ഷിക്കുകയും ചെയ്തു. പിന്നീടു വസ്ത്രം ധരിച്ചു എല്ലാവരും അവരവരുടെ അറകളിലേക്കു പോയി.

എന്നോടൊരുമിച്ചുവന്ന സ്ത്രീ വാതിൽ ബലമായി ബന്ധിച്ചശേഷമാണത്രെ ഉറങ്ങിയതു്. നഗ്നയായി കിടന്നുറങ്ങുന്നതു മററാരും കാണാതിരിക്കുവാൻ വേണ്ടി അപ്രകാരം പ്രവർത്തിച്ചതാണെന്നു അവൾ പിന്നീടു പറഞ്ഞറിഞ്ഞു.

അന്നു രാവിലെ ഞാൻ നഗ്നനായി നിന്നു മുഖക്ഷൗരം ചെയ്യുമ്പോൾ ആരോ കതകിന്മുട്ടി വിളിച്ചു. നഗ്നനാകയാൽ കതകുതുറക്കുവാൻ പ്രയാസമാണെന്നു ഞാൻ മറുപടി കൊടുത്തു. പക്ഷെ ഭയപ്പെടാനില്ലെന്നു പറഞ്ഞുകൊണ്ടു ദിഗംബരയായ നായിക അകത്തേക്കു കയറിവന്നു.

രണ്ടുദിവസത്തെ താമസത്തിനുശേഷം ഞാൻ മടങ്ങിപ്പോന്നു. അഭ്യാസവും ദിഗംബരജീവിതവും ആരോഗ്യത്തിനു ഏററവും യോജിച്ചവയാണെന്നു അനുഭവം എന്നെ ബോദ്ധ്യപ്പെടുത്തി. ഇപ്പോൾ ദിഗംബരകളായി, നദികളിൽ സ്നാനംചെയ്യുന്ന യുവതികളെ എത്തിനോക്കുന്ന ദുഃസ്വഭാവം എന്നിൽനിന്നു തീരെ വിട്ടകന്നിട്ടുണ്ടെന്ന വാസ്തവം ചാരിതാർത്ഥ്യസമേതം പ്രസ്താവിച്ചുകൊള്ളട്ടെ

---


## വിഷവൈദ്യതരംഗിണി.

ഭിഷഗ്വരന്മാരും വൈദ്യന്മാരും എന്നുമാത്രമല്ല സകലരും വായിച്ചു പഠിച്ചിരിക്കേണ്ട ഒരു വിശിഷ്ടഗ്രന്ഥം. വില അണ 8

## ദേവാലയാചാരനാഡീപരീക്ഷ

അഥവാ

## ക്ഷേത്രപ്രവേശവാദം.

പി. കെ. നാരായണപിള്ള ബി. എ ബി. എൽ

ഒന്നാംതരം 6 ണ. രണ്ടാംതരം 4 ണ.

'ശ്രീരാമവിലാസം' പ്രസ്സ്, കൊല്ലം.

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

## CHAIRMAN:- K. C. PANDALA B. Sc. (LOND.)

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M.A.**
**MANAGER ALLEPPEY.**

or to the

**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS**

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യാഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേൎന്നതിനു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവൎണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരഗ്ലിണി മുഴകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടെലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതീകാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാൎയ്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ സാൎവ്വഭൗമനായിത്തീൎന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ

| | | | |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാൎത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവൎണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിൎമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ—കൊല്ലം.

# THE MALAYALA RAJYAM

25th MARCH 1935. **CHITRAVARIKA.** Vol. VII No 29


# ഉത്തരവാദിത്വമുള്ള ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

**അശോകാരിഷ്ടം:**—ആർത്തവസംബന്ധമായി സ്ത്രീകൾക്കുണ്ടാകുന്ന എല്ലാവക രോഗങ്ങൾക്കും വിശിഷ്യ, രക്തസ്രാവം, യോനിസ്രാവം എന്നിവകൾക്കു ഇതിനോളം ശ്രേഷ്ഠമായി യാതൊരൌഷധവും ഉണ്ടായിട്ടില്ലെന്നുള്ളതു നിസ്തൎക്കമാകുന്നു. അർശ്ശസ്സ്, ശോഫം, അരുചി എന്നിവകളെക്കൂടി സമാഹരിക്കുവാൻ ശക്തിമത്തായ ഈ വിശിഷ്ടൌഷധം സ്ത്രീലോകത്തിന് വിലതീരാത്ത ഒരനുഗ്രഹമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം. 24 ഔൺസു കുപ്പി 1-ക്കു വില 2 ക - ണ.

**ഉശീരാസവം:**—രക്തപിത്തത്തിന്റെ ഏതു ഭയങ്കരാവസ്ഥയിലും ഉപയോഗിക്കുവാനും ഉപയോഗമാത്രയിൽതന്നെ സദ്യഃഫലം നൽകുവാനും ഇതിനുശരി മറ്റൊരൌഷധവുമില്ല. രോമകൂപങ്ങളിൽക്കൂടിയും മൂത്രമാർഗ്ഗത്തിൽക്കൂടിയും രക്തം പോകുന്നതിനെ ഇതു ക്ഷണത്തിൽ മാറ്റും. കൂടാതെ, കൃമിദോഷങ്ങൾ, രക്താധിക്യമുള്ള മൂലക്കുരു, ചുട്ടുനീറൽ ഇവകളേയും ആശ്വാസപ്പെടുത്തും. പാണ്ഡു, കുഷ്ഠം, പ്രമേഹം, കൃമിദോഷങ്ങൾ, നീരു് എന്നിവകളിൽ ഈ ദിവ്യൌഷധം എത്രത്തോളം ആശ്വാസപ്രദമാണെന്ന് ഒരിക്കൽ ഉപയോഗിച്ചുനോക്കുന്നവൎക്കു അനുഭവൈകവേദ്യമായിത്തീരും. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനുമുമ്പ് സേവിക്കണം. 24 ഔൺസു കുപ്പി 1-ക്കു 2 ക 8 ണ.

**കനകാസവം:**—കാസശ്വാസം, ക്ഷയരോഗം എന്നിവകളിൽ ഈ ഔഷധം ചെയ്യുന്ന ശക്തിമത്തായ ആശ്വാസം സുപ്രസിദ്ധമാകുന്നു. അരമുതൽ ഒരൌൺസുവരെ രാവിലേയും വൈകുന്നേരവും ഭക്ഷണത്തിനു മുൻപു സേവിക്കണം. എത്ര വിഷമകരമായ കഫക്കെട്ടിനേയും ഇതു ക്ഷണത്തിൽ തീൎക്കുന്നതാണു്. 24 ഔൺസു കുപ്പി 1-ക്കു വില 2 ക 8 ണ

**പിപ്പല്യാസവം:** - ക്ഷയരോഗങ്ങളിൽ അതിശയനീയമായ ഫലത്തെ ചെയ്യുന്ന ഒരു പ്രസിദ്ധ സിദ്ധൌഷധമാണിതു്. മാത്രമല്ല, ഗുന്മൻ, ഗ്രഹണി, പാണ്ഡു, അഗ്നിമാന്ദ്യം, അർശോരോഗങ്ങൾ എന്നിവകളിലും ഇതു് അത്യുത്തമമാകുന്നു. മഹോദരത്തിനും ഇതു ഫലപ്രദമാണെന്നു പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണു്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം. കുപ്പി 1-ക്കു 2 ക 8 ണ.

**ദന്ത്യരിഷ്ടം:**—മൂലക്കുരു, മലബന്ധം, ഗ്രഹണി, പാണ്ഡുരോഗം, മഹോദരം ഇവകളെ ശമിപ്പിക്കുകയും അഗ്നിബലത്തെ വൎദ്ധിപ്പിക്കുകയും അരോചകത്തെ നശിപ്പിക്കുകയും ചെയ്യും. നിത്യശോധനയ്ക്കും ഇതു ബഹു വിശേഷമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കാം. 24 ഔൺസു കുപ്പി 1-ക്കു 2 ക.

**പുനൎന്നവാസവം:**—വീക്കം, മഹോദരം, പ്ലീഹ, വീപ്പു്, അമ്ലപിത്തം, യകൃദ്രോഹം, ഗുന്മം, ജ്വരം എന്നീ സകല ഭയങ്കരരോഗങ്ങളിലും ഒന്നുപോലെ ആശ്വാസപ്രദമായ ഒരൊന്നാംതരം സിദ്ധൌഷധമാണിതു്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനു മുൻപു സേവിക്കണം. 24 ഔൺസു കുപ്പി 1-ക്കു വില 2 ക 12 ണ.

**ലക്ഷ്മീവിലാസലേഹ്യം:** - ക്ഷയരോഗത്തേയും അതു വരുത്തിക്കൂട്ടുന്ന അനൎത്ഥങ്ങളേയും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. രോഗസാമ്രാട്ടായ ക്ഷയം എത്ര ബലിഷ്ഠശരീരത്തേയും ക്ഷണകാലത്തിനുള്ളിൽ ക്ഷീണിപ്പിച്ച് അസഹ്യമായ ചുമയ്ക്കും കഫക്കെട്ടിനും അമിതമായ ആലസ്യത്തിനും വിധേയമാക്കി ജീവനെത്തന്നെ സമാഹരിച്ചുകളയുന്നു. എത്ര ഭയങ്കരമായ ക്ഷയരോഗത്തേയും സമൂലം നശിപ്പിച്ചു വിജയകരമായ ആശ്വാസത്തെ ജനസാമാന്യത്തിനു നൽകുവാൻ പൎയ്യാപ്തമായ ഒരു പുരാതനയോഗത്തെ അനവധി നിരീക്ഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ഫലമായി കണ്ടുപിടിച്ചു പ്രയോഗിച്ചു പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരു ദിവ്യൌഷധമാണു് 'ലക്ഷ്മീവിലാസലേഹ്യം.' ക്ഷയരോഗികൾ തങ്ങളുടെ വിലയേറിയ ജീവിതത്തേയും ധനത്തേയും നശിപ്പിക്കാതെ ഈ ശ്രേഷ്ഠൌഷധം വരുത്തി സേവിക്കുവിൻ! വിശിഷ്യ, എത്ര ക്ഷീണശരീരികളേയും മന്ദബുദ്ധികളേയും ഇതു് അതിശയനീയമാംവിധം ആശ്വസിപ്പിക്കുന്നതാണു്. ഓരോ ഉരുപ്പികത്തുക്കം ആഹാരത്തിനു മുൻപു സേവിച്ചു പാലോ ഇലവിൻവേരിട്ടുവച്ച കഷായമോ അനുപാനമായുപയോഗിക്കുക. റാത്തൽ 1-ക്കു 4 ക.

**ശാരിബാസവം:**—പ്രമേഹത്തിൽ ഇത്ര മഹത്തായ മറ്റൊരൌഷധവും ആയുർവ്വേദം വിധിച്ചിട്ടില്ല. 18 വിധങ്ങളായ പ്രമേഹങ്ങളേയും പ്രമേഹപ്പിടകകളേയും തജ്ജന്യങ്ങളായ ഇതരരോഗങ്ങളേയും ഇതു ക്ഷണത്തിൽ ആട്ടി ഓടിക്കുന്നു. അര ഔൺസുമുതൽ ഒരൌൺസുവരെ രണ്ടു നേരവും സേവിക്കാം. 24 ഔൺസു കുപ്പി 1-ക്കു വില 2 ക 8 ണ.

അമൃതസഞ്ജീവനി ആയുർവ്വേദ ഔഷധാലയം കൊല്ലം (തിരുവിതാംകൂർ.)

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.